32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 15, 2024 | Vol. XXXII No. 11 | Periodicals Postage Paid

4 ബംഗാളിൽ തൃണമൂൽ ഒറ്റയ്ക്ക് മത്സരിക്കും
8 വന്യജീവി ആക്രമണം സംസ്ഥാന ദുരന്തം
10 ഇന്ത്യയിലെ ആദ്യത്തെ അണ്ടർവാട്ടർ മെട്രോ
11 പദ്മജ ബിജെപിയിൽ ചേർന്നു
15 ക്നാനായ സംഗമം – 2024 ഡാളസിൽ

## തെരഞ്ഞെടുപ്പു കമ്മീഷണർ അരുൺ ഗോയൽ രാജിവെച്ചു

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ, തെരഞ്ഞെടുപ്പു കമ്മീഷണർ അരുൺ ഗോയൽ രാജിവെച്ചു. രാഷ്ട്രപതി രാജി സ്വീകരിച്ചു. മൂന്നംഗ കമ്മീഷനിൽ



മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാർ മാത്രമാണു ശേഷിക്കുന്നത്. മറ്റൊരു കമ്മീഷണർ അനൂപ് ചന്ദ്ര പാണ്ഡെ കഴിഞ്ഞ മാസം വിരമിച്ചിരുന്നു.

ഈയിടെ കേന്ദ്ര ആഭ്യന്തര, റെയിൽവേ മന്ത്രാലയങ്ങളുമായി രാജീവ് കുമാറും അരുൺ ഗോയലും തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ ചർച്ച ചെയ്തിരുന്നു. തെരഞ്ഞെടുപ്പ് അടുത്ത വേളയിൽ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ മാത്രം അവശേഷിക്കുന്നത് ആശങ്കാജനകമാണെന്നു തൃണമൂൽ കോൺഗ്രസിന്റെ രാജ്യസഭാംഗം സാകേത് ഗോഖലെ പറഞ്ഞു. മോദിയും അദ്ദേഹത്തിന്റെ മന്ത്രിയും ചേർന്ന് അവർക്കിഷ്ടമുള്ള രണ്ടു പേരെ കമ്മീഷണർമാരായി നിയമിക്കുമെന്നത് തെരഞ്ഞെടുപ്പു നടത്തിപ്പിനെക്കുറിച്ച് ഏറെ ആശങ്കയുണ്ടാക്കുന്നുവെന്നും പറഞ്ഞു.

(ശേഷം 24-ാം പേജിൽ)

### എസ്ബിഐക്കു തിരിച്ചടി
## തെരഞ്ഞെടുപ്പ് കടപ്പത്രം: ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: തെരഞ്ഞെടുപ്പു കടപ്പത്രം വഴി 2019 മുതൽ രാഷ്ട്രീയ പാർട്ടികൾക്കു ലഭിച്ച സംഭാവനയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്താൻ സാവകാശം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ എസ്ബിഐയെ കുടഞ്ഞ് സുപ്രീംകോടതി.

'ഇലക്ടറൽ ബോണ്ടിനെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് വിധി വന്നിട്ട് 26 ദിവസമായി, ഇത്രയും ദിവസങ്ങൾ നിങ്ങൾ എന്തു ചെയ്യുകയായിരുന്നു?'- എസ്ബിഐയോട് കടുപ്പിച്ച് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ചോദിച്ച വാക്കുകളാണിത്.

മാർച്ച് ആറിന് പ്രസ്താവിച്ച വിധിയിൽ, ഒരു മാസത്തോളമായിട്ടും കടപത്രങ്ങൾ വാങ്ങിയവരുടെയും നൽകിയവരുടെയുമെല്ലാം വിവരങ്ങൾ കോടതിക്ക് കൈമാറാൻ എസ്ബിഐ തയാറായില്ല എന്നതായിരുന്നു കോടതിയെ ചൊടിപ്പിച്ചത്.

അതുകൊണ്ടുതന്നെ 23 ശതമാനം വിപണിപങ്കാളിത്തമുള്ള, ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കിന്റെ ആവശ്യങ്ങളെല്ലാം നിരാകരിച്ച് മാർച്ച് 12-നുതന്നെ വിവരങ്ങൾ കൈമാറണമെന്ന ശക്തമായ താക്കീതും ഇന്ത്യയുടെ പരമോന്നത കോടതി നൽകി. അത് പാലിച്ചില്ലെങ്കിൽ കോടതിയലക്ഷ്യ നടപടികൾ നേരിടാൻ തയാറായിക്കോളൂ എന്ന മുന്നറിയിപ്പും നൽകി. എസ്ബിഐയ്ക്കുള്ള മുന്നറിയിപ്പാണ് കോടതി നൽകിയതെങ്കിലും അതിൽ യഥാർഥത്തിൽ തിരിച്ചടി നേരിടുന്നത് ബിജെപിയാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്.

(ശേഷം 24-ാം പേജിൽ)

## ഓസ്കർ അവാർഡുകൾ പ്രഖ്യാപിച്ചു

ഹോളിവുഡ്: 96-ാം ഓസ്കർ അവാർഡുകൾ പ്രഖ്യാപിച്ചു. ക്രിസ്റ്റഫർ നോളൻ സംവിധാനം ചെയ്ത ഓപ്പ

മാക്കി ക്രിസ്റ്റഫർ നോളൻ സംവിധാനം ചെയ്ത ദൃശ്യകാവ്യമാണ് ഓപ്പൻഹൈമർ.



ക്രിസ്റ്റഫർ നോളൻ, ഡാവിൻ ജോയ് റാൻഡോൾഫ്, എമ്മ സ്റ്റോൺ, കിലിയൻ മർഫി

ൻഹൈമർ ഏഴ് അവാർഡുകൾ സ്വന്തമാക്കി പുരസ്കാരവേദിയിൽ തിളങ്ങി. ആറ്റംബോംബിന്റെ പിതാവ് ജെ. ഓപ്പൻഹൈമറുടെ ജീവിതം ഇതിവൃത്ത

ഓപ്പൻഹൈമറിലെ അഭിനയമികവിന് കിലിയൻ മർഫി മികച്ച നടനുള്ള ഓസ്കർ സ്വന്തമാക്കിയപ്പോൾ ക്രിസ്റ്റഫർ നോളൻ

(ശേഷം 24-ാം പേജിൽ)

## വന്യജീവി ആക്രമണം: കൈകോർത്ത് കേരളവും കർണാടകവും തമിഴ്നാടും

ബംഗളൂരു: വന്യജീവി ആക്രമണം തടയുന്നതിനുള്ള പരസ്പരസഹകരണത്തിനു കേരളവും കർണാടകയും തമിഴ്നാടും തീരുമാനിച്ചു.

വനംമന്ത്രി എ.കെ. ശശീന്ദ്രന്റെയും കർണാടക വനംമന്ത്രി ഈശ്വർ ഖണ്ഡ്രെയുടെയും അധ്യക്ഷതയിൽ ബന്ദിപ്പുരിൽ ചേർന്ന വനംവകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് തീരുമാനം.

വന്യജീവി ശല്യം തടയുന്നതിന് മൂന്നു സംസ്ഥാനങ്ങൾക്കുമായി പ്രത്യേക നടപടിക്രമം (എസ്.ഒ.പി.) രൂപീകരിക്കാനും തീരുമാനമായി. മനുഷ്യനും വന്യമൃഗങ്ങളും തമ്മിൽ സംഘർഷം ഉണ്ടാകുന്ന മേഖല അടയാളപ്പെടുത്തുക, സംഘർഷത്തിനുള്ള കാരണങ്ങൾ പരിശോധിക്കുക, വിവരങ്ങൾ വേഗത്തിൽ കൈമാറുക, കഴിയുന്നത്ര വേഗത്തിൽ ഇടപെടുക എന്നിവയാണു മുഖ്യലക്ഷ്യങ്ങൾ. വനംകൊള്ള, വന്യമൃഗവേട്ട എന്നിവ തടയുന്നതിനും സഹകരിക്കും.


(ശേഷം 24-ാം പേജിൽ)

## കേരളത്തിലെ സീറ്റുകളിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ സ്ഥാനാർത്ഥിപ്പട്ടികയിൽ അപ്രതീക്ഷിത മാറ്റങ്ങൾ വരുത്തി കോൺഗ്രസ് നേതൃത്വം. പറഞ്ഞുകേട്ട പേരുകളിലും മണ്ഡലങ്ങളിലും ചില മാറ്റങ്ങൾ വരുത്തിയാണ് കേരളത്തിൽ സർപ്രൈസ് സ്ഥാനാർത്ഥിപ്പട്ടിക പുറത്തുവി



ശശി തരൂർ




കെ.സി. വേണുഗോപാൽ



കെ. മുരളീധരൻ



ഷാഫി പറമ്പിൽ



രാഹുൽ ഗാന്ധി



കെ. സുധാകരൻ

ട്ടിരിക്കുന്നത്. സ്ഥാനാർത്ഥിപ്പട്ടികയ്ക്ക് അന്തിമരൂപം നൽകാൻ ഡൽഹിയിൽ കെ. സി. വേണുഗോപാൽ എം.പിയുടെ വസതിയിൽ ചേർന്ന യോഗത്തിൽ വി.ഡി. സതീശൻ, രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുത്തു. സ്ഥാനാർഥിത്വം ഔദ്യോഗികമായി പ്രഖ്യാപിക്കാത്തതിനാൽ കോൺഗ്രസിന്റെ സിറ്റിങ് എം.പിമാർ ഒച്ചപ്പാടില്ലാതെ വോട്ടു തേടുന്ന രീതിയിലാണു പിന്തുടർന്നത്. അവരും കളത്തിലിറങ്ങി.

കേരളത്തിലെ 16 സീറ്റുകളിലേയും സ്ഥാനാർത്ഥികളെ കോൺഗ്രസ് പ്രഖ്യാപിച്ചു. രാഹുൽ ഗാന്ധി വയനാട്ടിലും കെ.സി. വേണുഗോപാൽ ആലപ്പുഴയിലും കെ. മുരളീധരൻ തൃശൂരിലും കെ. സുധാകരൻ കണ്ണൂരിലും ഷാഫി പറമ്പിൽ വടകരയിലും മത്സരിക്കും. തൃശൂർ എം.പി. ടി.എൻ. പ്രതാപൻ ഒഴികെ കേരളത്തിലെ സിറ്റിംഗ് എം.പിമാർക്കെല്ലാം വീണ്ടും സീറ്റ് നൽകി. നിയമസഭാ തെരഞ്ഞെടുപ്പിൽ സീറ്റ് അടക്കം പ്രതാപന് പാർട്ടി പ്രത്യേക പരിഗണന പിന്നീട് നൽകും.

(ശേഷം 24-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA







Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters
  Home Visits Available
- Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

# ബംഗാളിൽ തൃണമൂൽ ഒറ്റയ്ക്ക് മത്സരിക്കും

കൊൽക്കത്ത: മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം യൂസഫ് പഠാൻ ഉൾപ്പെടെ ബംഗാളിലെ 42 സീറ്റുകളിലെ സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ച് തൃണമൂൽ കോൺഗ്രസ്. ഏഴ് സിറ്റിങ് എംപിമാരെ ഒഴിവാക്കി 16 പേരെ നിലനിർത്തി. രണ്ട് മന്ത്രിമാർ ഉൾപ്പെടെ ഒമ്പത് എംഎൽഎമാർ ലോക്സഭയിലേക്ക് മത്സരിക്കും. കൊൽക്കത്തയിൽ നടന്ന റാലിയിൽ മുഖ്യമന്ത്രി മമതാ ബാനർജി സ്ഥാനാർത്ഥിപ്രഖ്യാപനം നടത്തി.



ലോക്സഭയിലെ കോൺഗ്രസ് കക്ഷിനേതാവ് അധീർ രഞ്ജൻ ചൗധരിയുടെ മണ്ഡലമായ ബഹ്റാംപൂരിലാണ് യൂസഫ് പഠാൻ മത്സരിക്കുക. അഞ്ചു തവണ തുടർച്ചയായി ചൗധരി വിജയിച്ച മണ്ഡലമാണ് ബഹ്റാംപൂർ. ഇന്ത്യൻ ക്രിക്കറ്റിലെ അഗ്രസീവ് ഓൾറൗണ്ടറായിരുന്ന യൂസഫ് പഠാൻ മാത്രമാണ് ബംഗാളിനു പുറത്തുനിന്നുള്ള സ്ഥാനാർത്ഥി. ഗുജറാത്തിലെ ബറോഡയിൽ ജനിച്ച പഠാൻ ഏറെക്കാലം കൊൽക്കത്ത നൈറ്റ്റൈഡേഴ്സിന്റെ താരമായിരുന്നു. 2022-ൽ അസൻസോൾ ഉപതെരഞ്ഞെടുപ്പിലൂടെ ലോക്സഭയിലെത്തിയ ശത്രുഘ്നൻ സിൻഹയ്ക്ക് അതേ സീറ്റ് നല്കി. ബസിർഘട്ടിൽ ഹാജു നൂറുൽ ഇസ്ലാമിനെ മാറ്റി നടി നുസ്രത് ജഹാനെ സ്ഥാനാർത്ഥിയാക്കി. ബിജെപിയിൽ നിന്ന് തൃണമൂലിലെത്തിയ അർജുൻ സിംഗിന് ഇത്തവണ സീറ്റില്ല. ലോക്സഭയിലേക്ക് സീറ്റ് നിഷേധിക്കപ്പെട്ടവരെ നിയമസഭയിലേക്ക് പരിഗണിക്കുമെന്നു മമത ബാനർജി പറഞ്ഞു.

ലോക്സഭയിൽ നിന്നു പുറത്താക്കപ്പെട്ട മഹുവ മൊയ്ത്രയ്ക്ക് കൃഷ്ണനഗർ സീറ്റ് നല്കി. മുൻ ക്രിക്കറ്റ്താരം കീർത്തി ആസാദ് ബർധമാൻ-ദുർഗാപൂർ മണ്ഡലത്തിൽ ജനവിധി തേടും. 2019-ൽ ബിജെപി വിജയിച്ച മണ്ഡലമാണിത്.

മമതാ ബാനർജിയുടെ സഹോദരന്റെ മകനും പാർട്ടിയിലെ രണ്ടാമനുമായ അഭിഷേക് ബാനർജി ഡയമണ്ട് ബാർബറിൽ നിന്നു വീണ്ടും ജനവിധി തേടും. പരിചയസമ്പന്നരെയും പുതുമുഖങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്നതാണ് തൃണമൂൽ സ്ഥാനാർത്ഥിപ്പട്ടിക.

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സൽക്കാര ചെലവ് 66.13 ലക്ഷം

തിരുവനന്തപുരം: മുഖ്യമന്ത്രിയും മന്ത്രിമാരും ഒരുക്കുന്ന സൽക്കാരത്തിന്റെ ചെലവ് കുത്തനെ കൂടി. ബജറ്റിൽ നീക്കിവെച്ച തുകയും കടന്ന് സൽക്കാരച്ചെലവ് 66.13 ലക്ഷമായി ഉയർന്നു.

മന്ത്രിസഭയുടെ അടുപ്പക്കാർക്കും പൗരപ്രമുഖർക്കും ഏറ്റവും കൂടുതൽ സൽക്കാരം ഒരുക്കിയ മന്ത്രിസഭയെന്ന റിക്കാർഡിലേക്ക് കുതിക്കുകയാണ് രണ്ടാം പിണറായി സർക്കാർ. കഴിഞ്ഞ ആറിന് 21.13 ലക്ഷം രൂപയാണ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സൽക്കാരത്തിനുള്ള അധിക ഫണ്ടായി ധനവകുപ്പ് അനുവദിച്ചത്.

ട്രഷറി നിയന്ത്രണത്തിൽ ഇളവു വരുത്തിയാണ് തുക അനുവദിച്ചത്. 45 ലക്ഷം രൂപ സൽക്കാരത്തിനായി ബജറ്റ് വിഹിതം ഉണ്ടായിരുന്നു. ഇത് തീർന്നതോടെയാണ് അധിക ഫണ്ട് ആവശ്യപ്പെട്ടത്. പല മന്ത്രിമാരുടെയും ഭക്ഷണബിൽ തുക ലക്ഷങ്ങളായി ഉയർന്നതോടെയാണ് 21.13 ലക്ഷംകൂടി അധിക ഫണ്ടായി അനുവദിച്ചത്.

മുഖ്യമന്ത്രിയും മന്ത്രിമാരും സെക്രട്ടേറിയറ്റിലുള്ളത് ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമാണ്. അധിക ഫണ്ട് അനുവദിച്ചതോടെയാണ് ഈ സാമ്പത്തിക വർഷത്തെ സൽക്കാരച്ചെലവ് 66.13 ലക്ഷമായത്. 2022-23-ൽ 44,32,671 രൂപയായിരുന്നു സൽക്കാരത്തിനു ചെലവിട്ടത്.

## പ്രചാരണത്തിന് ആളുകുറഞ്ഞു; ക്ഷോഭിച്ച് സുരേഷ് ഗോപി

തൃശൂർ: തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ആളുകുറഞ്ഞതിൽ ബി.ജെ.പി. പ്രവർത്തകരോട് ക്ഷോഭിച്ച് സുരേഷ് ഗോപി. ശാസ്താംപൂവം ആദിവാസി കോളനിയിലെ സന്ദർശനത്തിനിടെയായിരുന്നു സുരേഷ് ഗോപിയുടെ രോഷം. വാഹനത്തിൽ നിന്നിറങ്ങാതെ സ്ത്രീകൾ ഉൾപ്പെടെയുള്ള പ്രവർത്തകരോട് ദേഷ്യപ്പെട്ടു.



പറഞ്ഞതിങ്ങനെ: "എനിക്ക് വോട്ടു കിട്ടാനുള്ള ശ്രമങ്ങൾ നടത്തിയേപറ്റൂ. നിങ്ങൾ ആരും ഇതിനു വേണ്ടിയല്ല പ്രവർത്തിക്കുന്നത്. കാര്യങ്ങൾ ഭയങ്കര കഷ്ടമാണ്. എന്താണ് ബൂത്ത് പ്രസിഡണ്ടിന്റെ ജോലി. ആളില്ലാത്ത സ്ഥലത്തേക്ക് എന്നെ എന്തിനു കൊണ്ടുവന്നു. വോട്ട് വാങ്ങിത്തരാനാണെങ്കിൽ വോട്ടുചെയ്യുന്ന പൗരനെക്കണ്ട് പ്രവർത്തിക്കണം. നിങ്ങൾ സഹായിച്ചില്ലെങ്കിൽ നാളെത്തന്നെ ഞാൻ തിരുവനന്തപുരത്തേക്ക് പോകും. ഈ രീതിയിലാണ് പ്രവർത്തനമെങ്കിൽ തിരുവനന്തപുരത്തേക് പോയി രാജീവ് ചന്ദ്രശേഖറിനുവേണ്ടി പ്രവർത്തിക്കും."

തെരഞ്ഞെടുപ്പ് സന്ദർശനത്തിനിടെ ആളുകൾ കുറഞ്ഞതും വോട്ടർപട്ടികയിൽ പ്രവർത്തകരുടെ പേര് ചേർക്കാത്തതുമാണ് പ്രകോപനത്തിനിടയാക്കിയത്. സ്ത്രീകൾ അടക്കമുള്ളവർ സുരേഷ്ഗോപിയെ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും വഴങ്ങിയില്ല. കാറിലിരുന്ന് ദേഷ്യപ്പെട്ട സുരേഷ് ഗോപി സീറ്റുബൽറ്റ് ഉറപ്പിച്ചു പോകാൻ ശ്രമിക്കുന്നുമുണ്ട്.

## കേന്ദ്രവുമായുള്ള ചർച്ച പരാജയം; കേരളത്തിന് അധികവായ്പയില്ല

ന്യൂഡൽഹി: അധിക കടമെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായി കേരള സർക്കാർ നടത്തിയ ചർച്ച പരാജയം. കേരളം അധികമായി ചോദിച്ച തുക നൽകാനാകില്ലെന്നു കേന്ദ്രസർക്കാർ വ്യക്തമാക്കി. കടമെടുപ്പ് പരിധി ഉയർത്തില്ലെന്നു കേന്ദ്രം അറിയിച്ചതായി ചീഫ് സെക്രട്ടറി വി. വേണു പറഞ്ഞു. ഇതോടെ കേരളത്തിന് അർഹതയുണ്ടെന്നു കേന്ദ്രം അംഗീകരിച്ച തുക മാത്രമാണു ലഭിക്കുക. വായ്പാപരിധി വെട്ടിക്കുറച്ചതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിനെതിരെ കേരളം നൽകിയ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കേരളത്തിന് 13,608 കോടി രൂപ വായ്പയെടുക്കാൻ അനുമതി നൽകാമെന്ന് കേന്ദ്രം ഈയിടെ സുപ്രീംകോടതിയിൽ സമ്മതിച്ചിരുന്നു. 15,000 കോടി രൂപകൂടി കടമെടുക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിൽ ഉടൻ ചർച്ച നടത്താൻ കോടതി നിർദേശിക്കുകയും ചെയ്തു. ഇതേത്തുടർന്നു നടന്ന ചർച്ചയിലാണ് കേരളത്തിന് കൂടുതൽ പണം കടമെടുക്കാൻ സാധിക്കില്ലെന്നു കേന്ദ്രം വ്യക്തമാക്കിയത്.

കടമെടുപ്പു പരിധി വെട്ടിക്കുറച്ചതോടെ കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയാണു നേരിടുന്നത്. കേന്ദ്രം സാമ്പത്തികമായി ഞെരുക്കുന്നുവെന്നും ജീവനക്കാർക്ക് ശമ്പളം നൽകാൻ ബുദ്ധിമുട്ടുകയാണെന്നും കേരളം കോടതിയിൽ നൽകിയ ഹർജിയിൽ ആരോപിക്കുന്നുണ്ട്. കേന്ദ്രസർക്കാർ രാഷ്ട്രീയം കളിക്കുകയാണെന്നും കേരള സർക്കാരിനെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണെന്നും പൊതുകടത്തിന്റെ 60 ശതമാനം കേന്ദ്രത്തിന്റേതാണെന്നും ഹർജിയിൽ ആരോപിക്കുന്നു. എന്നാൽ, കേരളത്തിന്റെ ഹർജി നിലനിൽക്കുന്നതല്ലെന്നാണു കേന്ദ്രസർക്കാരിന്റെ വാദം. മറ്റു സംസ്ഥാനങ്ങൾക്ക് ഇല്ലാത്ത പ്രശ്നമാണു കേരളം ഉന്നയിക്കുന്നത്. നികുതി വരുമാനത്തേക്കാൾ കേരളത്തിൽ കടം കൂടുന്നെന്നും കടമെടുപ്പിന് വീണ്ടും അനുമതി നൽകിയാൽ പ്രതിസന്ധി വീണ്ടും രൂക്ഷമാകുമെന്നുമാണ് കേന്ദ്രസർക്കാരിന്റെ നിലപാട്.

## കോൺഗ്രസ് ഫണ്ട് മരവിപ്പിക്കൽ: ഡൽഹി ഹൈക്കോടതിയെ സമീപിച്ച് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന് ആഴ്ചകൾമാത്രം ശേഷിക്കെ കോൺഗ്രസിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതിനെതിരായ പരാതി സ്വീകരിക്കാൻ ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണൽ വിസമ്മതിച്ചു. മുഖ്യപ്രതിപക്ഷമായ പാർട്ടിയെ തെരഞ്ഞെടുപ്പിൽ സാമ്പത്തികമായി തകർക്കാനുള്ള കേന്ദ്ര നടപടിക്കെതിരെ ഡൽഹി ഹൈക്കോടതിയെ സമീപിക്കുമെന്ന് കോൺഗ്രസ് അറിയിച്ചു. കീഴ്വഴക്കങ്ങൾ പാലിക്കാതെയുള്ള ആദായനികുതി വകുപ്പിന്റെ നടപടി പത്തു ദിവസത്തേക്ക് നിർത്തിവെക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്ന് കോൺഗ്രസിന്റെ അഭിഭാഷകൻ വിവേക് തൻഖ പറഞ്ഞു.

ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ഉത്തരവ് നിരാശാജനകമാണ്. ഇത്തരം കേസുകളിൽ 20 ശതമാനം പിഴയടച്ച് ഇളവു നൽകുന്നതാണു കീഴ്വഴക്കം. അവരുടെതന്നെ മുൻ മാതൃകകൾപോലും ഒരു ദേശീയ പാർട്ടിക്കായി പാലിച്ചിട്ടില്ല.

പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായുള്ള ഈ നടപടി അപലപനീയമാണെന്ന് കോൺഗ്രസ് ലീഗൽ സെൽ മേധാവി കൂടിയായ തൻഖ പറഞ്ഞു. ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതിനെതിരായ അപ്പീൽ ആദായനികുതി വകുപ്പ് ട്രൈബ്യൂണൽ തള്ളിയതിനെതിരെ കോൺഗ്രസ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു.

2018-19 സാമ്പത്തികവർഷത്തെ നികുതി കോൺഗ്രസ് നൽകിയില്ലെന്നു കാട്ടി പാർട്ടിയുടെ വിവിധ അക്കൗണ്ടുകളിലെ 115 കോടി രൂപയാണു മരവിപ്പിച്ചത്. ആക്ടിങ് ചീഫ് ജസ്റ്റിസ് മൻമോഹൻ, ജസ്റ്റിസ് തുഷാർ റാവു ഗഡേല എന്നിവരാണ് ഹർജി പരിഗണിക്കുന്നത്.

2018-19 സാമ്പത്തികവർഷത്തേക്കുള്ള കുടിശികയും പിഴയുമായി 210 കോടി രൂപ നികുതി ആവശ്യപ്പെട്ടായിരുന്നു കോൺഗ്രസിന്റെ ബാങ്ക് അക്കൗണ്ടുകളിലുണ്ടായിരുന്ന 115 കോടി രൂപ ആദായനികുതി വകുപ്പ് ഈയിടെ മരവിപ്പിച്ചത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 11
March 15, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**


നിങ്ങൾ ലോകത്തിലെ ഏറ്റവും ആവശ്യമുള്ള മനുഷ്യനാണ് എന്നുള്ള ആത്മവിശ്വാസം നിങ്ങൾക്കു വേണം.

**എമേഴ്സൺ**

അപവാദപ്രചാരണത്തിനുള്ള ഏറ്റവും നല്ല മറുപടി മൗനം തന്നെ.

**ജോർജ് വാഷിംഗ്ടൺ**


St. Jude Knanaya Catholic Church South Florida
Marian Pilgrimage to
Europe
Spiritual Guidance
FR. SAJI PINARKAYIL
1117NW 6th avenue Fort Lauderdale Florida 33311
PARIS, LOURDES, AVILA, FATIMA, LISBON, ROME, VATICAN, ASSISI, PADUA, VENICE, MILAN, LUCERNE, ENGELBERG, MEDJUGORJE
TOUR DATES: 28 SEP-11 OCT 2024
14 DAYS
FAITH HOLIDAYS
America's Finest Tour Operator
New York: 1700 Central Park, Suite E Yonkers, New York 10710
Florida: 9710 Strling Road, Suite 109 Cooper City, FL-33024
CALL: +1 914-720-2051


നിങ്ങൾ ഇന്നും പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നുവോ ?
Do you still believe in bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author, conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important to make the best decision for you and your health.
There are four different parts of Medicare:
Part A Hospital Insurance
Part C $0 Premium Medicare Advantage Plans
Part B Medical Insurance
Part D Prescription Drug Coverage
Medicare Supplement Plans Offered by Various Companies at competitive Rates
CALL or TEXT RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation, All consultations are complimentary!

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ ക്രിസ്ത്യൻ പ്രതിനിധി ഇല്ലാതായിട്ടു നാലു വർഷം

കൊച്ചി: ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ (എൻ.എം.സി.) ക്രിസ്ത്യൻ പ്രതിനിധി ഇല്ലാതായിട്ടു നാലു വർഷം പിന്നിട്ടു. വൈസ് ചെയർമാനായിരുന്ന ജോർജ് കുര്യനെ 2020 മാർച്ച് 31-നു രാജിവെപ്പിച്ചശേഷം ആ ഒഴിവ് ഇതുവരെ നികത്തിയിട്ടില്ല. ഇതോടെ, മറ്റു ന്യൂനപക്ഷ സമുദായങ്ങൾക്കു പ്രതിനിധി ഉണ്ടായിട്ടും ക്രൈസ്തവ വിഭാഗങ്ങളോടുള്ള വിവേചനം തുടരുകയാണെന്ന ആക്ഷേപം ശക്തമായി.

ഏറ്റുമാനൂർ കാണക്കാരി സ്വദേശി ജോർജ് കുര്യനെ 2017-ലാണു കമ്മിഷൻ വൈസ് ചെയർമാനായി നിയമിച്ചത്. അതിനു മുമ്പ് അദ്ദേഹം കമ്മിഷൻ അംഗമായിരുന്നു. എന്നാൽ, ബി.ജെ.പി. സംസ്ഥാന കമ്മിറ്റി ഓഫീസിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി നിയമിച്ചു ജോർജ് കുര്യനെ രാജിവെപ്പിക്കുകയായിരുന്നു.

ഇതിനിടെ വിവിധ വിഭാഗങ്ങളിലെ നേതാക്കളുടെ പാനൽ തയാറാക്കിയെങ്കിലും 2023 ജൂലൈ 28-നു റദ്ദാക്കി. ഇതിന്റെ കാരണം വ്യക്തമല്ല. മൂന്നു വർഷമാണു കമ്മിഷന്റെ കാലാവധി. കമ്മിഷൻ രൂപീകരിച്ച കാലഘട്ടം മുതൽ ഇതുവരെ ക്രിസ്ത്യൻ പ്രതിനിധികളെ ഒഴിവാക്കിയിരുന്നില്ല.

ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെട്ട ഏഴംഗങ്ങളാണു കമ്മിഷനിലുള്ളത്. നിലവിൽ ചെയർമാൻ ഉൾപ്പെടെ അഞ്ചംഗങ്ങളുണ്ട്. ഇസ്ലാം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി മതങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി 1992-ൽ ആണു ജുഡീഷ്യൽ അധികാരങ്ങളുള്ള കമ്മിഷൻ രൂപീകരിച്ചത്. 2014-ൽ ജൈനവിഭാഗത്തെക്കൂടി ഉൾപ്പെടുത്തി. സിഖുമത പ്രതിനിധി ഇഖ്ബാൽ സിങ് ലാൽപുര ചെയർമാനായ ഇപ്പോഴത്തെ കമ്മിഷനിൽ ബാക്കി വിഭാഗങ്ങൾക്കെല്ലാം പ്രതിനിധികളുണ്ട്.

നിയമപ്രകാരം നിലവിൽവന്ന ഭരണഘടനാ സ്ഥാപനമായ എൻ.എം.സിയിൽ ഒരുവിഭാഗത്തെ ഇത്രയും കാലം ഒഴിവാക്കിയതു ഭരണഘടനാ ലംഘനമാണെന്നു ആക്ഷേപമുണ്ട്. മൂന്നു വർഷ കാലാവധിയിൽ കഴിഞ്ഞ ഒരു ടേം നഷ്ടപ്പെട്ടതു മാത്രമല്ല, ഈ ടേമിൽ ഒരുവർഷം കഴിഞ്ഞിട്ടും ക്രിസ്ത്യൻ പ്രതിനിധിയെ നിയമിക്കാൻ കൂടിയാലോചനയൊന്നും നടന്നിട്ടുമില്ല.

1992-ലെ ദേശീയ ന്യൂനപക്ഷ കമ്മിഷൻ നിയമത്തിനു കീഴിലാണു കേന്ദ്ര സർക്കാർ ദേശീയ ന്യൂനപക്ഷ കമ്മിഷൻ രൂപീകരിച്ചത്. ശ്രേഷ്ഠത, കഴിവ്, സത്യസന്ധത എന്നിവയുള്ള വ്യക്തികളിൽ നിന്നു കേന്ദ്രസർക്കാർ നാമനിർദേശം ചെയ്യുന്ന ചെയർപേഴ്സൺ ഉൾപ്പെടെ അഞ്ചംഗങ്ങൾ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ളവരാകണമെന്നു മാത്രമാണു വ്യവസ്ഥ. ഓരോ സമുദായത്തിന്റെയും പ്രതിനിധി വേണമെന്നു വ്യവസ്ഥയില്ലാത്തതിനാൽ കോടതിയിൽ ചോദ്യംചെയ്യാനുമാകില്ല.

1978 മുതൽ 1981 വരെയായിരുന്നു ആദ്യകമ്മിഷൻ. അതിൽ വി.വി. ജോൺ അംഗമായിരുന്നു. എസ്.എ. ദുരൈ സെബാസ്റ്റ്യൻ രണ്ടാം കമ്മിഷനിലും തങ്കമ്മ സെബാസ്റ്റ്യൻ മൂന്നും നാലും കമ്മിഷനിലും അംഗമായി. മൂന്നാം കമ്മിഷനിൽ സാഹിത്യകാരിയും രാഷ്ട്രീയ പ്രവർത്തകയുമായിരുന്ന ആനി തയ്യിൽ അംഗമായിരുന്നു. എന്നാൽ, ഈ കമ്മിഷനുകൾ നിയമാനുസൃത ബോഡിയല്ലായിരുന്നു.

1993 മുതൽ ഭരണഘടനാനുസൃത കമ്മിഷനായി ഉയർത്തപ്പെട്ടു. ആദ്യ കമ്മിഷനിലും മൂന്നാം കമ്മിഷനിലും ജോൺ ജോസഫ് അംഗമായിരുന്നു. നാലാം കമ്മിഷനിൽ വി.വി. അഗസ്റ്റിൻ അംഗമായി. 5, 6, 7 കമ്മിഷനുകളിലും ക്രിസ്ത്യൻ പ്രതിനിധികൾ ഉണ്ടായിരുന്നു. എട്ടാം കമ്മിഷനിലാണു ജോർജ് കുര്യൻ അംഗവും പിന്നീടു വൈസ് ചെയർമാനുമായത്.

2001-ലെ സെൻസസ് പ്രകാരം, ഈ ആറു സമുദായങ്ങളും ഇന്ത്യയിലെ ജനസംഖ്യയുടെ 18.8 ശതമാനം ആണ്. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷം എന്ന വാക്കു നിർവചിക്കുന്നില്ലെങ്കിലും അതു ന്യൂനപക്ഷങ്ങൾക്കു ഭരണഘടനാപരമായ സംരക്ഷണങ്ങളും മൗലികാവകാശങ്ങളും നല്കിയിട്ടുണ്ട്.

ഹിന്ദുക്കളും ന്യൂനപക്ഷ പദവിയിലെത്തും; കേരളത്തിൽ മുസ്ലീംങ്ങൾ ഒഴിവാകാം. വരാനിരിക്കുന്ന പൗരത്വ ഭേദഗതിയിൽ ന്യൂനപക്ഷ നിർവചനത്തിൽ മാറ്റം വരുത്തിയേക്കുമെന്ന അഭ്യൂഹം ശക്തം. ന്യൂനപക്ഷങ്ങളെ സംസ്ഥാന അടിസ്ഥാനത്തിൽ പുനഃനിർവചിക്കുന്നതാണു കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. അതനുസരിച്ചു ഹിന്ദുക്കളും ന്യൂനപക്ഷ പദവിയിൽ ഉൾപ്പെടും. നാഗാലാൻഡ്, മേഘാലയ, മിസോറാം സംസ്ഥാനങ്ങളിൽ ഹിന്ദുക്കൾ ന്യൂനപക്ഷമാണ്. എന്നാൽ, നിലവിൽ അവരെയെവിടെ ഭൂരിപക്ഷ സമുദായമായാണു കണക്കാക്കുന്നത്. ഇതു മറികടക്കുന്നതിനാണു സംസ്ഥാനാടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളെ പുനഃനിർവചിക്കാനുള്ള നീക്കം. പുതിയ ഭേദഗതി വന്നാൽ, മുസ്ലീങ്ങൾക്കു കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ പദവി നഷ്ടപ്പെടാം.

ആകെ ജനസംഖ്യയുടെ നിശ്ചിത ശതമാനത്തിനു താഴെയായാൽ മാത്രമേ ന്യൂനപക്ഷ പദവിയ്ക്കു അർഹതയുണ്ടാകൂ. എത്ര ശതമാനമാണെന്നതു തീരുമാനിക്കുക കേന്ദ്രസർക്കാരാകും.

## സ്ത്രീശാക്തീകരണം സമത്വത്തിലൂടെ

ലിംഗപദവി അടിസ്ഥാനമാക്കിയുള്ള വിവേചനമോ വ്യത്യാസമോ അപമാനങ്ങളോ ഇല്ലാത്ത സമൂഹസൃഷ്ടി ഇന്നും അകലത്തെവിടെയോ ഉള്ളൊരു സ്വപ്നംമാത്രം. നാട്ടിലെ ലിഖിതവ്യവസ്ഥകളും വീട്ടിലെ അലിഖിതചട്ടങ്ങളും സ്ത്രീക്ക് സമത്വം വാഗ്ദാനം ചെയ്യുന്നില്ല. വീടിനകത്തെ വേതനമില്ലാത്ത ജോലിയപ്പാടേ ചെയ്യുന്നത് ഇപ്പോഴും സ്ത്രീകൾതന്നെ. സ്ത്രീകളോ പെൺകുട്ടികളോ ചെയ്യേണ്ടത് അല്ലെങ്കിൽ ചെയ്യേണ്ടാത്തത് എന്തെന്നു നിശ്ചയിക്കുന്നത് വീട്ടിലെ പുരുഷന്മാർ. ലിംഗസമത്വവും സ്ത്രീശാക്തീകരണവും യാഥാർഥ്യമാക്കലാണ് മനുഷ്യാവകാശരംഗത്ത് ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നു ഐക്യരാഷ്ട്രസഭ പറയുന്നു.

പാടം മുതൽ പാർലമെന്റ് വരെയും അടുക്കള മുതൽ ബഹിരാകാശം വരെയും മികവ് തെളിയിച്ച വനിതകൾക്കു പുരുഷാധിപത്യ സമൂഹം വഴിമുടക്കരുതെന്ന് ഓർമിപ്പിച്ചുകൊണ്ട് ഒരു വനിതാദിനംകൂടി. വനിതകൾക്കു ഭരണത്തിൽ മൂന്നിലൊന്നു സംവരണം നടപ്പാക്കുന്നതിനുവേണ്ടി കഴിഞ്ഞ സെപ്റ്റംബറിൽ ഇന്ത്യ വനിതാസംവരണബിൽ പാർലമെന്റിൽ പാസാക്കി. വലിയ നേട്ടമാണെങ്കിലും നാട്ടിലൊരു മാറ്റവും ഉണ്ടായില്ല. ബില്ലിലെ വ്യവസ്ഥകളനുസരിച്ച് സംവരണം നടപ്പാകാൻ ഇനിയും വർഷങ്ങൾ കാത്തിരിക്കണം. ഒരു രാഷ്ട്രീയ പാർട്ടിക്കും അക്കാര്യത്തിൽ ആത്മാർത്ഥതയില്ല. ഉണ്ടെങ്കിൽ ബില്ലിനായി കാത്തുനിൽക്കാതെ ഏതൊരു പാർട്ടിക്കും ഈ തെരഞ്ഞെടുപ്പിൽ മൂന്നിലൊന്നു സീറ്റുകൾ സ്ത്രീകൾക്കു കൊടുക്കാമായിരുന്നു. ബാല്യംമുതൽ പുരുഷ മേധാവിത്വത്തിന്റെ സുഖാനുഭവങ്ങളിലൂടെ കടന്നുവന്നവർ ആധിപത്യം പുലർത്തുന്ന രാഷ്ട്രീയ പാർട്ടികൾക്കൊന്നും അതിനു കഴിയുന്നില്ല.

തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ നല്ല പ്രസംഗത്തിനു നന്ദിയെന്നു പറഞ്ഞ വനിതയോട് രൂക്ഷമായ നോട്ടത്തിലും ഭാവത്തിലും "അമ്മാതിരി കമന്റുകളൊന്നും വേണ്ട" എന്നു പറഞ്ഞ മുഖ്യമന്ത്രിയുടെ മുന്നിൽ പതറാതെ അടുത്ത നടപടിയിലേക്കു ശാന്തമായി കടന്ന വനിതയുടെ മനോബലം നിസാരമാണോ? തലകുനിക്കേണ്ടതു താനല്ലെന്ന ബോധ്യത്തോടെ തന്റെ ജോലിതുടർന്ന അവരിൽനിന്നാണ് നമ്മുടെ 'രാജാക്കന്മാർ' സഹിഷ്ണുതയും മാന്യതയും പഠിക്കേണ്ടത്. ഇത്തരം സ്ത്രീകളുടെ സംയമനവും കരുത്തുമില്ലായിരുന്നെങ്കിൽ എത്ര കുടുംബങ്ങൾ ഇന്നു ബാക്കിയുണ്ടാകുമായിരുന്നു! അവരെ മുകളിലേക്കു കടത്തിവിടാനുള്ള പുരോഗതി പുരുഷൻ കൈവരിക്കാത്തതുകൊണ്ടാണ് സംവരണം വേണ്ടിവരുന്നത്.

സ്ത്രീകളെയല്ല, പുരുഷന്മാരെയാണു ശക്തീകരിക്കേണ്ടതെന്ന തിരിച്ചറിവാണ് നമുക്കിനി ഉണ്ടാകേണ്ടത്. ഇന്ത്യയിലെ ഏതൊരടുക്കളയിലും രാവിലെ കാണുന്ന സ്ത്രീയെത്തന്നെയാണ് നാം രാത്രി വൈകിയും കാണുന്നത്. അവരിലേറെപ്പേരും പകൽ ജോലിക്കു ശേഷം എത്തിയവരായിരിക്കും. സ്ത്രീക്കു കരുത്തും കഴിവുമുണ്ടാക്കാനല്ല, അവർക്കുള്ള കഴിവുകളെ അംഗീകരിക്കാനും ആദരിക്കാനുമാണ് പുരുഷൻ തയാറാകേണ്ടത്. പരമ്പരാഗതമായി കൊണ്ടുനടക്കുന്ന ആധിപത്യപ്രവണതകളെ വലിച്ചെറിയാൻ ആൺകുട്ടികളെ ബാല്യകാലത്തേ പരിശീലിപ്പിക്കണം. നിർഭാഗ്യവശാൽ നമ്മുടെ പാഠ്യപദ്ധതികളിൽ അത്തരമൊന്നില്ല. വീടുകളിൽ സ്ത്രീയുടെ സ്ഥാനത്തിനും സ്വാതന്ത്ര്യത്തിനും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും നിലപാടു തറകൾ നിർണയിക്കുന്നതു പുരുഷനാണ്. അതിന്റെ മറുവശംകൂടിയാണ് സ്ത്രീകൾക്കെതിരേയുള്ള കുറ്റകൃത്യങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നത്.

നീണ്ടകാലം കാത്തിരുന്ന വനിതാസംവരണനിയമം യാഥാർഥ്യമായതിനുശേഷമുള്ള അന്താരാഷ്ട്ര വനിതാദിനാചരണമാണ് ഇത്തവണ ഇന്ത്യയിലേത്. പാർലമെന്റിലും നിയമസഭകളിലും മൂന്നിലൊന്നു സ്ത്രീസംവരണം വ്യവസ്ഥചെയ്യുന്നെങ്കിലും കാനേഷുമാരിക്കും മണ്ഡലപുനർനിർണയത്തിനും ശേഷമേ നിയമം നടപ്പാക്കൂ എന്നു വ്യവസ്ഥവെച്ചതോടെ ഭരണകൂടത്തിന്റെ ഉദ്ദേശ്യശുദ്ധി സംശയത്തിലായിട്ടുണ്ട്. മാത്രമല്ല, ഈ സംവരണത്തിന് പതിനഞ്ചുവർഷത്തെ പ്രാബല്യപരിധി നിശ്ചയിച്ചിട്ടുമുണ്ട് (വേണമെങ്കിൽ അപ്പോൾ പുതുക്കാമെന്നുമാത്രം). നിയമത്തിനു 'നാരീശക്തി വന്ദൻ അധിനിയം' എന്ന പേരു നൽകിയതും വിമർശനവിധേയമായി. വന്ദനമോ ഔദാര്യമോ അല്ല, തുല്യതയാണു സ്ത്രീകൾക്കുവേണ്ടത് എന്നു തിരിച്ചറിയാൻ ഭരണകൂടത്തിനുതന്നെ സാധിക്കുന്നില്ല; അപ്പോൾപ്പിന്നെ സമൂഹം പുരുഷാധിപത്യപരവും സ്ത്രീവിരുദ്ധവുമായ മൂല്യങ്ങൾ കൈവിടാത്തതിൽ അതിശയമുണ്ടോ?


ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാടിൽ അവളുടെ ആത്മാഭിമാനം മറ്റേതൊരു വ്യക്തിയുടെയും ആത്മാഭിമാനത്തിനു തുല്യമായി സമൂഹം അംഗീകരിക്കുന്നതാണ് സമത്വം. അവളെ സംബന്ധിച്ച് സ്ത്രീ ശാക്തീകരണമെന്നാൽ അവസര സമത്വത്തിനുള്ള തടസ്സങ്ങൾ നീക്കുകയും സ്വന്തം കഴിവ് തിരിച്ചറിയുന്നതിന് അവളെ പ്രാപ്തയാക്കുകയുമാണ്. അവസരസമത്വം നിഷേധിക്കപ്പെടുന്നു. രാഷ്ട്രീയത്തിൽമാത്രമല്ല, ജീവിതത്തിന്റെ സകലതുറകളിലും വനിതകൾക്ക് സമത്വത്തിന്റെ ആകാശങ്ങൾ തുറന്നുകിട്ടണമെന്ന് ഈ അന്താരാഷ്ട്ര വനിതാദിനത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

# രണ്ടു വി.സിമാരെ കൂടി ഗവർണർ പുറത്താക്കി

തിരുവനന്തപുരം: കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ. ജയരാജ്, കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. എം.വി. നാരായണൻ എന്നിവരുടെ നിയമനങ്ങൾ അസാധുവാക്കി ചാൻസലർ കൂടിയായ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉത്തരവിട്ടു.



ഡോ. എം.കെ. ജയരാജ്



ഡോ. എം.വി. നാരായണൻ

സാങ്കേതിക സർവകലാശാല (കെ.ടി.യു.) വി.സിയായിരുന്ന ഡോ. എം.എസ്. രാജശ്രീയുടെ നിയമനം അസാധുവാക്കിയ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണു ഗവർണറുടെ നടപടി. യു.ജി.സിയുടെ മറുപടി ലഭ്യമായശേഷം ഡിജിറ്റൽ, ഓപ്പൺ സർവകലാശാല വി.സിമാരുടെ നിയമനങ്ങളുടെ സാധുതയിൽ തീർപ്പുകൽപ്പിക്കും.

യു.ജി.സി. ചട്ടങ്ങൾ പാലിച്ചില്ലെന്നു ചൂണ്ടിക്കാട്ടിയാണു ഡോ. എം.എസ്. രാജശ്രീയുടെ നിയമനം അസാധുവാക്കിയത്. ഇതിനു പിന്നാലെ സമാന സാഹചര്യം നേരിടുന്ന 11 വി.സിമാർക്കു ഗവർണർ, പുറത്താക്കാതിരിക്കാൻ കാരണംചോദിച്ച് നോട്ടീസ് നൽകിയിരുന്നു. ഫിഷറീസ് സർവകലാശാലാ വി.സിയായിരുന്ന ഡോ. റിജി ജോണും കോടതിവിധിയിലൂടെ പുറത്തായി.

ഗവർണർ നോട്ടീസ് നൽകിയ 11 പേരിൽ നാലുപേർ മാത്രമാണു നിലവിൽ തുടരുന്നത്. സെർച്ച് കമ്മിറ്റി പാനൽ കൂടാതെ നിയമനം നടത്തിയതും സെർച്ച് കമ്മിറ്റിയിൽ സർക്കാർ പ്രതിനിധി ഉൾപ്പെട്ടതും യു.ജി.സി. ചട്ടങ്ങൾക്കു വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയാണു ഗവർണർ നോട്ടീസ് നൽകിയത്.

നോട്ടീസ് ചോദ്യംചെയ്തു വൈസ് ചാൻസലർമാർ നൽകിയ ഹർജികളും ഇവർ തുടരുന്നതു ചോദ്യംചെയ്തുള്ള കോ വാറന്റോ ഹർജികളും പരിഗണിച്ച ഹൈക്കോടതി ജസ്റ്റിസ് സി.പി. മുഹമ്മദ് നിയാസ്, വി.സിമാരുടെ വിശദീകരണം വീണ്ടും കേട്ടു തീർപ്പുകൽപ്പിക്കാൻ ഗവർണർക്ക് ആറാഴ്ച സമയം അനുവദിച്ചിരുന്നു. ഈ സമയപരിധി മാർച്ച് ഏഴിന് കഴിയാനിരിക്കെയാണു ഗവർണർ രണ്ടുപേരെ പുറത്താക്കിയത്. വി.സിമാർക്കു കോടതിയിൽ അപ്പീൽ നൽകാൻ സമയം അനുവദിക്കണമെന്നും 10 ദിവസം കഴിഞ്ഞുമാത്രമേ പുറത്താക്കൽ ഉത്തരവ് നടപ്പാക്കാൻ പാടുള്ളൂവെന്നും കോടതി വ്യക്തമാക്കിയിരുന്നു. വി.സിമാരെ ഹിയറിങ്ങിനായി കഴിഞ്ഞ മാസം 24-നു ഗവർണർ ക്ഷണിച്ചിരുന്നു. ഓപ്പൺ സർവകലാശാല വൈസ് ചാൻസലർ രാജിക്കത്ത് സമർപ്പിച്ചെങ്കിലും ഗവർണർ സ്വീകരിച്ചിട്ടില്ല.

സംസ്കൃത സർവകലാശാലാ വി.സി. നിയമനത്തിനായി സമർപ്പിച്ച പട്ടികയിൽ നാരായണന്റെ പേരുമാത്രമേ ഉണ്ടായിരുന്നുള്ളൂ. മൂന്നു പേരുകൾ ഉൾപ്പെടുന്ന (ശേഷം 30-ാം പേജിൽ)

# IN LOVING MEMORY OF

## 10th DEATH ANNIVERSARY

**MARCH 15th, 2024**



"Treasured in our hearts you'll stay,
until we meet again some day."

*Loving Family*

## ELSAMMA PADICKAPARAMBIL

**MIDWEST**
WINDOWS & DOORS




**MIDWEST WINDOWS DOORS & SIDING**
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com

## THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# വന്യജീവി ആക്രമണം സംസ്ഥാന ദുരന്തം

തിരുവനന്തപുരം: മനുഷ്യ-വന്യജീവി സംഘർഷം കേരളത്തിലെ പ്രത്യേക ദുരന്തമായി (സ്റ്റേറ്റ് സ്പെസിഫിക്ക് ഡിസാസ്റ്റർ) പ്രഖ്യാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഇതോടെ വനംവകുപ്പിനു പുറമേ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനംകൂടി ഇതിൽ ഉൾപ്പെടുത്തി ഏകോപിപ്പിക്കും. പ്രശ്നപരിഹാരത്തിനു രണ്ടു തട്ടിലുള്ള നടപടികൾ സ്വീകരിക്കും. മുഖ്യമന്ത്രി മുതൽ താഴേത്തട്ടിൽ പഞ്ചായത്ത് പ്രസിഡണ്ടുവരെയുള്ളവരുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും വിവിധ സമിതികൾ രൂപീകരിക്കും. അതോടൊപ്പം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിൽ കർമ്മപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യും.

കൃഷിക്കും ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ നിർദേശങ്ങളും നടപടിക്രമങ്ങളും അടങ്ങുന്ന ഉത്തരവിന്റെ കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച നടപടിക്കും മന്ത്രിസഭ അംഗീകാരം നൽകി.

മുഖ്യമന്ത്രി അധ്യക്ഷനായാണു സംസ്ഥാനതലത്തിൽ സമിതി രൂപീകരിക്കുക. വനം, റവന്യൂ, തദ്ദേശസ്വയംഭരണം, പട്ടികജാതി പട്ടികവർഗ വകുപ്പ് മന്ത്രിമാർ അംഗങ്ങളായിരിക്കും. ചീഫ് സെക്രട്ടറിയാണു സമിതി കൺവീനർ. സംസ്ഥാന തലത്തിൽ ആവശ്യമായ നിർദേശങ്ങൾ നൽകുകയാണ് സമിതിയുടെ ചുമതല. നിർദേശങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി നിയന്ത്രണ സമിതി രൂപീകരിക്കും.

ആഭ്യന്തരം, റവന്യൂ, വനം, പട്ടികജാതി-പട്ടികവർഗ്ഗ, തദ്ദേശ സ്വയംഭരണം, കൃഷി എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും വനം വകുപ്പ് മേധാവി, പി.സി.സി.എഫ്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരുമാകും അംഗങ്ങൾ. പ്രശ്നപരിഹാരത്തിനായി ചീഫ് വൈൽഡ് ലൈഫ് വാർഡനെ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിക്കും. പ്രകൃതിദുരന്ത സമയങ്ങളിൽ സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് ഒരുക്കുന്ന നിരീക്ഷണ സംവിധാനത്തിനു സമാനമായി, വനം വകുപ്പ് ആസ്ഥാനത്ത് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ചുമതലയിൽ കൺട്രോൾ റൂം പ്രവർത്തിക്കും.

വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ സജ്ജമാക്കും. വന്യജീവി ആക്രമണത്തെത്തുടർന്ന് പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാര തുക എത്രയുംവേഗം നൽകുന്നതിന് വനംവകുപ്പ് മേധാവിയെ ചുമതലപ്പെടുത്തും. ഇതിലേക്ക് ആവശ്യമായി വരുന്ന ചെലവ് ട്രഷറി നിയന്ത്രണങ്ങളിൽനിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കും. മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ടു കിഫ്ബി വഴി ഇപ്പോൾ അനുവദിച്ചിട്ടുള്ള 100 കോടി രൂപയ്ക്കു പുറമെ 110 കോടി രൂപ കൂടി (ആകെ 210 കോടി രൂപ) കിഫ്ബി മുഖാന്തരം അനുവദിക്കാൻ നടപടി സ്വീകരിക്കും.

# കേരളത്തിന് 13,608 കോടി കടമെടുക്കാം

ന്യൂഡൽഹി: വായ്പാപരിധി കേസിൽ കേരളസർക്കാരിന് ആശ്വാസമായി സുപ്രീംകോടതി ഉത്തരവ്. ഉപാധികളില്ലാതെ 13,608 കോടി രൂപ കടമെടുക്കാനുള്ള അനുമതി നൽകാൻ കേന്ദ്രസർക്കാരിനു നിർദേശം.

കൂടുതൽ കടമെടുക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ സംസ്ഥാനസർക്കാരുമായി സെക്രട്ടറി തലത്തിൽ ചർച്ച നടത്താനും ജസ്റ്റിസുമാരായ സൂര്യകാന്ത്, കെ.വി. വിശ്വനാഥൻ എന്നിവരുൾപ്പെട്ട ബെഞ്ച് നിർദേശിച്ചു.

ഈ സാമ്പത്തികവർഷം കേരളസർക്കാരിന് 13,608 കോടി രൂപ കടമെടുക്കാൻ അവകാശമുണ്ടെന്നു കേന്ദ്രസർക്കാർ സുപ്രീം കോടതിയെ അറിയിച്ചിരുന്നു.

എന്നാൽ, അതനുവദിക്കണമെങ്കിൽ സുപ്രീം കോടതിയിൽ നൽകിയ കേസ് പിൻവലിക്കണമെന്ന നിബന്ധനയും മുന്നോട്ടുവെച്ചു. കേന്ദ്രത്തിന്റെ ഈ നിലപാട് തള്ളിയ കോടതി, സ്യൂട്ട് ഹർജി നൽകാൻ കേരളസർക്കാരിന് അവകാശമുണ്ടെന്നും അത് നിഷേധിക്കുന്നതു ശരിയല്ലെന്നും വ്യക്തമാക്കി.

കേരളം ഗുരുതര സാമ്പത്തികപ്രതിസന്ധിയാണു നേരിടുന്നതെന്നു സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടി. തുടർന്ന്, ആവശ്യം ഭാഗികമായി പരിഗണിച്ച കേന്ദ്രം 13,600 കോടി കടമെടുക്കാൻ അനുമതി നൽകി.

ഇത് സ്വീകാര്യമാണെന്നും എന്നാൽ 15,000 കോടി കൂടി വേണ്ടിവരുമെന്നും കേരളസർക്കാരിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ അറിയിച്ചു. ഹർജിയിലെ എല്ലാ ആവശ്യവും തീർപ്പാക്കാൻ സമയമെടുക്കുമെന്നു കോടതി വ്യക്തമാക്കി.

സംസ്ഥാനസർക്കാരുകളുടെ വായ്പാ പരിധിയിൽ കോടതി ഇടപെടരുതെന്നു കേന്ദ്രം വാദിച്ചു. കേരളത്തിന്റെയും കേന്ദ്രത്തിന്റെയും ധനക്കമ്മി താരതമ്യം ചെയ്യാനാകില്ല. രണ്ടും വ്യത്യസ്തമാണെന്നു കേന്ദ്രം ചൂണ്ടിക്കാട്ടി.

ചർച്ചകൾ നടത്തുമ്പോൾ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ വിവാദ പ്രസ്താവനകൾ നടത്തരുതെന്നു കോടതി നിർദേശിച്ചു.

കേന്ദ്രസർക്കാരിനു വേണ്ടി അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി, അഡീഷണൽ സോളിസിറ്റർ ജനറൽ എൻ. വെങ്കിട്ടരാമൻ എന്നിവരും സംസ്ഥാനസർക്കാരിനുവേണ്ടി കപിൽ സിബലിനു പുറമേ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ്, സ്റ്റാൻഡിങ് കോൺസൽ സി.കെ. ശശി, വി. മനു എന്നിവരും ഹാജരായി.

# നിഷേധിക്കപ്പെട്ട സർക്കാർ ജോലി പൊരുതിനേടി നിഷ

തിരുവനന്തപുരം: വെറും നാല് സെക്കൻഡിന്റെ സാങ്കേതികത്വം പറഞ്ഞ് ഉദ്യോഗസ്ഥർ നിഷേധിച്ച സർക്കാർ ജോലി ആറ് വർഷത്തെ പോരാട്ടത്തിലൂടെ നിഷ ബാലകൃഷ്ണൻ തിരിച്ചുപിടിച്ചു. ജോലി നൽകാൻ സർക്കാരിനു തീരുമാനിക്കാമെന്ന ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിഷയെ തദ്ദേശ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കൊല്ലം ചവറ സ്വദേശിയായ നിഷയുടെ ജോലിനിഷേധം പുറത്തുകൊണ്ടുവന്നത് 'മനോരമ'യാണ്. എറണാകുളം ജില്ലയിൽ 2018 മാർച്ച് 31-നു കാലാവധി അവസാനിച്ച എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിലാണ് നിഷ ഉൾപ്പെട്ടിരുന്നത്. ഒഴിവുകൾ മറച്ചുവെക്കാൻ അനുവദിക്കാതെ ഉദ്യോഗസ്ഥരുടെ പിന്നാലെ നടന്ന് അവ റിപ്പോർട്ട് ചെയ്യിക്കുകയായിരുന്നു ഉദ്യോഗാർത്ഥികൾ.



കൊച്ചി കോർപറേഷൻ ഓഫീസിൽ തനിക്ക് അർഹതപ്പെട്ട ഒഴിവ് റാങ്ക് പട്ടികയുടെ കാലാവധി തീരാൻ മൂന്ന് ദിവസം മാത്രം നിൽക്കെ 2018 മാർച്ച് 28-നു നഗരകാര്യ ഡയറക്ടറേറ്റിലേക്കു നിഷ റിപ്പോർട്ട് ചെയ്യിച്ചു. നഗരകാര്യ ഡയറക്ടറുടെ ഓഫീസിലെത്തി ഒഴിവ് പി.എസ്.സിയെ അറിയിക്കണമെന്നും അപേക്ഷിച്ചു. 31-നു വൈകുന്നേരത്തിനു മുൻപെങ്കിലും റിപ്പോർട്ട് ചെയ്യണമെന്നു പലതവണ അഭ്യർത്ഥിച്ചെങ്കിലും ഉദ്യോഗസ്ഥൻ എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസർക്ക് ഇ-മെയിൽ അയച്ചത് 31-ന് അർധരാത്രി 12-ന് ആണ്. നാല് സെക്കൻഡ് കൂടി കഴിഞ്ഞാണ് പി.എസ്.സി. ഓഫീസിൽ ഇതു ലഭിച്ചതെന്നു പറഞ്ഞ് ജോലി നിഷേധിക്കപ്പെട്ടു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഹർജി തള്ളിയതോടെ ഹൈക്കോടതിയെ സമീപിച്ചു. പുതിയ റാങ്ക് പട്ടിക നിലവിൽ വന്നതു ചൂണ്ടിക്കാട്ടി ഹൈക്കോടതി ഇടപെട്ടില്ല. തുടർന്നു നിഷ ഹൈക്കോടതിയിൽ റിവ്യൂ പെറ്റിഷൻ നൽകി. ഇതിനിടെ പരാതി അന്വേഷിക്കാൻ മുഖ്യമന്ത്രി ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിനെ നിയോഗിച്ചു. നഗരകാര്യ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർക്കു വീഴ്ച സംഭവിച്ചെന്നായിരുന്നു കണ്ടെത്തൽ. പിന്നാലെ ഹൈക്കോടതിയും അനുകൂല നിലപാടെടുത്തതോടെ നിഷ വീണ്ടും നൽകിയ അപേക്ഷയാണ് മന്ത്രിസഭ പരിഗണിച്ചത്. ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതലായിരിക്കും സീനിയോറിറ്റി.

# ജാതി സെൻസസും താങ്ങുവിലയും കോൺഗ്രസ് പ്രകടനപത്രികയിൽ

ന്യൂഡൽഹി: ജാതി സെൻസസ് നടപ്പാക്കും, കാർഷിക വിളകളുടെ താങ്ങുവില നിയമംവഴി ഉറപ്പാക്കും, ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയും വേഗം നികത്തും തുടങ്ങിയ വാഗ്ദാനങ്ങളടങ്ങിയ കോൺഗ്രസ് പ്രകടനപത്രികയുടെ കരട് പാർട്ടി പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെയ്ക്കു കൈമാറി.

കരടു രൂപീകരണ സമിതിയിലുള്ള പി. ചിദംബരം, ശശി തരൂർ തുടങ്ങിയവരുമായി ഖാർഗെ കൂടിക്കാഴ്ച നടത്തി. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചാലുടൻ പ്രകടനപത്രിക ഔദ്യോഗികമായി പുറത്തിറക്കും.

തൊഴിലില്ലായ്മ പരിഹരിക്കാൻ ജർമനിയിലെ പഠന-തൊഴിൽ മാതൃക നടപ്പാക്കുന്നതടക്കമുള്ള ആശയങ്ങൾ പത്രികയിലുണ്ട്. പഠനകാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികൾക്കു തൊഴിൽപരിശീലനം ലഭ്യമാക്കുകയും അതുവഴി തൊഴിൽസാധ്യത വർധിപ്പിക്കുകയുമാണു ലക്ഷ്യം. ഇന്ത്യയിൽ തൊഴിൽ അവകാശമാക്കാനുള്ള നിയമവും ആലോചിക്കുന്നു.

ബി.ജെ.പിയുടെ ശക്തികേന്ദ്രമായ ഹിന്ദി ഹൃദയഭൂമിയിൽ തൊഴിലില്ലായ്മ ഉയർത്തിക്കാട്ടി നേട്ടമുണ്ടാക്കാമെന്നാണു കോൺഗ്രസിന്റെ കണക്കുകൂട്ടൽ.





# ബെൻസൻവിൽ തിരുഹൃദയ ദേവാലയനടയിലേയ്ക്ക്

ലിൻസ് താന്നിച്ചുവട്ടിൽ

നിങ്ങളുടെ കൈയിൽ എന്തുണ്ട് എന്ന ക്രിസ്തുവിന്റെ ചോദ്യത്തിന് ചിലർ പറഞ്ഞ മറുപടി ഒന്നുമില്ല എന്നായിരുന്നു. അത് ശരിയുമായിരുന്നു. എന്നാൽ, ഒരു ബാലൻ പറഞ്ഞു, എന്റെ കൈയിൽ അഞ്ചപ്പവും രണ്ട് മീനുമുണ്ട്. കൊടുത്തത് എത്രയുമായിരുന്നുകൊള്ളട്ടെ, അത് കിട്ടേണ്ട ആളുകളുടെ കൈയിൽ കിട്ടിയപ്പോൾ അവിടെ സംഭവിച്ചത് അത്ഭുതമായിരുന്നു. ഒരുപാടു പേരുടെ മനസ്സുകളിലെ സംതൃപ്തിയുടെ ചെപ്പുകുടങ്ങൾ നിറഞ്ഞതിനു ശേഷവും ബാക്കിവന്നത് എത്രത്തോളമായിരുന്നുവെന്ന് വിശുദ്ധ ഗ്രന്ഥം രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

ബെൻസൻവില്ലിലെ നമ്മുടെ ഈ പുതിയ ദേവാലയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്ന ആദ്യചിത്രവും തന്റെ പക്കലുള്ള അഞ്ചപ്പവും രണ്ട് മീനും പങ്കിട്ടു നല്കാൻ തയ്യാറായി വന്ന ആ ബാലന്റേതാണ്. അവൻ ഒരു ഒറ്റപ്പെട്ട സംഭവമായിരുന്നെങ്കിൽ ആ ബാലന്റെ സ്ഥാനത്ത് നമ്മൾ ഓരോരുത്തരുമുണ്ട് എന്നത് മാത്രമേ വ്യത്യാസമുള്ളൂ.

അവിടെയാണ് നമുക്കുള്ള അഭിമാനവും സംതൃപ്തിയും. കാരണം, നമ്മൾ നമുക്കാവുന്നതിന്റെയും നമുക്കാകാവുന്നതിന്റെയുമായ പങ്കുവെക്കൽ നടത്തിയതിന്റെ ഫലമാണ് ഇന്നത്തെ ഈ ദേവാലയം. ഒരു ലക്ഷം ഡോളർ മുതൽ പത്തു ലക്ഷം ഡോളർ വരെ പങ്കുവെച്ചവരുടെ സന്മനസ്സിന്റെ അടയാളം. പങ്കുവെക്കാൻ സന്നദ്ധമാകുന്ന നമ്മുടെ മനസ്സിന്റെ ചക്രവാളങ്ങളെക്കുറിച്ച് സ്വയം മതിപ്പു തോന്നേണ്ടതുമുണ്ട്.

നമ്മുടെ കുടിയേറ്റത്തിന്റെ നാൾവഴികളിൽ നമ്മുടെ ദൈവാശ്രയബോധത്തെയും വിശ്വാസജീവിതത്തെയും പ്രോജ്വലിപ്പിക്കുന്ന ഒരു ദേവാലയം 2006-ൽ മെയ്‌വുഡിൽ സ്വന്തമാക്കാൻ നമുക്കായി.

പ്രവാസികളുടെ ആദ്യ ക്നാനായ ദേവാലയത്തിലേക്ക് നാം ചുവടെടുത്തു വെച്ചപ്പോൾ സർവശക്തനായ ദൈവത്തിന്റെ സംരക്ഷണവും ക്രാന്തദർശിയായ ഫാ. അബ്രാഹം മുത്തോലത്തിന്റെ അചഞ്ചലമായ നേതൃത്വവും ദൃഢനിശ്ചയവും കഠിനാദ്ധ്വാനവും നമുക്ക് കൈമുതലായുണ്ടായിരുന്നു. എല്ലാ പ്രതികൂലങ്ങൾക്കിടയിലും നമ്മുടെ വിശ്വാസജ്വാല അണയാതിരിക്കാൻ മെയ്‌വുഡ് പള്ളിയിലെ ഈശോയുടെ തിരുഹൃദയം നമ്മെ ചേർത്തുപിടിച്ചു വഴിനടത്തി.

ഇക്കഴിഞ്ഞ രണ്ട് പതിറ്റാണ്ടോളം എത്രയോ അഭേദ്യമായ ബന്ധമാണ് നമ്മളോരോരുത്തർക്കും ഈ ദേവാലയവുമായിട്ടുള്ളത്. നമ്മുടെ സന്തോഷങ്ങൾ ഇരട്ടിപ്പിച്ചും സങ്കടങ്ങൾ ലഘൂകരിച്ചും ജീവിതത്തിലെ എത്രയോ അവസരങ്ങളിൽ ഈ ദേവാലയം നമുക്ക് ആശ്വാസവും പ്രതീക്ഷയും പകർന്നു തന്നിട്ടുണ്ട്.

ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ അനേകരുടെ ത്യാഗവഴികളുടെ തുടർച്ചയിലാണ് നാമിപ്പോൾ. അവരുടെ ധന്യസ്മൃതികൾക്കു മുന്നിൽ തലകുനിക്കാതെ പുതിയ ദേവാലയത്തിലേക്ക് നമുക്ക് പ്രവേശിക്കാനാവില്ല. നമ്മുടെ മലബാർ കുടിയേറ്റത്തിന്റെ നാളുകളിൽ അന്നത്തെ ആളുകൾ ചെയ്ത ആദ്യപ്രവൃത്തികളിലൊന്ന് തങ്ങൾക്ക് പ്രാർത്ഥിക്കാനായി ഒരു ആരാധനാലയം പണിയുക എന്നതായിരുന്നു. മഴയിൽനിന്നും മഞ്ഞിൽനിന്നും രക്ഷപ്പെടാൻ തങ്ങളുടെ വീടുകൾ പോലെ തന്നെ ആത്മാവിന്റെ വെളിച്ചം കെട്ടുപോകാതിരിക്കാൻ ആത്മാക്കളുടെ രക്ഷയ്ക്കായി ഒരു ദേവാലയം വേണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. തങ്ങൾ ജീവിക്കുന്ന അവസ്ഥയേക്കാൾ മെച്ചപ്പെട്ട നിലയിലുള്ള ഒരു ദേവാലയമാണ് വല്ലവിധേനയും അവർ പണികഴിപ്പിച്ചതും. കാരണം ക്രൈസ്തവവിശ്വാസികളുടെ കൂട്ടായ്മയും



ലേഖകൻ

ഐക്യവും സ്നേഹവും ആത്മീയതയും പങ്കുവെക്കലും പരസ്പര സ്നേഹവും ഒക്കെ രൂപപ്പെടുന്നത് പള്ളിയുമായി ബന്ധപ്പെട്ടാണ്.

അത്തരമൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടായിരിക്കണം ലോകത്ത് എവിടെയും ഒരു ദേവാലയം ഉയരുമ്പോൾ നാം അതിനെ നോക്കിക്കാണേണ്ടത്. ദേവാലയങ്ങളെ ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു ആത്മീയതയിലേക്ക് നടന്നടുക്കാൻ മാത്രം നാം ഇനിയും വളർന്നിട്ടുമില്ല.

ആരംഭിച്ച കാലങ്ങളിലെ സാഹചര്യങ്ങൾ വ്യത്യാസപ്പെടുകയും കാലം മാറുകയും ചെയ്യുമ്പോൾ കൂടുതൽ മെച്ചപ്പെട്ട ഒരു ദേവാലയവും പരിസരവും അനുബന്ധ സൗകര്യങ്ങളുമൊക്കെ എല്ലാവരെയുംപോലെ നമ്മളും സ്വപ്നം കണ്ടിരുന്നു. മെയ്‌വുഡിൽ നിന്ന് ബെൻസൻവില്ലിലേക്കുള്ള ഈ ദേവാലയമാറ്റത്തിന് പിന്നിലും ഇങ്ങനെയൊരു വിശദീകരണമുണ്ട്. വിശ്വാസികൾക്ക് എത്തിച്ചേരാനുള്ള സൗകര്യക്കൂടുതൽ എന്നതിനു പുറമെ അനുബന്ധ സൗകര്യങ്ങളും തുടർവളർച്ചയ്ക്കുതകുന്ന അനുകൂല സാഹചര്യങ്ങളും പുതിയ ദേവാലയത്തിനുണ്ട്. മതബോധനത്തിനു വേണ്ടിയുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ, വിശാലമായ കാർ പാർക്കിങ് സൗകര്യം, കായിക വിനോദങ്ങൾക്കുൾപ്പെടെയുള്ള മൾട്ടി പർപ്പസ് ജീം എന്നിവ കൂടുതൽ ആളുകളെ പള്ളിയോടടുപ്പിക്കും എന്നുറപ്പുണ്ട്.

ബെൻസൻവില്ലിലെ സെ. ചാൾസ് ബൊറോമിയോ ദേവാലയം വിൽക്കാൻ എന്നറിഞ്ഞപ്പോൾ തന്നെ ഇടവകാംഗങ്ങളെ കൂട്ടിയിണക്കി എല്ലാവർക്കുമായി ഒരു ഓപ്പൺ ഹൗസ് ദേവാലയത്തിൽ ക്രമീകരിച്ച് പുതിയ ദേവാലയത്തിന്റെ സൗകര്യങ്ങളൊക്കെ വിശദീകരിക്കുകയും ഏകാഭിപ്രായത്തോടെ ദേവാലയം വാങ്ങാമെന്ന വലിയ ലക്ഷ്യത്തിലേക്ക് ഇടവകാംഗങ്ങൾക്ക് പ്രചോദനമേകി അദ്ദേഹം ഹൂസ്റ്റണിലേക്ക് സ്ഥലം മാറിപ്പോയി.

അസാദ്ധ്യമെന്നു കരുതാവുന്ന ഒരു കാര്യം സാദ്ധ്യമാക്കി മാറ്റി വെറും രണ്ടു മാസംകൊണ്ട് രണ്ട് മില്യനിലേറെ ഡോളർ സമാഹരിച്ച് ഈ ദേവാലയം സ്വന്തമാക്കാൻ നമുക്കു സാധിച്ചതിനു പിന്നിൽ സമർപ്പിത ചേതസ്സുകളായി പ്രവർത്തിച്ച ഒരുപിടി ഇടവക സമൂഹാംഗങ്ങളോടൊപ്പം നേതൃത്വത്തിന്റെ ഇടയരൂപങ്ങളായി ഫാ. തോമസ് മുളവനാലും ഫാ. ബിൻസ് ചേത്തലിലും നിറഞ്ഞുനിൽക്കുന്നുണ്ട്. പ്രതിസന്ധികൾക്കു മുമ്പിൽ അക്ഷോഭ്യരായി നിലയുറപ്പിച്ച് പുഞ്ചിരിയോടെ അവയെ നേരിട്ട് തങ്ങളുടെ നാളെകൾക്കു വേണ്ടി തങ്ങളുടെ ഇന്നുകളെ സമർപ്പിക്കുന്ന പ്രിയ അച്ചന്മാരേ, നിങ്ങളോടുള്ള ഞങ്ങളുടെ നന്ദി വാക്കുകൾക്കതീതമാണ്.

ഞങ്ങളുടെ ആത്മീയ വഴികളിൽ വിളക്കും വഴികാട്ടികളുമായിരുന്ന മുൻ അസി. വികാരിമാരും വികാരിമാരും ആയിരുന്ന ഫാ. സജി പിണർക്കയിലിനേയും ഫാ. സജി മുടക്കോടിലിനേയും അജപാലന ശുശ്രൂഷകൾ നിർവഹിച്ച മറ്റു വൈദികരെയും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

പുനർകൂദാശാ കർമ്മത്തിലൂടെ ഈ ദേവാലയം നമുക്ക് ആത്മീയ ആവശ്യങ്ങളുടെ അനുസ്യൂതമായ തുടർച്ചയ്ക്ക് വഴിയൊരുക്കുമെങ്കിലും ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ബാക്കിയാണ്. ഇതുവരെ നടത്തിയ ദൈവം തുടർന്നും നമ്മെ സഹായിക്കുമെന്ന പ്രതീക്ഷയും പങ്കുവെക്കാൻ സന്നദ്ധമായ മനസ്സും നമുക്ക് സ്വന്തമായുള്ളപ്പോൾ അതോർത്തുള്ള ഉത്കണ്ഠകൾ എന്തിന്?

ഇതാ ദേവാലയമണികൾ മുഴങ്ങുന്നു! അൾത്താരയിൽ തിരികൾ തെളിയുന്നു. പരിശുദ്ധമായ ഹൃദയത്തോടും നിർമ്മലമായ വിചാരങ്ങളോടും കൂടി സ്നേഹത്തിലും സാഹോദര്യത്തിലും കൈകോർക്കപ്പെട്ടവരായി ഇതുവരെ നമ്മെ നടത്തിയ ദൈവത്തിനും സഹായിച്ച മനുഷ്യർക്കും നന്ദി പറഞ്ഞ് നമുക്ക് അകത്തേക്ക് പ്രവേശിക്കാം. തിരുഹൃദയ നാഥന്റെ തിരുഹൃദയത്തിൽ നമുക്ക് അഭയം കണ്ടെത്താം.

## ക്രിസ്റ്റീന ഫിസ്കോവ ലോകസുന്ദരി



മുംബൈ: 140 രാജ്യങ്ങളിലായി നൂറ് കോടിയിലേറെ തത്സമയ പ്രേക്ഷകർക്കായി മുംബൈയിൽ അരങ്ങേറിയ 71-ാം ലോകസുന്ദരി മത്സരത്തിൽ മിസ് ചെക്ക് റിപ്പബ്ലിക് ക്രിസ്റ്റീന ഫിസ്കോവ (23) കിരീടം ചൂടി. മിസ് ലെബനൻ യാസ്മിൻ ആണ് ഫസ്റ്റ് റണ്ണറപ്. കോവിഡിനെ തുടർന്നുള്ള അനിശ്ചിതത്വത്താൽ രണ്ട് വർഷമായി മിസ് വേൾഡായി തുടരുന്ന കരോലിന ബിലാസ്കയാണ് തന്റെ പിൻഗാമിയെ കിരീടമണിയിച്ചത്.

അവസാന എട്ടു പേരിൽ ഉൾപ്പെട്ട മിസ് ഇന്ത്യ സിനി ഷെട്ടിക്ക് ഫൈനലിൽ കയറാനായില്ല. ജിയോ വേൾഡ് കൺവൻഷൻ സെന്ററിലെ മാസ്മരിക വേദിയിൽ 'ജും കാ ഗിരിയാ' എന്ന ബോളിവുഡ് ഗാന നൃത്താവിഷ്കാരത്തോടെയാണ് മത്സരവേദിയുണർന്നത്.

ന്യൂഡൽഹിയിൽ നടന്ന പ്രാഥമിക ഘട്ടത്തിലെ വിജയികളായ 40 പേരാണ് ഫിനാലെയുടെ ഭാഗമായത്. ഇവരിൽ നിന്നാണ് 12 പേർ സെമിഫൈനലിൽ എത്തിയത്. തുടർന്ന് ഭൂഖണ്ഡാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത എട്ടു പേരിൽ നിന്ന് നാല്പേർ ഫൈനൽ റൗണ്ടിൽ മത്സരിച്ചത്.


## ക്നാനായ റീജിയൻ പാസ്റ്ററൽ കൗൺസിൽ മാർച്ച് 15-ന്

ചിക്കാഗോ: ക്നാനായ റീജിയണിലെ എല്ലാ ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും വൈദികരുടെയും സന്യസ്തരുടെയും സംയുക്ത മീറ്റിങ് നടത്തപ്പെടുന്നു.

മാർച്ച് 15-ന് വെള്ളിയാഴ്ച രാവിലെ 10.30 മുതൽ ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയ ഹാളിലാണ് മീറ്റിങ് നടത്തപ്പെടുക. ക്നാനായ റീജിയണിലെ വിവിധ വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി തീരുമാനമെടുക്കുന്നതാണ്.

ക്നാനായ റീജിയണിലെ ഏറ്റവും പ്രാധാന്യമേറിയ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത പങ്കെടുക്കുന്നതാണ്. വിവിധ വിഷയാവതരണങ്ങൾ മീറ്റിങ്ങിൽ നടത്തപ്പെടും.

വിവിധ ഇടവകകളിൽ നിന്നും മിഷനുകളിൽനിന്നുമായി അമ്പത്പേർ പങ്കെടുക്കുന്ന മീറ്റിങ് ക്നാനായ റീജിയൻ വികാരി ജനറൽ ഫാ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്യും.



# ഇന്ത്യയിലെ ആദ്യത്തെ അണ്ടർവാട്ടർ മെട്രോ മോദി ഉദ്ഘാടനം ചെയ്തു

കൊൽക്കത്ത: ഇന്ത്യയിലെ ആദ്യ അണ്ടർവാട്ടർ മെട്രോ ടണൽ പ്രധാന മന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. കൊൽക്കത്ത മെട്രോയുടെ ഭാഗമായി ഹൂഗ്ലി നദിക്ക് അടിയിലാണ് ടണൽ. ഹൗറ മൈതാൻ മുതൽ എസ്പ്ലനേഡ് വരെയുള്ള 4.8 കിലോമീറ്റർ മെട്രോ പാതയിൽ 520 മീറ്ററാണ് നദിയുടെ അടിയിലൂടെ കടന്നുപോകുന്നത്.



കൊൽക്കത്തയിലെ അണ്ടർവാട്ടർ മെട്രോ ടണലും ട്രെയിനും

45 സെക്കൻഡ് സമയമാണ് അടിത്തട്ടിലൂടെ മെട്രോ കടന്നുപോകാനുള്ളയം. പ്രതിദിനം ഏഴ് ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്കൊപ്പമാണ് പ്രധാന മന്ത്രി അണ്ടർ വാട്ടർ മെട്രോയിൽ യാത്ര ചെയ്തത്.

കൊൽക്കത്തയിലെ ഇരട്ടനഗരങ്ങളായ ഹൗറയെയും സാൾട്ട്ലേക്കിനെയും ബന്ധിപ്പിക്കുന്ന പാത നഗരഗതാഗതം കൂടുതൽ സുഗമമാക്കും. ഈസ്റ്റ് -വെസ്റ്റ് കോറിഡോർ എന്നറിയപ്പെടുന്ന 16.5 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പാതയുടെ 10.8 കിലോമീറ്റർ ഭൂമിക്കടിയിലൂടെയാണ്. ആറ് സ്റ്റേഷനുകളിൽ മൂന്നെണ്ണം ഭൂമിക്കടിയിലാണ്. 2009-ൽ ആണ് നിർമാണം ആരംഭിച്ചത്. 2017-ൽ അണ്ടർവാട്ടർ ടണൽ നിർമാണം ആരംഭിച്ചു. കൊൽക്കത്ത മെട്രോ റെയിൽ കോർപറേഷനാണ് നിർമാതാക്കൾ.

പുഴയുടെ ജലനിരപ്പിൽനിന്നു 33 മീറ്റർ താഴ്ചയിലാണ് തുരങ്കം. അടിത്തട്ടിൽ നിന്ന് 13 മീറ്റർ താഴെയാണ് പാത കടന്നുപോകുന്നത്. കൊൽക്കത്തയെയും ഹൗറയെയും ബന്ധിപ്പിക്കുന്ന ഈസ്റ്റ് വെസ്റ്റ് ഹൗറ മെട്രോയുടെ കുറച്ചു ഭാഗങ്ങളൊഴികെ മുഴുവൻ പൂർത്തിയായിട്ടുണ്ട്. അപകടമുണ്ടായാൽ യാത്രക്കാരെ രക്ഷപ്പെടുത്തുന്നതിനായി തുരങ്കത്തിനുള്ളിൽ പ്രത്യേക നടപ്പാതകളും പൂർത്തിയായിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞെങ്കിലും ട്രെയിൻ സർവീസ് പിന്നീടേ ആരംഭിക്കൂ. 15,400 കോടി രൂപയുടെ വിവിധ വികസനപദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിട്ടു.

# മിൽമാ ഭരണം പിടിക്കാനുള്ള ബിൽ രാഷ്ട്രപതി തടഞ്ഞു

തിരുവനന്തപുരം: മിൽമയുടെ ഭരണം സർക്കാർ നിയന്ത്രണത്തിലാക്കുന്നതിനു കേരളനിയമസഭ പാസാക്കിയ കേരള സഹകരണ സംഘ നിയമ ഭേദഗതി ബില്ലിനു രാഷ്ട്രപതി അനുമതി നിഷേധിച്ചു. ബിൽ രാഷ്ട്രപതി തടഞ്ഞുവെച്ചതായി രാജ്ഭവൻ അറിയിച്ചു. അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള ക്ഷീര സംഘങ്ങളുടെ പ്രതിനിധികൾക്കു മേഖലാ ക്ഷീരോൽപാദക യൂണിയന്റെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും മാനേജിങ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിനും അവകാശം നൽകുന്നതിനാണു നിയമഭേദഗതി കൊണ്ടുവന്നത്. സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാർക്കു മാത്രമേ നിലവിൽ വോട്ടവകാശമുള്ളൂ. നിയമഭേദഗതിയിലൂടെ സർക്കാരിനു താൽപര്യമുള്ളവരെ ജയിപ്പിക്കാനും ഭരണം പിടിക്കാനും സാധിക്കുമായിരുന്നു.

ഇതുൾപ്പെടെ ഏഴ് ബില്ലുകൾ കഴിഞ്ഞ നവംബറിൽ രാഷ്ട്രപതിയുടെ അനുമതിക്കായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അയച്ചെങ്കിലും ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന ബില്ലിനു മാത്രമാണ് അനുമതി ലഭിച്ചത്.

കേരള, കാർഷിക, സംസ്കൃത, കണ്ണൂർ, കാലിക്കറ്റ്, എം.ജി., വെറ്ററിനറി, ആരോഗ്യ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ നീക്കുന്ന ബിൽ, വൈസ് ചാൻസലർ നിയമനത്തിനുള്ള സേർച് കമ്മിറ്റി അംഗങ്ങളുടെ എണ്ണം മൂന്നിൽനിന്ന് അഞ്ചാക്കുന്ന ബിൽ, കുസാറ്റ്, മലയാളം, സാങ്കേതിക സർവകലാശാലകളുടെ അപ്ലറ്റ് ട്രൈബ്യൂണൽ സ്ഥാനത്തു വിരമിച്ച ജഡ്ജിയെ നിയമിക്കാൻ സർക്കാരിന് അംഗീകാരം നൽകുന്ന ബിൽ എന്നിവയ്ക്കാണു നേരത്തെ രാഷ്ട്രപതി അംഗീകാരം നിഷേധിച്ചത്. കുസാറ്റ്, ഫിഷറീസ്, മലയാളം, സാങ്കേതിക, ഓപ്പൺ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ പുറത്താക്കാനുള്ള ബിൽ, കേരള, കാലിക്കറ്റ്, എം.ജി., സംസ്കൃതം, കണ്ണൂർ, നിയമ സർവകലാശാലകളിലെ അപ്ലറ്റ് ട്രൈബ്യൂണൽ ബിൽ എന്നിവ കൂടി രാഷ്ട്രപതിയുടെ പരിഗണനയിലുണ്ട്. ഇവയ്ക്കും അനുമതി ലഭിക്കാൻ സാധ്യതയില്ല.

# ഇന്ത്യ ഇനി 'ക്യാറ്റ് കിങ്'

കൊച്ചി: കടുവയും സിംഹവും പുള്ളിപ്പുലിയുമൊക്കെ ഉൾപ്പെടുന്ന ലോകത്തെ വലിയ മാർജാര സാമ്രാജ്യത്തിന്റെ അധിപതിയാകാൻ ഇന്ത്യ ഒരുങ്ങുന്നു. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിന്റെ ആസ്ഥാനമായി ഇന്ത്യയെ മാറ്റുന്നതിന് കേന്ദ്രം തീരുമാനമെടുത്തു. ലോകത്തെ 96 രാജ്യങ്ങളും വന്യജീവിസംഘടനകളും പങ്കാളികളാകും. അഞ്ചുവർഷത്തേക്ക് കേന്ദ്രസർക്കാർ 150 കോടി രൂപയാണ് മാറ്റിവെക്കുന്നത്. ഈ വന്യജീവികളുടെ സംരക്ഷണത്തിനായുള്ള നയരൂപവത്കരണം, മാർഗനിർദേശം എന്നി



വയ്ക്ക് മുൻകൈയെടുക്കുകയും വന്യമൃഗവേട്ടയ്ക്കെതിരെ ആഗോളതലത്തിൽ പദ്ധതികൾ രൂപവത്കരിക്കാനും നേതൃത്വം വഹിക്കുന്നതും ഇന്ത്യയുടെ ചുമതലയാകും. മാർജാരകുടുംബത്തിലെ വമ്പന്മാരാണ് ബിഗ് ക്യാറ്റ്സ് എന്നു പറയപ്പെടുന്നത്. കടുവ, സിംഹം, പുള്ളിപ്പുലി, ഹിമപ്പുലി, പ്യൂമ, ജാഗ്വർ, ചീറ്റ തുടങ്ങിയവയാണത്. ഇതിൽ പ്യൂമയും ജാഗ്വറും ഒഴികെയുള്ളവ ഇന്ത്യയിലുണ്ട്. ഇന്ത്യ തന്നെയാണ് ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ് (ഐ.ബി.സി.എ.) എന്ന ആശയം മുന്നോട്ടുവെച്ചത്.

ഇവയുള്ള വനമേഖലകൾ 96 രാജ്യങ്ങളിലാണുള്ളത്. ഇതിൽ 16 രാജ്യങ്ങളും വംശനാശഭീഷണിപ്പട്ടിക തയ്യാറാക്കുന്ന ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ നെയ്ച്ചർ (ഐ.യു.സി.എൻ.), വേൾഡ് വൈൽഡ്ലൈഫ് ഫണ്ട് (ഡബ്ല്യു.ഡബ്ല്യു.എഫ്.), ഗ്ലോബൽ ടൈഗർ ഫോറം തുടങ്ങിയ ഒമ്പത് ആഗോളസംഘടനകളും പങ്കാളികളാകാനുള്ള സമ്മതം ഇന്ത്യയെ അറിയിച്ചു. ഭാവിയിൽ ഈ രാജ്യങ്ങളിലേക്ക് കടുവ, സിംഹം എന്നിവയെ എത്തിക്കാനുള്ള ലക്ഷ്യം മുൻനിർത്തിയാണിത്.

# എസ്ബിഐക്കെതിരെ കോടതിയലക്ഷ്യ ഹർജി

ന്യൂഡൽഹി: സുപ്രീംകോടതി നിർദേശിച്ചപ്രകാരം തെരഞ്ഞെടുപ്പ് ബോണ്ടുകൾ നല്കിയവരുടെയും ലഭിച്ച പാർട്ടികളുടെയും വിവരങ്ങൾ മാർച്ച് ആറിനകം സമർപ്പിക്കാത്ത എസ്ബിഐക്കെതിരെ കോടതിയലക്ഷ്യ ഹർജി. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എ.ഡി.ആർ), കോമൺ കോസ് എന്നീ സംഘടനകളാണ് സുപ്രീം കോടതിയിൽ കോടതിയലക്ഷ്യ ഹർജി നല്കിയത്. ബോണ്ട് വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാൻ ജൂൺ ആറുവരെ സമയംതേടി എസ്ബിഐ സുപ്രീം കോടതിയെ സമീപിച്ചിരുന്നു. എസ്ബിഐയുടെ അപേക്ഷയ്ക്കൊപ്പം കോടതിയലക്ഷ്യ ഹർജിയും പരിഗണിക്കണമെന്ന് ഹർജിക്കാർക്ക് വേണ്ടി അഡ്വ. പ്രശാന്ത് ഭൂഷൺ ആവശ്യപ്പെട്ടു.

മാർച്ച് ആറിനകം എസ്ബിഐ വിവരങ്ങൾ നല്കണമെന്നും 13-നകം തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ അത് പ്രസിദ്ധീകരിക്കണമെന്നുമാണ് ബോണ്ട് പദ്ധതി റദ്ദാക്കി സുപ്രീംകോടതി ഫെബ്രുവരി 15-ന് ആവശ്യപ്പെട്ടത്. എന്നാൽ, 2019 ഏപ്രിൽ 12 മുതൽ സുപ്രീം കോടതിയുടെ വിധി വന്ന 2024 ഫെബ്രുവരി 15 വരെ 22,217 ബോണ്ടുകളുണ്ടെന്നും അവയുടെ വിവരങ്ങൾ ഡീകോഡ് ചെയ്യാൻ സമയം ആവശ്യമാണെന്നും എസ്ബിഐയുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടി. ആവശ്യം സുപ്രീംകോടതി അംഗീകരിച്ചാൽ രാഷ്ട്രീയ പാർട്ടികൾക്ക് ബോണ്ട് വഴി സംഭാവന നല്കിയവരുടെ വിവരങ്ങൾ ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ സർക്കാർ അധികാരത്തിൽ വരുന്നതുവരെ പുറത്തുവരില്ല.




BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee
Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിന്റെ പുതിയ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# പദ്മജ ബിജെപിയിൽ ചേർന്നു; അമ്പരന്ന് കോൺഗ്രസ്

ന്യൂഡൽഹി: മുൻ കേരള മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന കെ. കരുണാകരന്റെ മകൾ പദ്മജ വേണുഗോപാൽ ബിജെപിയിൽ ചേർന്നു.

ബിജെപി കേന്ദ്ര ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കേരള പ്രഭാരിയും മുൻ കേന്ദ്രമന്ത്രിയുമായ പ്രകാശ് ജാവദേ



ക്കറിൽ നിന്നാണ് പദ്മജ ബിജെപി അംഗത്വം സ്വീകരിച്ചത്.

പ്രധാനമന്ത്രി നരേന്ദ്രമോദി വളരെ ശക്തനായ നേതാവാണെന്നും അതുകൊണ്ടാണ് ബിജെപിയിൽ ചേർന്നതെന്നും അംഗത്വം സ്വീകരിച്ചശേഷം നടത്തിയ പത്രസമ്മേളനത്തിൽ പദ്മജ പറഞ്ഞു. ബിജെപിയെക്കുറിച്ച് കൂടുതൽ അറിയില്ലെന്നു പറഞ്ഞതോടെ ജാവദേക്കർ വേഗത്തിൽ പത്രസമ്മേളനം അവസാനിപ്പിച്ചു.

പദ്മജയുടെ വിശദമായ പ്രസ്താവനയ്ക്കായി മാധ്യമപ്രവർത്തകർ ബിജെപി ഓഫീസിനു താഴെ കാത്തിരുന്നിട്ടും അവിടെ സംസാരിക്കുന്നതും ഒഴിവാക്കി. ബിജെപി ദേശീയ സെക്രട്ടറിയും മലയാളിയുമായ അരവിന്ദ് മേനോൻ, വക്താവ് ടോം വടക്കൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ലീഡർ കെ. കരുണാകരന്റെ മകൾ പദ്മജ വേണുഗോപാലിന്റെ ബിജെപി പ്രവേശനം സംസ്ഥാനത്തെ കോൺഗ്രസ് നേതൃത്വത്തെ അമ്പരപ്പിച്ചു. പദ്മജയ്ക്കൊപ്പം കോൺഗ്രസിൽ നിന്ന് ഒരാൾപോലും ബിജെപിയിലേക്കു പോകുമെന്നു കോൺഗ്രസ് കരുതുന്നില്ല. എങ്കിലും ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തെത്തി നില്ക്കുമ്പോൾ പദ്മജ ബിജെപിയിലേക്ക് പോയത് കോൺഗ്രസിനെ രാഷ്ട്രീയമായി ബാധിക്കും.

സിപിഎമ്മും ബിജെപിയും തമ്മിൽ അന്തർധാര എന്ന ആരോപണം കോൺഗ്രസ് നേതൃത്വം കുറച്ചുനാളായി ആവർത്തിച്ച് ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ സംശയിക്കാവുന്ന ചില നീക്കങ്ങളെങ്കിലും സമീപകാലത്ത് ഉണ്ടായിട്ടുമുണ്ട്. ഈ സമയത്താണ് പദ്മജയുടെ ചുവടുമാറ്റം.

ദേശീയതലത്തിൽ ഒട്ടേറെ സംസ്ഥാനങ്ങളിൽ കോൺഗ്രസ് നേതാക്കൾ കൂട്ടത്തോടെ ബിജെപിയിലേക്ക് പോകുമ്പോൾ അതിന് അപവാദമായി നിൽക്കുകയായിരുന്നു കേരളം. ഈ സംഭവത്തോടെ ആ ധാരണയ്ക്കു മാറ്റം വന്നതായി എതിരാളികൾക്ക് പറഞ്ഞു പ്രചരിപ്പിക്കാം.

ഇന്നത്തെ കോൺഗ്രസുകാർ നാളത്തെ ബിജെപി എന്ന സിപിഎം ആരോപണം അവർ ശക്തമായി ഉന്നയിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയനും ഇടതുമുന്നണി കൺവീനർ ഇ.പി. ജയരാജനും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനുമെല്ലാം രംഗത്തെത്തി. നാളെ ആരാണ് പോകുന്നതെന്നു പറയാനാകില്ലെന്നാണ് എം.വി. ഗോവിന്ദൻ പറഞ്ഞത്.

ബിജെപിയുടെ പന്ത്രണ്ട് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ തന്നെ രണ്ടുപേർ പഴയ കോൺഗ്രസുകാരാണ്.

കണ്ണൂരിലെ സി. രഘുനാഥും പത്തനംതിട്ടയിലെ അനിൽ ആന്റണിയും. പദ്മജ കൂടി സ്ഥാനാർത്ഥിയായാൽ മുൻ കോൺഗ്രസുകാരുടെ എണ്ണം മൂന്നാകും. പറഞ്ഞു പ്രചരിപ്പിക്കാൻ മിടുക്കുള്ള ഇടതുപക്ഷത്തിന് ഇത് ധാരാളം.

ഇടതുപക്ഷത്തിന്റെ ഈ വിമർശനത്തെ പ്രതിരോധിക്കാൻ കോൺഗ്രസിന് നന്നായി അദ്ധ്വാനിക്കേണ്ടിവരും. പദ്മജ കോൺഗ്രസ് വിടുന്ന എന്ന വാർത്ത പുറത്തുവന്നപ്പോൾ കടുത്ത വിമർശനവുമായി ആദ്യമെത്തിയത് കെ, മുരളീധരൻ ആയിരുന്നു. ഇനി പദ്മജയുമായി ഒരു ബന്ധവുമുണ്ടാകില്ലെന്ന കടന്ന പ്രയോഗം വരെ മുരളീധരൻ നടത്തി.

ടി.പി. വധത്തിലെ ഹൈക്കോടതി വിധിയിലൂടെ ഇടതുപക്ഷം പ്രതിരോധത്തിലായി നിന്ന അവസരത്തിൽ അവർക്കു വീണുകിട്ടിയ സുവർണ്ണാവസരമാണിതെന്ന് മുരളീധരന് അറിയാം.

# വോട്ടർമാർ പകരം ചോദിക്കും: മുരളീധരൻ

കോഴിക്കോട്: തന്റെ സഹോദരി പദ്മജ വേണുഗോപാൽ കാട്ടിയത് ചതിയാണെന്നും വോട്ടർമാർ പകരം ചോദിക്കുമെന്നും കെ. മുരളീധരൻ എംപി. സംസ്ഥാനത്ത് 20 സീറ്റിലും ജയിക്കാൻ കോൺഗ്രസ് ശ്രമം നടത്തുമ്പോൾ പദ്മജയുടെ നീക്കം ദൗർഭാഗ്യകരമാണെന്ന് അദ്ദേഹം പറഞ്ഞു. ജയസാദ്ധ്യതയുള്ള സീറ്റാണ് പദ്മജയ്ക്ക് മത്സരിക്കാൻ നല്കിയിരുന്നത്. എന്നാൽ, ജയിച്ചു കയറാൻ കഴിഞ്ഞില്ല.1999-ൽ 52,000 വോട്ടിന് കോൺഗ്രസ് ജയിച്ച മുകുന്ദപുരം സീറ്റിൽ 2004-ൽ പദ്മജ മത്സരിച്ചപ്പോൾ ഒന്നരലക്ഷം വോട്ടിന് തോറ്റു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും തോറ്റു: മുരളീധരൻ പറഞ്ഞു.



“ചിലർ കാലുവാരിയതു കൊണ്ടാണ് തോറ്റതെന്നു പദ്മജ പറയുന്നു. ചിലർ കാലുവാരിയാൽ തോൽക്കുന്നതാണോ തെരഞ്ഞെടുപ്പ്? എന്നെ കാലു വാരിയിട്ടില്ലേ. പദ്മജ പറയുന്ന ഈ കാരണത്തിന് അടിസ്ഥാനമില്ല. അവരെ വളർത്തി വലുതാക്കിയത് പാർട്ടിയാണ്. കരുണാകരന്റെ കുടുംബത്തിൽ നിന്ന് ബിജെപിക്ക് ഒരാളെ കിട്ടിയത് മതേതരവിശ്വാസികൾക്ക് ദുഃഖമുണ്ടാക്കുന്നതാണ്. പദ്മജയെക്കൊണ്ട് ബിജെപിക്കാർക്ക് കാൽ കാശിന്റെ ഗുണം കിട്ടില്ല. കോൺഗ്രസ് ഞങ്ങളുടെ കുടുംബമാണ്. കുടുംബത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാറുണ്ട്. അല്ലാതെ വിട്ടുപോകുകയല്ല ചെയ്യേണ്ടത്. കെ. കരുണാകരന്റെ മൃതദേഹത്തിൽ പുതപ്പിച്ച പതാക കോൺഗ്രസിന്റേതാണ്. അക്കാര്യമെങ്കിലും പദ്മജ ഓർക്കേണ്ടിയിരുന്നു. അച്ഛന്റെ ആത്മാവ് പദ്മജയോട് പൊറുക്കില്ല. ഇനി ഒരു ബന്ധവും പദ്മജയുമായി ഇല്ല:” മുരളീധരൻ പറഞ്ഞു.

# ഇന്ത്യയ്ക്ക് പ്രതിരോധ ജലാന്തർവാഹനം ഒരുങ്ങുന്നു

കൊച്ചി: ശത്രുക്കളുടെ അന്തർവാഹിനികളെയടക്കം കണ്ടെത്താനും സമുദ്രാന്തർ നിരീക്ഷണത്തിനും സ്വയം പ്രവർത്തിക്കുന്ന ജലാന്തർ വാഹനവുമായി ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ). ഹൈ എൻഡ്യൂറൻസ് ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിളിന്റെ (എച്ച്ഇഎയുവി)ആദ്യ ജലോപരിതല പരീക്ഷണം കൊച്ചി കപ്പൽശാലയിലാണ് നടന്നത്. എല്ലാ ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കിയതായി ഡിആർഡിഒ അധികൃതർ വ്യക്തമാക്കി. വൈകാതെ ഇന്ത്യൻ നാവികസേനയുടെ ഭാഗമാകുമെന്നാണ് സൂചന.

പ്രതിരോധമന്ത്രി രാജ്നാഥ് സിങ് അദ്ധ്യക്ഷനായ ഡിഫൻസ് അക്വിസിഷൻ കൗൺസിൽ രണ്ടുവർഷം മുമ്പാണ് എച്ച്.ഇ.എ.യു.വി തദ്ദേശീയമായി വികസിപ്പിക്കാനുള്ള പദ്ധതിക്ക് അംഗീകാരം നല്കിയത്. പൂർണമായും തദ്ദേശീയമായാണ് രാജ്യത്തെ ആദ്യ എച്ച്ഇഎയുവി വികസിപ്പിച്ചത്.

അന്തർവാഹിനിയുടെ ചെറുരൂപമെന്ന് തോന്നിക്കുന്ന എച്ച്ഇഎയുവിക്ക് 6000 ടൺ ഭാരവും 12 മീറ്റർ നീളവുമുണ്ട്. വാഹനത്തിന്റെ പ്രൊപ്പല്ലറുകൾ സ്വയം പ്രവർത്തിക്കും. ഗതിനിയന്ത്രണവും സ്വയം നിശ്ചയിക്കും. അത്യാധുനിക സെൻസർ മോഡ്യൂളുകൾ, ആശയവിനിമയത്തിനുള്ള പ്രത്യേക സ്യൂട്ട്, സമുദ്രാന്തർഭാഗത്തെ കൂട്ടിയിടി ഒഴിവാക്കാനുള്ള സംവിധാനം, ശബ്ദതരംഗങ്ങളിലൂടെ സമുദ്രാന്തർഭാഗത്തെ വസ്തുക്കളെ തിരിച്ചറിയാനുള്ള സോണാറുകൾ തുടങ്ങിയവ ഇതിലുണ്ട്.



**സ്വയം പ്രവർത്തിക്കുന്ന ജലാന്തർവാഹനം കൊച്ചിയിൽ പരീക്ഷണത്തിനായി ഇറക്കുന്നു**

ദീർഘദൂരത്തിലും ആഴത്തിലും സഞ്ചരിച്ച് സമുദ്രാന്തർ നിരീക്ഷണം, അന്തർവാഹിനികൾ ഉൾപ്പെടെയുള്ള ശത്രുസാന്നിധ്യം കണ്ടെത്തൽ, കടലിനടിയിലെ മൈനുകൾ കണ്ടെത്തൽ എന്നിവയാണ് പ്രധാന ദൗത്യം.



# കെ.എസ്.ഐ.ഡി.സി. പലതും ഒളിക്കാൻ ശ്രമിക്കുന്നു: കേന്ദ്ര കോർപറേറ്റ് മന്ത്രാലയം

തിരുവനന്തപുരം: സി.എം.ആർ.എലിനെതിരായ ആദായനികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവുണ്ടായപ്പോൾ ഓഹരി പങ്കാളിയെന്ന നിലയിൽ ആവശ്യമായ ഇടപെടൽ നടത്തിയെന്നു സ്ഥാപിക്കാൻ കെ.എസ്.ഐ.ഡി.സി. ഹൈക്കോടതിയിൽ ഹാജരാക്കിയ രേഖകൾക്കെതിരെ കേന്ദ്ര കോർപറേറ്റ് മന്ത്രാലയം. കെ.എസ്.ഐ.ഡി.സി. പലതും ഒളിക്കാൻ ശ്രമിക്കുകയാണെന്നും സി.എം.ആർ.എൽ., കെ.എസ്.ഐ.ഡി.സിക്കു നൽകിയതായി പറയുന്ന വിശദീകരണക്കുറിപ്പിനെക്കുറിച്ചു സംശയമുണ്ടെന്നും കോർപറേറ്റ് മന്ത്രാലയം, എസ്.എഫ്.ഐ.ഒ. എന്നിവർ കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചു.

വിശദീകരണം നൽകിയതിന്റെ രേഖ കയ്യിലുണ്ടായിരുന്നെങ്കിൽ, വിവരാവകാശ അപേക്ഷയ്ക്കു നൽകിയ മറുപടിയിലും രജിസ്ട്രാർ ഓഫ് കമ്പനീസിനു നൽകിയ മറുപടിയിലും മറച്ചുവെച്ചത് എന്തിനെന്നാണു ചോദ്യം.

എസ്.എഫ്.ഐ.ഒ. അന്വേഷണം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള കെ.എസ്.ഐ.ഡി.സിയുടെ ഹർജിയാണു കോടതിയിലുള്ളത്. ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിന് ആധാരമായ സി.എം.ആർ.എലിന്റെ ഇടപാടുകളിൽ പങ്കില്ലെന്നാണു കെ.എസ്.ഐ.ഡി.സിയുടെ വാദം. പങ്കില്ലെങ്കിൽ, കെ.എസ്.ഐ.ഡി.സി. നടപടിയെടുത്തതിന്റെ രേഖകൾ ഹാജരാക്കണമെന്നു കോടതി ആവശ്യപ്പെട്ടിരുന്നു. 2023 ഓഗസ്റ്റ് 14-ന് വിശദീകരണം ചോദിച്ചതിന്റെയും സെപ്റ്റംബർ 20-നു വിശദീകരണം ലഭിച്ചതിന്റെയും രേഖകളാണു കഴിഞ്ഞ 26-നു ഹാജരാക്കിയത്.

എന്നാൽ ഷോൺ ജോർജിന്റെ പരാതിയിൽ ഡിസംബർ 21-നു കെ.എസ്.ഐ.ഡി.സിയോടു കൊച്ചി ആർ.ഒ.സി. വിശദീകരണം ചോദിച്ചപ്പോൾ ഇക്കാര്യങ്ങളൊന്നും അറിയിച്ചില്ലെന്ന് എതിർസത്യവാങ്മൂലത്തിൽ പറയുന്നു. ജനുവരി മൂന്നിന് കെ.എസ്.ഐ.ഡി.സി. നൽകിയ മറുപടിയിൽ സി.എം.ആർ.എലിനോടു വിശദീകരണം ചോദിച്ചതായോ, ലഭിച്ചതായോ പറയുന്നില്ല. ഒക്ടോബർ 27-നു വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ സി.എം.ആർ.എലിന്റെ വിശദീകരണം ലഭിച്ചിട്ടില്ലെന്നാണു കെ.എസ്.ഐ.ഡി.സി. പറയുന്നത്. സി.എം.ആർ.എൽ. നൽകിയതായി കെ.എസ്.ഐ.ഡി.സി. അവകാശപ്പെടുന്ന വിശദീകരണക്കുറിപ്പിനെക്കുറിച്ച് സംശയം ജനിപ്പിക്കുന്നതാണ് ഈ നടപടി.

എന്തൊക്കെയോ ഒളിക്കാൻ ശ്രമിക്കുകയാണെന്നു കേന്ദ്രം ആരോപിക്കുന്നു. ആദായനികുതി വകുപ്പിന്റെ പരിശോധനയുടെകാര്യം 2019 ഫെബ്രുവരിയിലെ സി.എം.ആർ.എൽ. ബോർഡ് യോഗത്തിൽ എം.ഡി. അറിയിച്ചിരുന്നതായി കെ.എസ്.ഐ.ഡി.സി. കോടതിയിൽ നൽകിയ രേഖയിലുണ്ട്.

എന്നാൽ വിശദീകരണം ചോദിക്കാൻ 2023 ഓഗസ്റ്റ് 14 വരെ കാത്തിരുന്നു.

# റഷ്യയിലേക്ക് മനുഷ്യക്കടത്ത്: 3 മലയാളികൾ പ്രതിപ്പട്ടികയിൽ

ന്യൂഡൽഹി: മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് സിബിഐ രജിസ്റ്റർ ചെയ്ത കേസിൽ മൂന്നു മലയാളികളടക്കം 19 പേർ പ്രതിപ്പട്ടികയിൽ. റഷ്യൻ യുദ്ധമേഖലയിലേക്കു നടത്തിയ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് സിബിഐ നടത്തിയ അന്വേഷണത്തിലാണ് തിരുവനന്തപുരം സ്വദേശികളായ റോബോ, ജോബ്, ടോമി എന്നിവരെ പ്രതിപ്പട്ടികയിൽ ചേർത്തത്.

കേസ് രജിസ്റ്റർ ചെയ്തതിനു പിന്നാലെ തിരുവനന്തപുരം, ചെന്നൈ, ഡൽഹി, മുംബൈ, ചണ്ഡിഗഢ്, അംബാല, മധുര ഉൾപ്പെടെ 13 ഇടങ്ങളിൽ സിബിഐ റെയ്ഡ് നടത്തിയിരുന്നു. 50 ലക്ഷം രൂപയും ഇലക്ട്രോണിക് ഉപകരണങ്ങളും പിടിച്ചെടുക്കുകയും ചെയ്തിരുന്നു. ക്രിമിനൽ ഗൂഢാലോചന, വഞ്ചന, മനുഷ്യക്കടത്ത് തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

റഷ്യൻ ആർമി, സെക്യൂരിറ്റി, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട ജോലികൾക്ക് ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്ത് ഇന്ത്യൻ പൗരന്മാരിൽ നിന്നും വൻതുക ഈടാക്കിയാണ് പ്രതികൾ ഇവരെ റഷ്യയിലേക്ക് കടത്തിയതെന്ന് സിബിഐ പറയുന്നു. റഷ്യയിലെ സ്വകാര്യ സർവകലാശാലകളിൽ ഫീസിളവ് വാഗ്ദാനം ചെയ്ത് വിദ്യാർത്ഥികളെയും കടത്തിയതായി സിബിഐ കണ്ടെത്തി.

ഇത്തരത്തിൽ 180 വിദ്യാർത്ഥികളെ അയച്ച ഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കൺസൾട്ടൻസി സ്ഥാപനത്തിന്റെ പങ്ക് സിബിഐ അന്വേഷിക്കുന്നുണ്ട്. ഈ വിദ്യാർത്ഥികളെ റഷ്യൻ സേന യുദ്ധമുന്നണിയിൽ ഉപയോഗിക്കുന്നുണ്ടോ എന്നതിനെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. തൊഴിൽ തട്ടിപ്പിനിരയായി റഷ്യയിൽ എത്തിയ ഇന്ത്യക്കാരുടെ പാസ്പോർട്ടുകൾ അവിടെയുള്ള ഏജന്റുമാർ പിടിച്ചെടുക്കുകയും യുദ്ധപരിശീലനം നല്കി അവരെ സായുധസേനയിൽ ചേരാൻ നിർബന്ധിക്കുകയും ചെയ്തുവെന്നാണ് സിബിഐ അന്വേഷണത്തിലെ കണ്ടെത്തൽ.

ജോലി വാഗ്ദാനം ചെയ്തു യുവാക്കളെ റഷ്യയിലേക്കു കടത്തിയ 35 സംഭവങ്ങൾ കണ്ടെത്തിയതായി സിബിഐ അറിയിച്ചു.

# സുധാ മൂർത്തി രാജ്യസഭസഭയിലേക്ക്

ന്യൂഡൽഹി: എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ സുധാമൂർത്തിയെ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്ത് രാഷ്ട്രപതി ദ്രൗപതി മുർമു. സുധാമൂർത്തി രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടതിൽ ആഹ്ലാദമുണ്ട്. രാജ്യസഭയിലെ അവരുടെ സാന്നിദ്ധ്യം നാരീശക്തിയുടെ ശക്തമായ തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി എക്സിലൂടെ പങ്കുവെച്ചു.



രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട തീരുമാനം അപ്രതീക്ഷിതമായിരുന്നുവെന്നും പ്രധാനമന്ത്രിയോട് നന്ദിയുണ്ടെന്നും സുധാമൂർത്തി പ്രതികരിച്ചു. "വനിതാദിനത്തിൽ ഇങ്ങനെയൊരു തീരുമാനം വന്നതാണ് ഇരട്ടി സന്തോഷിപ്പിക്കുന്നത്. എന്നെ സംബന്ധിച്ച് ഇതൊരു പുതിയ മേഖലയാണ്. കഴിവിന്റെ പരമാവധി ഞാൻ പരിശ്രമിക്കും. പാവങ്ങൾക്കു വേണ്ടി പ്രവർത്തിക്കാനുള്ള അവസരമായാണ് ഞാൻ ഇതിനെ കാണുന്നത്"സുധാ മൂർത്തി പറഞ്ഞു.

ഇൻഫോസിസ് കമ്പനി സഹസ്ഥാപകൻ എൻ.ആർ. നാരായണ മൂർത്തിയുടെ ഭാര്യയും ഇൻഫോസിസ് ഫൗണ്ടേഷന്റെ മുൻ ചെയർപേഴ്സണുമാണ് സുധ. 2006-ൽ പത്മശ്രീ നല്കി രാജ്യം ആദരിച്ചിട്ടുണ്ട്. 2023-ൽ പത്മഭൂഷണും ലഭിച്ചു.

# 'ഇന്ത്യ എ.ഐ. ദൗത്യ'ത്തിന് 10,371 കോടി

ന്യൂഡൽഹി: നിർമിത ബുദ്ധി (എ.ഐ) മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 10,371 കോടി രൂപയുടെ വിപുലമായ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. നിർമിത ബുദ്ധി നിർമ്മാണ പ്രവർത്തനങ്ങൾ വിപുലീകരിക്കുക, ഇന്ത്യക്കായി നിർമിത ബുദ്ധി പ്രവർത്തിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സമഗ്രമായ ദേശീയതല ഇന്ത്യ എ.ഐ മിഷന് രൂപം നല്കിയിരിക്കുന്നത്.

ദൗത്യത്തിന്റെ ഭാഗമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഇതിനായി സമഗ്ര ആവാസ വ്യവസ്ഥ സ്ഥാപിക്കും. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 10,000 കംപ്യൂട്ടർ അടിസ്ഥാന സൗകര്യങ്ങൾ, കൂടുതൽ ഗ്രാഫിക്സ് പ്രോസസിങ് യൂണിറ്റുകൾ (ജി.പി.യു) എന്നിവ നിർമിക്കും.

ഡേറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, നിർമിത ബുദ്ധി പ്രതിഭകളെ ആകർഷിക്കുക, വ്യവസായ സഹകരണം പ്രാപ്തമാക്കുക, സാമൂഹികമായി സ്വാധീനം ചെലുത്തുന്ന നിർമിതബുദ്ധി പ്രോജക്ടുകൾ ഉറപ്പാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഡിജിറ്റൽ ഇന്ത്യ കോർപ്പറേഷൻ (ഡി.ഐ.സി) കീഴിലുള്ള ഇന്ത്യ എ.ഐ ഇൻഡിപെൻഡന്റ് ബിസിനസ് ഡിവിഷനാകും (ഐ.ബി.ഡി) ദൗത്യം നടപ്പാക്കുക.

നിർമിതബുദ്ധിയിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകളെ കൂടുതൽ ഗവേഷണങ്ങൾക്കായി പ്രോത്സാഹിപ്പിക്കും. ഇതിനായി നിർമിതബുദ്ധി 'മാർക്കറ്റ് പ്ലേസ്' രൂപകല്പന ചെയ്യും.ഇന്ത്യ എ.ഐ. ഇന്നോവേഷൻ സെന്റർ സ്ഥാപിക്കും. നിർമിതബുദ്ധി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള തടസ്സങ്ങൾ ലഘൂകരിക്കാൻ ഇന്ത്യ എ.ഐ ഫ്യൂച്ചർ സ്കിൽ രൂപവത്കരിക്കും.

ബിരുദ, ബിരുദാനന്തര, ഗവേഷണ മേഖലയിൽ കൂടുതൽ എ.ഐ കോഴ്സുകൾ ആരംഭിക്കാനും തീരുമാനമുണ്ട്.

# കുടിവെള്ളം കൊണ്ട് കാർ കഴുകിയാൽ പിഴ 5000 രൂപ

ബെംഗ്ളൂരു: ബെല്ലൂരുവിൽ ജലക്ഷാമം അതിരൂക്ഷമായ സാഹചര്യത്തിൽ കുടിവെള്ളം കൊണ്ട് കാർ കഴുകുന്നതിനും ചെടി നനയ്ക്കുന്നതിനും 5000 രൂപ പിഴയീടാക്കാൻ കർണാടക സർക്കാർ.

കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾക്ക് കുടിവെള്ളം ഉപയോഗിക്കുന്നതിനും മാളുകളിലും പൊതുസ്ഥലങ്ങളിലും ജലധാരകൾ പ്രവർത്തിപ്പിക്കുന്നതിനും വിലക്കുണ്ട്. ആദ്യഘട്ടത്തിൽ 5000 രൂപയാണ് പിഴയെങ്കിലും ആവർത്തിച്ചാൽ പിഴത്തുകയിൽ 500 രൂപ കൂടി ഈടാക്കും.


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com




ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR




# ലോക കിഡ്നി ദിനം: രോഗ ബോധവത്കരണവുമായി ഷിബു പീറ്റർ

ചിക്കാഗോ: എല്ലാ വർഷവും മാർച്ച് മാസത്തിലെ രണ്ടാം വ്യാഴാഴ്ച ലോക കിഡ്നി ദിനമായി ആഗോളതലത്തിൽ ആചരിക്കുന്നു. ഇതോടനുബന്ധിച്ച് ക്രോണിക് കിഡ്നി രോഗത്തെ ആരംഭത്തിലെ കണ്ടുപിടിച്ചു തടയുക എന്ന ലക്ഷ്യത്തോടെ ചിക്കാഗോ മലയാളി സമൂഹത്തിലും പ്രവർത്തനങ്ങൾ സജീവമാകുന്നു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സംസ്ഥാന കോ-ഓർഡിനേറ്ററും ചിക്കാഗോ നാഷണൽ കിഡ്നി ഫെഡറേഷൻ എക്സിക്യൂട്ടീവ് അംഗവുമായ ഷിബു പീറ്റർ വെട്ടുകല്ലേലിന്റെ നേതൃത്വത്തിലാണ് സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത്. ഫൗണ്ടേഷന്റെ കിഡ്നി മൊബൈൽ സംവിധാനം പ്രയോജനപ്പെടുത്തി വിവിധയിടങ്ങളിൽ കിഡ്നി പരിശോധനാ ക്യാമ്പുകളും കൂടാതെ രോഗലക്ഷണങ്ങൾ, ആരംഭത്തിലെ രോഗം എങ്ങനെ കണ്ടുപിടിച്ചു തടയാം എന്നതിനെക്കുറിച്ചുള്ള വിശദമായ ബോധവത്കരണ സെമിനാറുകളും നടത്തുന്നു. ഓരോ ക്യാമ്പിലും ഏകദേശം 80 പേർക്ക് പരിശോധനകൾ നടത്തിയപ്പോൾ ശരാശരി മൂന്നു നാലു പേർക്ക് രോഗലക്ഷണങ്ങൾ കണ്ടുപിടിക്കുന്നുണ്ട് എന്ന് ഷിബു പറഞ്ഞു. ആരംഭഘട്ടമായതുകൊണ്ട് പ്രാരംഭചികിത്സയിലൂടെ രോഗം വഷളാകാതെ പ്രതിരോധിച്ചാൽ അവർക്ക് പൂർണ്ണമായും രോഗമുക്തരാകുവാൻ സാധിക്കും.

പ്രധാന ലക്ഷണങ്ങളായ മൂത്രത്തിൽ എണ്ണമയവും കൊഴുപ്പും കലർന്ന രീതിയിൽ പതഞ്ഞു പൊങ്ങുക, അളവിൽ കുറയുക, മൂത്രത്തിൽ രക്തമയം കാണുക, ആവർത്തിച്ചു കുറഞ്ഞ അളവിൽ മൂത്രമൊഴിക്കുക, മൂത്രമൊഴിക്കുമ്പോൾ തടസ്സവും വേദനയും പുകച്ചിലും അവുഭവപ്പെടുക, കൂടാതെ കണ്ണിനു ചുറ്റും തടിപ്പ്, മുഖത്തും കൈകാലിലും ദേഹത്തും നീര്, ശരീര വേദന, തളർച്ച, ക്ഷീണം, ഛർദ്ദി, വിശപ്പില്ലായ്മ, കിതപ്പ്, ശ്വാസംമുട്ടൽ, നടുവ് വേദന, ബോധക്ഷയം, കാഴ്ച മങ്ങൽ, എല്ലിന് ബലക്ഷയം തുടങ്ങിയ ലക്ഷണങ്ങളെ ശ്രദ്ധിക്കാതെ രോഗം മൂർച്ഛിച്ച് അഞ്ചാംഘട്ട കിഡ്നി രോഗത്തിന് അടിമപ്പെട്ടാൽ ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കുകയില്ല. പിന്നെയുള്ള ഏകാശ്രയം മുടങ്ങാതെ ഡയാലിസിസ്, അല്ലെങ്കിൽ കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയ മാത്രമാണ്. ഈ സന്ദേശം ജനങ്ങളിൽ എത്തിച്ച് രോഗത്തെ ആരംഭത്തിലെ തടയാൻ ബോധവത്കരിക്കുകയാണ് ലക്ഷ്യമിടുന്നത്. ചിക്കാഗോയിൽ സ്ഥിര താമസമാക്കിയ ഷിബു പീറ്റർ പാലാ സ്വദേശിയാണ്.





ഷിബു പീറ്റർ

# ആർട്ട് ലവേഴ്സ് ഓഫ് അമേരിക്കയുടെ ചിത്രവർണ്ണം ഏപ്രിൽ 28–ന് ചിക്കാഗോയിൽ

**അലൻ ചെന്നിത്തല**

ചിക്കാഗോ: അല-ആർട്ട് ലവേഴ്സ് ഓഫ് അമേരിക്കയുടെ നേതൃത്വത്തിൽ ചിത്രവർണ്ണം ഏപ്രിൽ 28-ന് വൈകിട്ട് 5 മണിക്ക് ചിക്കാഗോയിലെ നേപ്പർവിൽ യെല്ലോ ബോക്സിൽവെച്ച് നടത്തപ്പെടും. മലയാളി തനിമയും തനതായ സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കാനും അടുത്ത തലമുറകളിലേക്ക് പകരുവാനായി ചിക്കാഗോ കേന്ദ്രമാക്കി ഒരു 'കേരള സാംസ്കാരിക കേന്ദ്രം' ആരംഭിക്കുവാൻ പുരോഗമന കലാ സാംസ്കാരിക സംഘടനയായ അല ആഗ്രഹിക്കുന്നു. സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മലയാളി പ്രവാസിക്ക് അനുകൂലമായ അന്തരീക്ഷവും സൗകര്യവും നല്കുവാൻ പ്രാപ്തമാകുന്ന ഒരു കെട്ടിടം നിർമ്മിക്കുക എന്നതാണ് അല ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്. കേരളീയ കലകളുടെ പരിശീലനകേന്ദ്രം, ലൈബ്രറി, ഓഡിറ്റോറിയം, കേരളത്തിൽനിന്നും അമേരിക്കയിൽ സന്ദർശനത്തിന് എത്തുന്ന മുതിർന്ന പൗരന്മാർക്ക് ഒത്തുകൂടുവാൻ ഒരിടം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്ന സാംസ്കാരിക കേന്ദ്രം എന്ന നിലയിലാണ് അല ഇതിനെ രൂപകല്പന ചെയ്യുന്നത്. പുരോഗമന കലാ-സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം കേരള സർക്കാരുമായി ചേർന്ന് ട്രൈബൽ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പല പ്രോജക്ടുകളും അല നടപ്പാക്കുന്നു. ഈ സംരംഭത്തിനു വേണ്ടിയുള്ള ധനസമാഹരണത്തിനായി കേരളത്തിന്റെ വാനമ്പാടി കെ.എസ് ചിത്രയുമായി ചേർന്ന് ചിത്രവർണ്ണം എന്ന സംഗീതവിരുന്ന് അല സംഘടിപ്പിക്കുകയാണ്. അമേരിക്കയിലെ എല്ലാ മലയാളികൾക്കും ഒരുപോലെ പ്രയോജനം നല്കുന്ന മഹത്തായ ഉദ്യമത്തിന് അമേരിക്കൻ പ്രവാസികളായ ഏവരുടെയും പിന്തുണയും സഹായവും അഭ്യർത്ഥിച്ചുകൊണ്ട് ഈ പരിപാടിയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി ആർട്ട് ലവേഴ്സ് ഓഫ് അമേരിക്കയുടെ ഭാരവാഹികൾ അറിയിച്ചു.




# തൃപ്പൂണിത്തുറ മെട്രോ ടെർമിനൽ നാടിന് സമർപ്പിച്ച് പ്രധാനമന്ത്രി

തൃപ്പൂണിത്തുറ: ആദ്യം ഗംഗ, പിന്നീടു യമുന, പുഴകളുടെ പേരുള്ള മെട്രോ ട്രെയിനുകൾ പാളത്തിൽ കുതിച്ചു. കൊൽക്കത്തയിൽനിന്ന് ഓൺലൈനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്തതോടെ തൃപ്പൂണിത്തുറ മെട്രോ ടെർമിനൽ സ്റ്റേഷനിൽ നിന്നുള്ള ആദ്യ സർവീസിനു തുടക്കമായി. കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ അവസാന സ്റ്റേഷനാണു പ്രധാനമന്ത്രി നാടിനു സമർപ്പിച്ചത്. ഇതോടെ ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 25 സ്റ്റേഷനുകളുമായി 28.2 കിലോമീറ്റർ ദൂരമാണു കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായത്.

പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തതിനു പിന്നാലെ തൃപ്പൂണിത്തുറയിൽനിന്നു ഭിന്നശേഷിയുള്ള കുട്ടികളുമായി 'ഗംഗ' എന്നു പേരുള്ള ആദ്യ ട്രെയിൻ ആലുവയിലേക്കു പുറപ്പെട്ടു. 105 കുട്ടികൾ ആദ്യ ട്രെയിനിൽ യാത്ര ചെയ്തു. ആദ്യ ട്രെയിനിനു പിന്നാലെ ജനങ്ങൾക്കുള്ള സർവീസ് ആരംഭിച്ചു. 12-നു 'യമുന' എന്ന പേരുള്ള ട്രെയിൻ രണ്ടാമതായി സർവീസ് നടത്തി. മുഖ്യമന്ത്രി പിണറായി വിജയന്റെ വീഡിയോ സന്ദേശം ചടങ്ങിൽ പ്രദർശിപ്പിച്ചു. കൊച്ചി മെട്രോയിലെ ദൈനംദിന യാത്രക്കാരുടെ എണ്ണം ഒരു ലക്ഷത്തിലേക്ക് എത്തുന്നുവെന്നതു കുറഞ്ഞ നിരക്കിൽ മികച്ച നിലവാരമുള്ള പൊതുഗതാഗതം ഏർപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാരിന്റെ പരിശ്രമം വിജയം കണ്ടതിന്റെ തെളിവാണെന്നു മുഖ്യമന്ത്രി പറഞ്ഞു.


കൊച്ചി മെട്രോ തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷൻ റൂട്ട് ഉൾപ്പെടെ ഇന്ത്യയിലെ എട്ട് മെട്രോകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി കൊൽക്കത്തയിൽ നിർവഹിക്കുന്നു

# അറ്റ്ലാന്റാ കെസിസിഎൻഎ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫ് നടത്തി

അറ്റ്ലാന്റ്: ക്നാനായ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫ് മാർച്ച് 3-ന് അറ്റ്ലാന്റയിലെ ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ജോർജിയ (KCAG) നടത്തിയപ്പോൾ ഭാരവാഹികളെ അമ്പരപ്പിക്കുന്ന രീതിയിലുള്ള പ്രതികരണമായിരുന്നു അതിന് ലഭിച്ചതെന്ന് ആർവിപിയായി സേവനമനുഷ്ഠിക്കുന്ന കാപറമ്പിൽ ലിസി സന്തോഷത്തോടെ പ്രതികരിച്ചു.

**തോമസ് കല്ലടാന്തി**




അതിമനോഹരവും ഫലപ്രദവുമായി നടത്തപ്പെട്ട ചടങ്ങിൽ കെസിസിഎൻഎയുടെ പ്രസിഡണ്ട് ഷാജി എടാട്ട് മുഖ്യാതിഥിയായും ജനറൽ സെക്രട്ടറി അജീഷ് താമരത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാൽ എന്നിവർ വിശിഷ്ടാതിഥികളായും സന്നിഹിതരായിരുന്നു. ഗജവീരന്റെ സാന്നിദ്ധ്യത്തിൽ ചെണ്ടമേളങ്ങളോടും താലപ്പൊലിയുടെ അകമ്പടിയോടും കൂടെ മാർ ക്നായി തൊമ്മനെയും (റോയ് ഇടത്തിൽ) വിശിഷ്ടാതിഥികളെയും വേദിയിലേക്ക് ആനയിക്കുകയും സെക്രട്ടറി ബിജു വെള്ളാപ്പള്ളിക്കുഴിയിൽ ഊഷ്മളമായ സ്വാഗതമരുളുകയും ചെയ്തു.

കെസിഎജിയുടെ മുൻ പ്രസിഡണ്ടുമാരുടെ സാന്നിദ്ധ്യത്തിൽ അരങ്ങേറിയ ചടങ്ങിൽ കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ടും ജനറൽ സെക്രട്ടറി അജീഷ് താമരത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാൽ എന്നിവർ ചേർന്ന് പല ഗ്രാൻഡ് സ്പോൺസേഴ്സിൽ നിന്നും രജിസ്ട്രേഷനും ചെക്കും സ്വീകരിച്ച് കൺവൻഷൻ കിക്കോഫ് നടത്തുകയായിരുന്നു.

മെഗാ സ്പോൺസറായി മുന്നോട്ടുവന്ന അത്തിമറ്റത്തിൽ ജേക്കബ് & ബീന കുടുംബത്തെ പ്രത്യേകം അനുമോദിക്കുകയും ഗ്രാൻഡ് സ്പോൺസേഴ്സ് ആയി വന്ന മണ്ണാംകുളം ടോമി & ഷീലാമ്മ, പുല്ലാനപ്പള്ളി ചാക്കോച്ചൻ & സ്മിത, പുല്ലഴിയിൽ രാജു & ശാന്തമ്മ, പൂവത്തുംമൂട്ടിൽ ഷാജൻ & മിനി, വെള്ളാപ്പള്ളിക്കുഴിയിൽ ബിജു & ഡോളി, വാൽച്ചിറ ടോമി & റീന, കാപറമ്പിൽ ജോസ് & ലിസി, ചാക്കോനാൽ ഡൊമിനിക് & സുനി എന്നിവർക്ക് നന്ദിയർപ്പിക്കുന്നതായും അറ്റ്ലാന്റാ പോലുള്ള ചെറിയ സമൂഹത്തിൽ നിന്നും ഇത്രയും ഗ്രാൻഡ് സ്പോൺസേഴ്സ് വരുന്നത് കെസിഎജിയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണെന്ന് പ്രസിഡണ്ട് ഡൊമിനിക് ചാക്കോനാൽ പ്രസ്താവിച്ചു.

കൺവൻഷന് കുടുംബത്തോടെ രജിസ്റ്റർ ചെയ്ത മുണ്ടുപാലത്തിങ്കൽ ദീപക് & ഷെറിൻ, വട്ടത്തൊട്ടിയിൽ ഫിലിപ്പ് & അന്നമ്മ, വടക്കേടം ജോമി & ഷീബ, പുതുപ്പറമ്പിൽ സാം & സോണിയ, തുരുത്തുമാലിൽ ബിജു & റെനി, കല്ലടാന്തിയിൽ തോമസ് & ജൈത, വട്ടാകുന്നത്ത് സജു & മീന, മുലായനികുന്നേൽ സിബി & മഞ്ജു, കുടിലിൽ ജാക്സൺ & സീന, കല്ലറക്കാനിയിൽ ജെയിംസ് & മെർലിൻ, തമ്പലക്കാട്ട് ചാക്കോ & സോഫി, പാറാനിക്കൽ സജി & ലിസി എന്നിവരോടൊപ്പം മറ്റു പലരും മാർച്ച് 24-നു മുമ്പ് അറ്റ്ലാന്റയിൽ നിന്നും തങ്ങളുടെ ക്നാനായ സ്നേഹവും പൈതൃകവും അനുഭവിക്കാനും പങ്കിടാനും കൺവൻഷന് ഇനിയും രജിസ്റ്റർ ചെയ്യുമെന്നും കിക്കോഫ് പരിപാടികൾക്ക് കഠിനാദ്ധ്വാനവും നേതൃത്വവും നല്കിയ ആർവിപി കാപറമ്പിൽ ലിസിയും ബിജു വെള്ളാപ്പള്ളിക്കുഴിയും ബിജു തുരുത്തുമാലിയും പ്രത്യാശ പ്രകടിപ്പിച്ചു.

# കെസിഎജി രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു

**തോമസ് കല്ലാടൻ**

ജോർജിയ: 2024 മാർച്ച് 3-ന് കെസിസിഎൻഎയുടെ പ്രസിഡണ്ട് ഷാജി എടാട്ട് ഊഷ്മളത നിറഞ്ഞ സദസ്സിൽ ഓർമ്മകളുടെയും പ്രത്യാശയുടെയും തിരി തെളിയിച്ച് ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ജോർജിയയുടെ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.








വർണ്ണാഭമായ ഈയവസരത്തിൽ വിശിഷ്ടാതിഥികളായി കെസിസിഎൻഎയുടെ ജനറൽ സെക്രട്ടറി അജീഷ് താമരത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാലും സന്നിഹിതരായിരുന്നു. കെസിഎജിയുടെ ആദരണീയരായ മുൻ പ്രസിഡണ്ടുമാരുടെ സാന്നിദ്ധ്യം ചടങ്ങുകൾക്ക് ഏറെ മാറ്റ്കൂട്ടി.

അറ്റ്ലാന്റാ തൊമ്മൻ ഗജവീരന്റെ അകമ്പടിയോടെ ചെണ്ടമേളങ്ങളോടും താലപ്പൊലിയുടെ അകമ്പടിയോടും കൂടെ മാർ ക്നായി തൊമ്മനെയും (റോയ് ഇടത്തിൽ) വിശിഷ്ടാതിഥികളെയും വേദിയിലേക്ക് ആനയിക്കുകയും സെക്രട്ടറി ബിജു വെള്ളാപ്പള്ളിക്കുഴിയിൽ ഊഷ്മളമായ സ്വാഗതമരുളുകയും ചെയ്തു.

പരിപാടികൾക്ക് നേതൃത്വം നല്കിയ സിൽവർ ജൂബിലി ആഘോഷ കമ്മിറ്റിയുടെ ചെയർമാൻ ബിജു തുരുത്തുമാലിലും കെസിഎജി പ്രസിഡണ്ട് ഡൊമിനിക് ചാക്കോനാലും മുൻ പ്രസിഡണ്ടുമാരായ ജോസ് കാപറമ്പിലും കെസിസിഎൻഎ ജനറൽ സെക്രട്ടറി അജീഷ് താമരത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം, യൂത്ത് വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാലും വാഴക്കാലയിൽ ജെറെമിയും പ്രസ്തുത യോഗത്തിൽ പ്രസംഗിച്ചു.

1999 നവംബർ മാസത്തിൽ കവണാൻ തോമസ് ആദ്യപ്രസിഡണ്ടായും ഇല്ലിക്കാട്ടിൽ ഫിലിപ്പ് സെക്രട്ടറിയായും ആരംഭിച്ച കെസിഎജി, ക്നാനായക്കാരുടെ പൈതൃകവും വിശ്വാസവും പാരമ്പര്യങ്ങളും നിലനിർത്തുവാൻ വളരെയധികം പങ്കുവഹിച്ചിരിക്കുന്നതായി കെസിഎജി വൈസ് പ്രസിഡണ്ട് ടോമി വാലാച്ചിറ തന്റെ കൃതജ്ഞതാ പ്രകാശനത്തിൽ ഓർമ്മപ്പെടുത്തി. കൂടാതെ ഓർഗനൈസിങ് കമ്മിറ്റി ടീമംഗങ്ങളായ ടോമി കൂട്ടകൈതയിൽ, ജസ്റ്റിൻ പുത്തൻപുര, ജെഫ്റി വാഴക്കാലായിൽ, ഫ്രാങ്ക്ളിൻ വരകുകാലായിൽ, ഫിയോന പച്ചിക്കര എന്നിവർക്കും നല്ല രീതിയിൽ സൗണ്ട് സിസ്റ്റം ചെയ്ത ജെറെമി കൂവക്കടയ്ക്കും മികച്ച ഫോട്ടോകൾ എടുത്ത റിനിക്കും ടോമിനും വൈസ് പ്രസിഡണ്ട് നന്ദി നേരുകയുണ്ടായി.

# മാത്തുക്കുട്ടി



**ജെയിംസ് ചെട്ടിയാത്ത്**

കള്ളുണ്ട് കള്ളുണ്ട് കൂടല്ലൂരു കള്ളുണ്ട്
കള്ളുണ്ട് കള്ളുണ്ട് മണലേൽ ഷാപ്പിൽ കള്ളുണ്ട്
കള്ളുണ്ട് കള്ളുണ്ട് മധുരിച്ച കള്ളുണ്ട്
മധുരിച്ച കള്ളുകുടിക്കാൻ നേരത്തെ ചെന്നാൽ മതി

ഷാപ്പിന്റെ മുന്നിലെ തോട്ടില് മീനുണ്ട്
മീൻപിടിക്കാൻ കുടിയന്മാർ ഷാപ്പിൻമുൻപിൽ നിൽപുണ്ട്
രാമൻകുട്ടി, ഗോവിന്ദൻ കുപ്പി നിറയെ കള്ളുനിറയ്ക്കും
കോപ്പയും ഉണ്ട്, ചട്ടിയും ഉണ്ട് ഒഴിച്ചുകുടിക്കാനായി

സന്ധ്യാനാമം ചൊല്ലും മുൻപേ ഷാപ്പിലുകയറേണം
ഷാപ്പിലു ചെന്നപ്പോഴ് മാത്തുകുട്ടി ഇരുപ്പുണ്ട്
ഒന്ന് രണ്ട് കുപ്പി കുടിച്ചു മൂപ്പനു ലക്കില്ലാ
മത്തിവറത്തതും പന്നിക്കറി കള്ളിനു കൂട്ടായി

ചെമ്മീൻപൊടി നാക്കിൽ വെച്ചാൽ ഉപ്പിന്റെ കളിയാണ്
മാത്തുകുട്ടി ഓർഡർ ചെയ്തു കുപ്പി രണ്ട് വേറെകൂടി
മത്തി-പന്നി--ചെമ്മീൻപൊടി വയറ്റിലു ബോളുകളി
മാത്തുകുട്ടി നോക്കുമ്പോഴു ഷാപ്പുകിടന്നു കറങ്ങുന്നു

മാത്തുകുട്ടി നിൽക്കുമ്പോഴു മാർഗ്ഗംകളി താളത്തിൽ
അന്തംചാർത്തു മൈലാഞ്ചി മാത്തുകുട്ടി നാവിൽകൂടി
നടയോ നടയോ-നടാനടാ നടയോ
നടയോ നടയോ-നടാ-നടാ നടയോ

## നോർത്ത് അമേരിക്കൻ ക്നാനായ കമ്യൂണിറ്റി

# ക്നാനായ സംഗമം – 2024 ഡാളസിൽ

ഹൂസ്റ്റൺ: ആർച്ച്ബിഷപ് കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ ക്നാനായ സംഗമം-2024 ഡാളസിലുള്ള ഫ്രിസ്കോയിൽ സ്ഥിതി ചെയ്യുന്ന എംബസി സ്യൂട്ടിൽ ജൂലൈ 18, 19, 20, 21 തീയതികളിൽ അതിവിപുലമായ രീതിയിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു.

ഫെബ്രുവരി 18-ന് ഹൂസ്റ്റണിലുള്ള സെ. ജെയിംസ് ക്നാനായ ചർച്ചിൽ നടന്ന രജിസ്ട്രേഷൻ കിക്കോഫിൽ അഭിവന്ദ്യ പ്രസാദ് കുരുവിള കോർ എപ്പിസ്കോപ്പ ക്നാനായ സംഗമത്തിന്റെ ആവശ്യകതയെക്കുറിച്ച് വളരെ ആധികാരികമായി സംസാരിച്ചു. തുടർന്ന് സെ. ജെയിംസ് ഇടവകയുടെ പ്രസിഡണ്ട് ഏലിയാസ് ചാലുപറമ്പിൽ, എൻഎഎംകെസി മുൻ പ്രസിഡണ്ട് എബി മാത്യു, ഇടവക ട്രസ്റ്റി മോഹൻ മാലത്തുശേരി, എൻഎഎംകെസി ജോയിന്റ് സെക്രട്ടറി ബാലു മാലത്തുശേരി, ബെന്നി തെക്കേമൂഴിപ്പാറ എന്നിവർ രജിസ്ട്രേഷൻ സ്വീകരിക്കുകയും ചെയ്തു.

ഹാർട്ട്ഫോർഡ്, ഫിലാഡൽഫിയ, ഡാളസ് ചിക്കാഗോ എന്നീ ദേവാലയങ്ങളിൽ കിക്കോഫ് നടത്തുകയും ചെയ്തു. നോർത്ത് അമേരിക്കൻ ക്നാനായ സമൂഹത്തിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിക്കുന്നത്.

രജിസ്ട്രേഷൻ കമ്മിറ്റിയിലേക്ക് ധനൂഷ് മണിമലേത്ത് ഹാർട്ട്ഫോർഡ്, മോഹൻ മാലത്തുശേരി ഹൂസ്റ്റൺ, വിന്നി സജി, കുറിയാക്കോസ് കലയിത്ര ഡാളസ്, ബിനു മാത്യു കുട്ടോലമഠം ഫിലാഡൽഫിയ, ബിനീഷ് ജോർജ് കട്ടയിൽ ന്യൂജേഴ്സി, സ്റ്റീഫൻ വാഴയ്ക്കൽ ഡാളസ് എന്നിവരെ നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു.

ആയിരത്തോളം പേർ പങ്കെടുക്കുന്ന ക്നാനായ സംഗമത്തിൽ അമേരിക്ക, യൂറോപ്പ്, കാനഡ, യു.കെ, ഗൾഫ്, ഇന്ത്യ എന്നിവിടങ്ങളിലുള്ള ക്നാനായക്കാർ പങ്കെടുക്കുമെന്ന് എൻഎഎംകെസി പ്രസിഡണ്ട് ജിജി ഇടവഴിക്കൽ, സെക്രട്ടറി അജയ് വാടയ്ക്കൽ, വൈസ് പ്രസിഡണ്ട് തോമസ് ചാലുപറമ്പിൽ, ട്രസ്റ്റി മിന്നു സജി, ജോയിന്റ് സെക്രട്ടറി ബാലു മാലത്തുശേരി എന്നിവർ അറിയിച്ചു.

പ്രോഗ്രാം കമ്മിറ്റിയിലേക്ക് ജെസി പ്രസാദ് പടവുപറമ്പിൽ ഹാർട്ട്ഫോർഡ്, നിമിഷ നിഖിൽ പുതുചിറയിൽ ചിക്കാഗോ, ബെറ്റി ഇരണയ്ക്കൽ ഫിലാഡൽഫിയ, ഷേർലി ഫിലിപ്പ് വാഴയ്ക്കൽ ഡാളസ്, ഡയാനാ മർക്കോസ് തുമ്പുങ്കൽ ഫ്ളോറിഡ, സൂസൻ തോമസ് വൈക്കത്തുശേരിൽ ഹൂസ്റ്റൺ, അമ്പിളി സോജൻ പുതിയമഠം ന്യൂജേഴ്സി, സ്മിത കുര്യൻ മരങ്ങാട്ട് ഒക്കലഹോമ എന്നിവരെയും തെരഞ്ഞെടുത്തു.

സമുദായ സെക്രട്ടറി ടി.ഒ ഏബ്രഹാം തോട്ടത്തിൽ, ടി.സി. തോമസ് തോപ്പിൽ, മറ്റു ക്നാനായ കമ്മിറ്റി മെംബേഴ്സ് എന്നിവർ പ്രസ്തുത സംഗമത്തിൽ പങ്കെടുക്കും.

സംഗമം പബ്ലിസിറ്റി കൺവീനർ ബാലു മാലത്തുശേരി, സോനു തോമസ് എന്നിവർ അറിയിച്ചതാണിത്.







# എസ്.എം.സി.സി രക്തദാന ക്യാമ്പ് നടത്തി



ചിക്കാഗോ: ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ ഇടവകയിൽ പ്രവർത്തിച്ചുവരുന്ന സീറോമലബാർ കാത്തലിക് കോൺഗ്രസ് ഉയിർപ്പ് തിരുനാളിന് ഒരുക്കമായി വലിയനോമ്പിന്റെ ചൈതന്യം പ്രകാശിപ്പിച്ചുകൊണ്ട് രക്തദാനക്യാമ്പ് നടത്തി. അമേരിക്കൻ റെഡ്ക്രോസുമായി സഹകരിച്ചു നട


**സെബാസ്റ്റ്യൻ ഇമ്മാനുവേൽ**

ത്തിയ ക്യാമ്പിൽ ഏകദേശം 45 പേർ രക്തദാനം നടത്തി. 75-ൽപരം വ്യക്തികൾ സന്നദ്ധരായി വന്നിരുന്നു. രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവും വികാരി ഫാ. തോമസ് കടുകപ്പള്ളിയും പ്രാർത്ഥനാശംസകളോടെ സന്നിഹിതരായിരുന്നു. എസ്എംസിസി ഭാരവാഹികൾ നേതൃത്വം വഹിച്ചു.

# സിദ്ധാർത്ഥിന്റെ കൊലപാതകം ടി.പി വധത്തേക്കാൾ ക്രൂരം



ലേഖനം



മനോജ് നിരക്ഷരൻ

**കേ**രളത്തിലെ ഏതെങ്കിലും ഒരു ക്യാമ്പസിൽ ഇന്നുവരെ നടന്നിട്ടുള്ള ഏറ്റവും വലിയ നീചകൃത്യമാണ് സിദ്ധാർത്ഥിന്റെ കൊലപാതകം.

പൂക്കോട് വെറ്ററിനറി കോളേജിൽ, സിദ്ധാർത്ഥിന്റെ കൊലപാതകത്തിന് ശേഷം, പ്രതികളിൽ 4 പേർ മാത്രമാണ് എസ്. എഫ്. ഐക്കാർ, ബാക്കിയുള്ളവരുടെ രാഷ്ട്രീയം അന്വേഷിക്കാതെ എസ് എഫ് യെ മാത്രം വേട്ടയാടുന്നത് ശരിയാണോ..... എന്ന് തുടങ്ങി, സിദ്ധാർത്ഥ് ഒരു പെൺകുട്ടിയെ ശല്യപ്പെടുത്തി എന്ന നിലയ്ക്കുള്ള വ്യാജ പാരാതി സൃഷ്ടിക്കുകയും സിദ്ധാർത്ഥിന്റെ വീടിന് മുന്നിൽ 'ഞങ്ങളൊന്നും അറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ, കൊലപാതകികളെ കണ്ടെത്തി ശിക്ഷിക്കണമെന്ന് SFI യുടെ വല്ല്യേട്ടന്മാർ ഫ്ളക്സ് സ്ഥാപിക്കുകയും ചെയ്ത് കൈ കഴുകാൻ ശ്രമിക്കുന്നതുമൊക്കെ കാണുമ്പോൾ പറയാതിരിക്കാൻ ആവുന്നില്ല. ഇത് പറയാതെ മറ്റൊരു പോസ്റ്റ് ഈ പ്രൊഫൈലിൽ ഇടാനുമാകില്ല.

അതിന് മുൻപ് അൽപ്പം ചരിത്രം പറയാം.

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം, പാവപ്പെട്ടവർക്കും കഷ്ടപ്പെടുന്നവർക്കും തൊഴിലാളികൾക്കും പീഡിപ്പിക്കപ്പെടുന്നവർക്കും വേണ്ടി രാജാക്കന്മാരോടും പ്രഭുക്കന്മാരോടും കുത്തക മുതലാളിമാരോടും മതമേധാവികളോടും പൊരുതുന്നവർ, അവിടത്തെ പാർലമെന്റിൽ പോയി ഇരുന്നത് ഇടതുവശത്താണ്. ഇതാണ് ഇടതുപക്ഷം എന്ന പദത്തിന്റെ നിർവ്വചനം എന്നറിയുന്നവർ എത്രപേർ നിലവിൽ ഇടതുപക്ഷം എന്ന് അവകാശപ്പെടുന്നവരിൽ ഉണ്ടാകുമെന്ന് സംശയമാണ്. ആ മനസ്സുള്ളവർ ലോകത്തിന്റെ ഏത് ഭാഗത്തുണ്ടെങ്കിലും അവർ ഇടതുപക്ഷമാണ്. ഏതെങ്കിലും സംഘടനയുടെ കൊടിക്കീഴിൽ നിരന്നാലേ ഇടതുപക്ഷമാകൂ എന്ന് എവിടെയും പറഞ്ഞിട്ടില്ല. കൊടിക്കീഴിൽ നിരന്നിട്ട് ഈ നിർവ്വചന പ്രകാരമല്ലാത്ത പ്രവർത്തികൾ ചെയ്താലും ഇടതുപക്ഷം ആകില്ല.

ഇടതുപക്ഷം തുല്യത ആഗ്രഹിക്കുന്നവരാണ്. മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാണെങ്കിൽ, സമന്മാരല്ലാതെ ആ മനുഷ്യനെ സൃഷ്ടിച്ചത് കൊണ്ടാണ്, ഇടതുപക്ഷക്കാർ ദൈവത്തെത്തന്നെ ചോദ്യം ചെയ്ത് ദൈവവിശ്വാസികളല്ലാതെ നീങ്ങിയിരുന്നത്.

നിലവിലെ പ്രഖ്യാപിത ഇടതുപക്ഷക്കാരിൽ, അങ്ങനെ ദൈവത്തെ ചോദ്യം ചെയ്യുന്നവർ എത്രപേരുണ്ടെന്ന് കണക്കെടുത്താൽ നല്ല തമാശയാകും.

ഇടതുപക്ഷത്തിന്റെ മറുവശത്തുള്ളവർ ആരൊക്കെ ആയാലും അവർ വലതുപക്ഷമാണ്. എന്നുവെച്ചാൽ ഇടതുപക്ഷം മുന്നോട്ട് വെക്കുന്ന, മേൽപ്പറഞ്ഞ ആശയങ്ങൾക്കെല്ലാം എതിരായി പ്രവർത്തിക്കുന്നവർ.. ഇടതുപക്ഷത്തിന്റെ നിർവ്വചനം തിരക്കി പോയാൽ കണ്ടുകിട്ടുന്ന ഉത്തരം അതല്ലേ ? അപ്പോൾപ്പിന്നെ വലതുപക്ഷക്കാരനോട് പറഞ്ഞിട്ടെന്ത് കാര്യം?ഇടതുപക്ഷക്കാരനോട് മാത്രമേ പറയാനുള്ളൂ.

നാലല്ല ഒരാൾക്കെങ്കിലും സിദ്ധാർത്ഥിന്റെ കൊലപാതകത്തിൽ പങ്കുണ്ടെങ്കിൽ, നിങ്ങൾ പിന്നെ ഇടത് പക്ഷമെന്ന് പറഞ്ഞ് നടക്കരുത്.

ആയതിനാൽ കൊലപാതകികളിൽ ബാക്കിയുള്ള 6 പേർ ആരായാലും അവരുടെ രാഷ്ട്രീയം നോക്കി അവർക്കെതിരേയും ആക്രോശിക്കൂ എന്ന് 'പ്രഖ്യാപിത' ഇടതുപക്ഷക്കാരൻ നിർദ്ദേശം നൽകേണ്ടതില്ല. നിങ്ങൾ ഇടതുപക്ഷത്തിന്റെ ലക്ഷണങ്ങൾക്ക് അനുസൃതമായി പ്രവർത്തിച്ചാൽ  മാത്രം മതിയാകും. നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത് അതാണ്. അത് ഇല്ലാതാകുമ്പോൾ നിങ്ങൾക്ക് നേരെ മാത്രം വിരലുകൾ ചൂണ്ടപ്പെടുന്നത് അതുകൊണ്ടാണ്. അതിന് പറ്റുന്നില്ലെങ്കിൽ ഏതൊരു പക്ഷക്കാരനേയും പോലെ മറ്റൊരു പാർട്ടിയും കൂട്ടരുമാണെന്ന് സമ്മതിച്ചാലും മതിയാകും. കൂടുതൽ പ്രത്യയശാസ്ത്രങ്ങളും നിർവ്വചനങ്ങളും നിരത്താൻ നിൽക്കരുത്. ആരോട് പറഞ്ഞിട്ടും കാര്യമില്ല എന്ന നിസ്സഹായാവസ്ഥയിൽ ജനം സ്വയം സ്വാന്തനിച്ചോളും.

അധികാരത്തിന്റെ ഹുങ്കിൽ എല്ലാത്തരം തോന്ന്യാസങ്ങളും ചെയ്തിട്ട് അത് മറച്ച്പിടിക്കാനും അതിനെ ന്യായീകരിക്കാനും കോടികൾ ചിലവഴിച്ചും കള്ളത്തരങ്ങൾ കാണിക്കുകയും ചെയ്യുന്നതിന് പകരം, ഉള്ളിൽ കടന്നുകൂടിയ എല്ലാ ക്രിമിനലുകളേയും അഴിമതിക്കാരേയും തൂത്തെറിഞ്ഞ് തിരുത്തി മുന്നോട്ട് പോയാൽ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

എല്ലാവർക്കും നല്ലത്. അല്ലെങ്കിൽ നേതാക്കന്മാരും അവരുടെ കുടുംബങ്ങളും മാത്രം നല്ല നിലയിൽ വാഴും. കൊടി പിടിച്ചും തൊണ്ടപൊട്ടി മുദ്രാവാക്യം വിളിച്ചും പ്രസ്ഥാനത്തെ വലുതാക്കിയ യഥാർത്ഥ ഇടതുപക്ഷ മനുഷ്യർ അവിടെത്തന്നെ നിൽക്കും.

സിദ്ധാർത്ഥന്റെ കൊലപാതകത്തിൽ പ്രതികൾക്ക് വലിയ വലിയ വക്കീലന്മാരെ കൊണ്ടുവന്ന് ലക്ഷങ്ങൾ ചിലവാക്കി കേസ് വാദിക്കുന്നതിന് പകരം കോടതി കനിഞ്ഞ് നൽകുന്ന ഏതെങ്കിലും ഒരു വക്കീലേ വാദിക്കൂ എന്ന നിലപാടെടുക്കാൻ പറ്റുമോ? ഒരു തരത്തിലും കൊലപാതകികളെ ന്യായീകരിക്കാതെയും സഹായങ്ങൾ ചെയ്യാതെയുമുള്ള നിലപാട് സ്വീകരിക്കാൻ പറ്റുമോ? അപ്പോൾ ജനം മനസ്സിലാക്കും ഇടതുപക്ഷം സിദ്ധാർത്ഥിനൊപ്പം ആണെന്ന്.

ഒരു കാര്യം മറക്കരുത്. കേരളത്തിൽ ഏതെങ്കിലും ഒരു ക്യാമ്പസിൽ നാളിതുവരെ നടക്കാത്ത തരത്തിലുള്ള അതിക്രൂരമായ ഒരു കൊലപാതകമാണ് പൂക്കോട് ക്യാമ്പസിൽ നടന്നിരിക്കുന്നത്. അതിനെ റാഗിങ്ങ് എന്ന് ലഘൂകരിക്കാൻ ഞാൻ തയ്യാറല്ല.

ക്യാമ്പസിന് പുറത്തെ കൊലപാതകൾ നോക്കിയാൽ ടി.പി. വധത്തേക്കാൾ ക്രൂരമായത്. കുറച്ച് നിമിഷങ്ങൾ കൊണ്ട് ടി.പി. കൊല്ലപ്പെട്ടെങ്കിൽ, ഇവിടെ മൂന്ന് ദിവസമാണ് സിദ്ധാർത്ഥിന് നരകിക്കേണ്ടി വന്നത്. അത്തരം ഒരു കൊലപാതകത്തിലെ പ്രതികൾക്ക് എന്തെങ്കിലും സഹായം ചെയ്യുകയോ അവരെ ന്യായീകരിക്കുകയോ, അവരെ രക്ഷപ്പെടാൻ സമ്മതിക്കുകയോ ചെയ്താൽ, നിങ്ങൾ പിന്നെ ഇടതുപക്ഷമല്ല. ലക്ഷ്യം നിറവേറ്റി കഴിഞ്ഞപ്പോൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓവുചാലിലേക്ക് പോയത് പോലെ കേരളമെന്ന അവസാനകേന്ദ്രത്തിലും അത് സംഭവിക്കുക തന്നെ ചെയ്യും.

**വാൽക്കഷണം:-** ഒരു വിദ്യാർത്ഥിയെ മൂന്ന് ദിവസം വെള്ളം പോലും കൊടുക്കാതെ തല്ലിക്കൊന്നതിന് ശേഷം, ഒട്ടനവധി ന്യായീകരണങ്ങളും കള്ളത്തരങ്ങളും നിരത്തുന്നതുകൊണ്ട് പറയേണ്ടി വന്നതാണ്. വീണ്ടും അതേ പരിപാടി ആരെങ്കിലും ഈ പോസ്റ്റിന് കീഴെ തുടർന്നാൽ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതായിരിക്കും. അത്രയ്ക്ക് വിഷമമുണ്ടെന്ന് കൂട്ടിക്കോളൂ.

# മഞ്ഞുമ്മൽ ഗേൾസ്

ലേഖനം



നിഷ ജൂഡ്, ന്യൂയോർക്ക്



എന്നാൽ ഞാൻ ഒരു സത്യം പറയട്ടേ! 'മഞ്ഞുമ്മൽ ഗേൾസ്' എന്നൊരു സിനിമ എടുക്കണം എന്ന് ഞാൻ പത്തു മുപ്പത് കൊല്ലം ആയിട്ട് ആലോചിക്കുന്നതാണ്.

അടക്കവും ഒതുക്കവും വിനയവും നിഷ്കളങ്കതയും ഗുരുഭക്തിയും ദൈവഭയവും വാരിവിതറിയ, സൗന്ദര്യം കുറച്ചു കൂടുതൽ ആണെങ്കിലും ഫേഷൻസെൻസ് ഒട്ടും കുറവില്ലാത്ത പത്തുമുപ്പതു ഒറിജിനൽ മഞ്ഞുമ്മൽ ഗേൾസ്. ഭൂരിഭാഗം മഞ്ഞുമ്മലിൽ ജനിച്ചു വളർന്നവരും, കളമശ്ശേരി, ഏലൂർ, ഭാഗത്തു നിന്നു പഠിക്കാൻ മഞ്ഞുമ്മൽ സ്കൂളിൽ വന്നവരും. ക്ലാസ്സ് കഴിഞ്ഞും അവധിയുള്ള ദിവസങ്ങളിലും കൂട്ടുകാരുടെ വീട്ടിൽ പോയി കഞ്ഞിയും കറിയും വച്ച് കളിക്കുക, പാവയെയും കോഴിയേയും വരേ കൊച്ചാണ് എന്ന് പറഞ്ഞു കുളിപ്പിച്ച് വീട് കളിക്കുക, ജോയിച്ചേട്ടന്റെ കടയിലും മരിയ സ്റ്റോഴ്സിലും വന്നിരിക്കുന്ന പുതിയ ടോപാസ് ക്യൂറ്റെക്സ്, വൈശാലി മാല എന്നിവയെ പറ്റി ഇൻഫോർമേഷൻ ഷെയർ ചെയ്യുക, ക്ലാസ്സിൽ ഗ്രൂപ്പ് ഫോട്ടോ എടുക്കുമ്പോൾ തലയിലെ പൂക്കൾ സ്ലെയ്ഡ് അടക്കം ചങ്കിന് ഊരിക്കൊടുക്കുക, എന്നും സ്കൂളിലെ ടീച്ചർമാരുടെ കണ്ണിലുണ്ണികൾ ആയിരിക്കുക, ഡാൻസിനും പാട്ടിനും ഓട്ടത്തിനും ത്രോബോളിനും സ്കിപ്പിംഗിനും സൈക്കിൾ റെയ്സിനും ഒക്കെ ചേർന്ന് സമ്മാനങ്ങൾ വാങ്ങുക, ഇതൊക്കെ ആണ് അവര്.

നേഴ്സറിക്ലാസ്സ് തൊട്ടു ലോക്കൽ പള്ളിസ്കൂളിൽ അഥവാ സ്കൂളിൽ പഠിച്ചു കളിച്ചു വളർന്നു കന്യാസ്ത്രീകൾ നടത്തുന്ന ഗേൾസ് ഹൈസ്കൂളിൽ നിന്ന് പത്താം ക്ലാസ്സ് പാസ്സായി പോകുന്നവരെ ഫോർട്ടുകൊച്ചി ബീച്ച്, ഇടപ്പള്ളി മ്യൂസിയം, പീച്ചി ഡാം, മലമ്പുഴ, ഊട്ടി എന്നീ പുണ്യസ്ഥലങ്ങളിൽ മാത്രം കന്യാസ്ത്രീകളായ ടീച്ചർമാരോടും ഹെഡ്മിസ്ട്രസ്സ്മാരോടും ചേർന്ന് വീഡിയോ കോച്ചു ബസ്സില് ടൂർ പോയി തിരിച്ചു വന്ന്, മുപ്പത് വർഷത്തിനു ശേഷം പെരിയാറിന്റെ തീരത്തെ ഒരു ഹോട്ടലിൽ ഒത്തുകൂടി കെട്ടിപ്പിടിച്ചു ഉമ്മവച്ചും, അടക്കവും ഒതുക്കവും ഒക്കെ കെട്ടഴിച്ചു പറത്തി വിട്ട്, കലപില വിശേഷവും പൊട്ടിച്ചിരികളും,

'നിനക്ക് ഒരു മാറ്റോം ഇല്ലാല്ലോടീ' എന്നും, 'ഹെന്റമ്മേ ഇതെന്തൊരു മാറ്റം ആണെടാ തിരിച്ചറിയില്ലല്ലോ' എന്നും പറഞ്ഞു, കൂട്ടത്തിൽ ഒരു അമേരിക്കക്കാരിക്ക് കഴിഞ്ഞ ഓഗസ്റ്റിലെ ആദ്യ ഒത്തുകൂടൽ മിസ്സ് ചെയ്തതിന്, അന്ന് ടീച്ചേർസ് ഉൾപ്പെടെ എല്ലാവരേയും മിസ്സ് ചെയ്തതിന് വീഡിയോ കോളിൽ കരഞ്ഞതിന് ആശ്വാസം നൽകാൻ ഒരു വെൽക്കം കേയ്ക്കും, അന്നത്തെ ഗ്രൂപ്പ് ഫോട്ടോയിൽ എന്നെ കൂടി എഡിറ്റ് ചെയ്ത് കയറ്റിയ വാട്ട്സ് ആപ്പ് അഡ്മിൻസ് ബ്രില്യൻസ് കാണിച്ചു തന്ന സർപ്രൈസ് ഫോട്ടോസും ഒക്കെ കണ്ട് ആ അമേരിക്കക്കാരി കല്യാണം കൂടാൻ പോകാനുള്ള തിരക്ക് കൊണ്ട് പാർട്ടി തീരും മുമ്പേ പുറമേ ചിരിച്ചു കളിച്ചു എങ്കിലും 'ഇനിയെന്ന് കാണും എന്റെ പെൺപിള്ളേരെ, എന്റെ മഞ്ഞുമ്മൽ ഗേൾസിനെ...?' എന്നൊരു നെഞ്ചിലൊരു ഭാരവും എന്നാൽ വർഷങ്ങൾക്ക് ശേഷം വീണ്ടും ആ പത്താംക്ലാസ്സ് കാരിയായി ഹൃദയം നിറയെ കൂട്ടുകാരുടെ ചിരിച്ച മുഖങ്ങൾ, സ്നേഹം നിറഞ്ഞ കണ്ണുനീരുകൾ, 30 വർഷത്തെ കെട്ടിപ്പിടിച്ച ഉമ്മകൾ ഒക്കെ തന്ന സന്തോഷവും ആയി പോകുന്നു.



ഈ സിനിമയിൽ ആണുങ്ങൾ ഇല്ല, ഇത് ഗേൾസിന്റെ കഥയാണ്. സോറി, ഇതിൽ ഒരു ത്രിൽ ഇല്ല, കുഴീല് വീണില്ല, മരത്തിൽ കേറീല്ല, ഈ സിനിമ എടുത്താൽ വിജയിക്കില്ല, ഇതൊക്കെ എല്ലാ നാട്ടിലും ഉള്ള കഥയാണ് എന്നൊക്കെ പറയുന്നവരോട്, ചുപ് രഹോ! സിനിമ ഞങ്ങൾ എടുക്കും, റോസിക്ക് ഗേൾസ് ഒൺലി സിനിമ കാണാൻ ഇഷ്ട്ടമില്ലെങ്കിൽ തിയറ്ററിൽ വരണ്ട! അത് തന്നെ!

---



സാമൂഹികപാഠം

അനിൽ പെണ്ണുക്കര

# വന്യത പഠിപ്പിക്കുന്ന വെറ്ററിനറി ശാലകൾ




പാശുപാതത്തിനുവേണ്ടി വിജയൻ തപസ്സുചെയ്തു. മുന്നിൽവന്നുപ്പെട്ട ഒരു പന്നിയെ അദ്ദേഹം അമ്പെയ്തു. അപ്പോൾത്തന്നെ മറ്റൊരു അമ്പും പന്നിക്കുമേൽ വന്നു തറച്ചു. അത് ഒരു കാട്ടാളന്റെ അമ്പായിരുന്നു. പന്നിയ്ക്കുമേൽ അവകാശവാദമായി. പന്നിയെ കൊന്നത് താനാണെന്നു കാട്ടാളനും അല്ല താനാണെന്ന് അർജ്ജുനനും. കൊന്നവനുള്ളതാണ് ഇരയെന്നായി കാട്ടാളൻ. തനിക്കുള്ളതാണ് ഇര... തർക്കം മൂത്തു... കഥ അവിടെ നിൽക്കട്ടെ. സിദ്ധാർത്ഥനെപ്പറ്റി ഉൾക്കിടലത്തോടെ ഓർക്കാത്ത മനുഷ്യരുണ്ടാവില്ല; മാതാപിതാക്കൾ ഉണ്ടാവില്ല. പക്ഷേ മുമ്പ് പറഞ്ഞ കഥയിലെ അവകാശവാദം ഇവിടെയും ഉയർന്നുവന്നിരിക്കുന്നു. കൊന്നവനുള്ളതാണ് ഇര! സിദ്ധാർത്ഥനെ കൊന്നവർ പോസ്റ്ററും ബാനറും ഉയർത്തി സിദ്ധാർത്ഥന്റെ ജഡത്തിനായി വാദിക്കുന്നു. അവകാശമാണ്. തങ്ങളുടെ അമ്പേറ്റാണ് അവൻ വീണത്. കൊല്ലുന്നവനുള്ളതാണ് ഇര എന്ന സാധാരണമായ നീതി, ആ കുട്ടിയുടെ മാതാപിതാക്കൾ മറന്നുപോകുന്നത് സിപിഎമ്മിനെയും എസ്എഫ്ഐയേയും അറിയാത്തതുകൊണ്ടാണ്. സഹോദരങ്ങളുടെ ഇറച്ചികൊണ്ട് ബീഫ്മേള കളിക്കുന്ന, ശവങ്ങൾക്കുമീതെ വളരുന്ന നിഷ്ഠുരതയാണ് ഇന്ന് സ്റ്റേറ്റുകാറിലെ സുഖം. ആ സുഖം നേടുന്നതിനു വേരുകൾവേണം. വേരുകൾ എങ്ങനെയാണ് വളവും വെള്ളവും ആർജ്ജിക്കുന്നത് എന്ന് മരത്തിനോ ഇലയ്ക്കോ പൂവിനോ അറിയാമെങ്കിലും ഇല്ലെങ്കിലും അത് സ്വാതന്ത്ര്യവും ജനാധിപത്യവും സോഷ്യലിസ്സും പരിപോക്ഷിപ്പിക്കുന്നതിനുള്ള ഉപായങ്ങളും ഉപകരണങ്ങളുമാണ്. അതുകൊണ്ടു കുട്ടികളെ ജനിപ്പിച്ച് സ്കൂളിലും കലാലയങ്ങളിലും വിടുന്ന നാം രക്ഷിതാക്കൾക്ക് സാമൂഹികമായ അറിവ് വേണം. ജനിപ്പിക്കലും പരിപാലിക്കലും മാത്രമേ നിങ്ങൾക്കുള്ളു. അവനെ ആരാവണം; ആരാക്കണം; ജീവിക്കണോ മരിക്കണോ; കുരിശിൽത്തറയ്ക്കണോ എണ്ണയിൽ പച്ചയ്ക്ക് വറക്കണോ എന്നൊക്കെ തീരുമാനിക്കാൻ ഇങ്ങ് കേരളത്തിൽ വെള്ളക്കൊടി പേറുന്ന ക്രിമിനലുകൾ ഉണ്ട്.

ക്രിമിനൽ എന്നപദം ഓർത്തപ്പോഴാണ് ഒരു മുത്തച്ഛൻ തന്റെ പേരക്കിടാങ്ങൾക്ക് അരുമയായ് ആ പേര് ഉറക്കെ വിളിച്ചത് അന്വർത്ഥമായിരുന്നല്ലോ എന്ന് വസ്തുത തിരിച്ചറിയുന്നത്.

പണ്ട് മക്കൾക്ക് പേരിടുമ്പോൾപോലും രക്ഷിതാക്കൾക്ക് അവരെക്കുറിച്ച് ഒരു പ്രതീക്ഷയുണ്ടായിരുന്നു. കൃഷ്ണനെന്നും ഗാന്ധിയെന്നും യേശുവെന്നും ഈശോ എന്നും ഫാത്തിമായെന്നും മുഹമ്മദ് എന്നും നാമകരണം ചെയ്യുമ്പോൾ കുറഞ്ഞപക്ഷം അവർ അവരെയെങ്കിലും ഓർത്ത് ജീവിക്കാൻ ശ്രമിക്കുമെന്ന്. അല്ലെങ്കിൽ അവരായി കാണാൻ ഒരാഗ്രഹം. ഇപ്പോൾ ഒരു രക്ഷിതാവിനും ആ പ്രതീക്ഷയേ ഇല്ല. അത് അവർക്കു നൽകുന്ന പേരുകളിൽ കാണാം. എന്നാൽ

സിദ്ധാർത്ഥന്മാരെ ഇല്ലാതാക്കുന്ന കിരാതരെ, ഗവർണർ എന്ന മുത്തച്ഛൻ ചൊല്ലി വിളിച്ച പേര് ഇപ്പോൾ അന്വർത്ഥമായിരിക്കുന്നു. "ക്രിമിനലുകൾ..!" ഗവർണർ ആ പദം ഉപയോഗിച്ചപ്പോൾ ഒരു മന്ത്രിപുംഗവൻ പറഞ്ഞത് പേരക്കുട്ടികളാകാൻ പ്രായമുള്ളവരെയാണ് വിളിക്കുന്നത് എന്ന് ഓർക്കണം എന്നാണ്. മുഖ്യൻ പറഞ്ഞത് നാളെത്തെ പൗരന്മാരാകേണ്ടവരെയാണ് ഇങ്ങനെ വിളിക്കുന്നത്. പച്ചയ്ക്ക് കൊന്നുതിന്നുന്ന നരഭോജികളാണ് നാളെത്തെ പൗരന്മാർ! ഇവരുടേതാണ് നാളെകൾ.

ഗാന്ധിജിയും ബുദ്ധനും എല്ലാം അവർക്ക് അവരുടെ ലോകത്ത് ദുർഭൂതങ്ങളായിരിക്കും. അവിടെ ചെകുത്താൻ – ലൂസിഫർ – വെള്ളക്കൊടി പിടിച്ച് വേദമോതും. അവിടെ വെറ്ററിനറി സർവകലാശാലയിൽ മൃഗപരിപാലനം എന്ന് വിഷയമല്ല അവർ പഠിക്കുന്നത്; അവരിലെ വന്യപ്രകൃതികളെ ആവാഹിക്കലാണ്. പക്ഷേ അവർക്കുപോലുമുണ്ട് ഇരയോട് ഒരു നീതിബോധം. ശവത്തിനോട് ഒരു ആദരം! എസ്എസ്ഐ വാഴുന്ന ഇടങ്ങൾ എല്ലാം ഇണക്കമില്ലാത്ത നരഭോജികളും ക്രൂരവന്യമൃഗങ്ങൾ വാഴുന്ന പ്രദേശങ്ങളായുള്ള അപായ അലേർട്ടുകൾ സ്ഥാപിക്കപ്പെടണം. അതിനായ് സംസ്ഥാന സർക്കാർ ആരായിരുന്നാലും ബജറ്റിൽ തുക മാറ്റിവയ്ക്കണം.

സെക്യൂരിറ്റി ക്യാമറകൾ ക്രിമിനലുകൾക്ക് എത്തിയില്ലെങ്കിൽ വർഗ്ഗസഖാക്കളായ ഗുരുക്കന്മാർ മാറ്റിയാലോ...

**സാമൂഹികപാഠം:**

ഇനി, പഠിക്കാൻപോകുന്ന, തിരിച്ചറിവാകുന്ന എല്ലാ കുട്ടികൾക്കും തോക്കുകൾ നൽകണം! അത് ആവശ്യത്തിന് ഉപയോഗിക്കാൻ പരിശീലനവും.

ചിത്രത്തിന് കടപ്പാട്:
മാതൃഭൂമി സൺഡേ സ്ട്രോക്സ്
വര: ഗോപികൃഷ്ണൻ


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji, Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS
1 (888) 363-1777
മലയാളം
sling
TELEVISION

# തലമുറകളുടെ സംഘർഷം

എൽസി യോഹന്നാൻ ശങ്കരത്തിൽ

ഭാരത സംസ്കാരത്തിന്റെ നിറവിലും തികവിലും ഇല്ലായ്മയിലും കൂടി വളർന്ന് സ്വപ്രയത്നം കൊണ്ടോ ഭാഗ്യം കൊണ്ടോ ഈ സംസ്കൃത ഭൂവിൽ എത്തിപ്പറ്റിയ ആദ്യ തലമുറക്കാരായ മലയാളി മാതാപിതാക്കൾ, അമേരിക്കൻ സംസ്കാരത്തിലും സാഹചര്യത്തിലും വളരുന്ന നമ്മുടെ പുത്തൻതലമുറ, ഇതിനിടയിൽ മാതാപിതാക്കളും കുഞ്ഞുങ്ങളും പലപ്പോഴും പകച്ചുനിൽക്കുന്നു. ഈയിടെ ഇന്റർനെറ്റിൽ ഒരു മലയാളി മാതാവ് എഴുതിയിരിക്കുന്നതു വായിച്ചു, പല മലയാളി റ്റീനേജേഴ്സും ക്ലബുകളിലും പാർട്ടികളിലുമൊക്കെയാണ് കൂടുതൽ താല്പര്യം കാണിക്കുന്നത്, അതിൽ മതസംഘടനകളും സാമൂഹ്യ സംഘടനകളും എന്തു ചെയ്യുന്നു എന്ന്. അതിന് ഒരു മറുപടി എഴുതണമെന്നു ചിന്തിച്ചെങ്കിലും സാധിച്ചില്ല. ജീവിതമൂല്യങ്ങൾ, കുടുംബഭദ്രത, ഭാര്യാഭർത്തൃ ബന്ധത്തിലുള്ള ദൃഢത, കുഞ്ഞുങ്ങളെ സ്നേഹിക്കയും അവരുടെ കൂടെ അല്പസമയം ചെലവഴിച്ച് അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും അതിൽ സഹായിക്കയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികൾ ഒരിക്കലും നഷ്ടപ്പെട്ടുപോകയില്ലയെന്നാണ് എന്റെ അഭിപ്രായം. അശാന്തമായ ബാല്യവും അസ്വസ്ഥമായ കൗമാരവും അരക്ഷിതമായ യൗവനവും നൽകിയ മുറിവുകളുണക്കാൻ ഏറ്റവും നല്ലത് ദൃഢമായ ഒരു ദാമ്പത്യമാണ്. സൗഭാഗ്യപൂർണ്ണമായ ദാമ്പത്യം സുശിക്ഷിതമായ യൗവനത്തിനുള്ള പ്രതിഫലമാണ്. ഈ സത്യം അമേരിക്കൻ സമൂഹത്തിൽ ജീവിക്കുന്ന നമ്മിലോരോരുത്തരിലും നമ്മുടെ പിൻതലമുറയിലും എത്രമാത്രം പ്രായോഗികമാണ് എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

വീടുനിറയെ കുട്ടികളും ബന്ധുക്കളും നിറഞ്ഞ, എടുത്തും കൊടുത്തും ഇണങ്ങിയും പിണങ്ങിയും സ്നേഹം പങ്കിട്ടും പരാധീനതകൾ അറിഞ്ഞും ജീവിച്ചുപോന്ന കുടുംബങ്ങളിൽനിന്നും വേറിട്ട് അണുകുടുംബങ്ങളായി വസിക്കുന്ന ഒരു തലമുറയാണ് അമേരിക്കയിലും കേരളത്തിലും ഇന്നു കാണുന്നത്. ഞാനും എന്റെ ഭാര്യയും മക്കളും മാത്രം അടങ്ങുന്ന നമ്മുടെ അണുകുടുംബങ്ങളിൽ നാം നമ്മുടെ കുട്ടികളെ അമിതപ്രതീക്ഷയിൽ വളർത്താൻ വെമ്പുന്നതിന്റെ പ്രതിഫലനങ്ങൾ കേരളത്തിലും അമേരിക്കൻ മലയാളി സമൂഹത്തിലും വളരെയധികം ദൃശ്യമാകുന്നു. ഏതു ഭവനത്തിലും ഒന്നോ കൂടിയാൽ രണ്ടോ കുട്ടികൾ മാത്രം ഉള്ള ഈ തലമുറയിൽ നമ്മുടെ കുട്ടികൾ ചെടിച്ചട്ടിയിൽ വളരുന്ന മരം പോലെ മാറുകയാണ്. മാതാപിതാക്കളുടെ മാന്യത ഉയർത്തിപ്പിടിക്കാൻ നാം കുട്ടികളെ അവരുടെ അഭിരുചിയും അഭീഷ്ടവും കണക്കാക്കാതെ നിർബന്ധിച്ച് ഓരോ പന്ഥാവിൽ തള്ളിവിടുന്ന പ്രവണത അവരുടെ വളർച്ച മുരടിപ്പിക്കുകയാണു ചെയ്യുന്നത്. മാതാപിതാക്കളുടെ അഭീഷ്ടത്തിനൊത്തുയരാൻ അത്യദ്ധ്വാനം ചെയ്യേണ്ടിവരുമ്പോൾ ഒരുതരം നിരാശാബോധവും മാത്സര്യവും കുട്ടികളിൽ ചിലപ്പോൾ ഉടലെടുക്കുന്നതായും കാണുന്നു. ബാലസഹജമായ വിനോദങ്ങളിലെ ആനന്ദാനുഭൂതികളിൽനിന്നും വിജ്ഞാനസമ്പാദനക്കുരുക്കുകളിൽപ്പെട്ടുമാത്രം (കേരളത്തിൽ എൻട്രൻസ് എക്സാമിനേഷൻ ഫീവർ) കുഞ്ഞുങ്ങൾ ബോൺസായികളായി മാറുന്നു. (ബോൺസായികൾ- വളർച്ച മുരടിപ്പിച്ച് വൻ വൃക്ഷങ്ങളെ ചെറിയ ചട്ടികളിൽ ഒതുക്കി നിർത്തിയിരിക്കുന്നത്). മിക്ക മാതാപിതാക്കളും പരാതിപ്പെടുന്നതു കേട്ടിട്ടുണ്ട്, എന്റെ മകൻ, മകൾ ആരു വീട്ടിൽ വന്നാലും ഒരു ഹൈ പറയും, ആരോടും അടുത്തിടപെടുന്നതേയില്ല, എന്ന്. അവർ ഹൃദയം തുറന്നു ചിരിക്കാൻ മറന്നുപോകുന്നു. വൈകിട്ടും രാത്രിയിലും ജോലിക്കു പോകേണ്ട മാതാവിന് കുഞ്ഞിനോടു ചിരിക്കുവാനും താരാട്ടുപാടുവാനും മുലപ്പാലൂട്ടുവാനും കൊഞ്ചിക്കുവാനും സമയമില്ല. ടെലിവിഷനും സി.ഡിയും ഡിസ്ക്കോയും ഫേസ്ബുക്കും കുട്ടികളെ ചെറുപ്പംമുതലേ മാനുഷിക സഹവാസത്തിൽനിന്നും യാന്ത്രികതയിലേക്കു തള്ളിമാറ്റുന്നു.

കേരളത്തിൽ വല്യപ്പനും വല്യമ്മയും അമ്മാവന്മാരും വീട്ടുകാരും നാട്ടുകാരും ഒത്തു സഹവസിച്ചു വളർന്നിരുന്ന കുഞ്ഞുങ്ങളുടെ മാനസികവികാസവും സ്വഭാവവും ഇന്നത്തെ തലമുറയിൽ കേരളത്തിലും അമേരിക്കയിലും വളരുന്ന കുട്ടികളിൽ കാണാത്തത് കുട്ടികളുടെ കുറ്റമല്ല. അമേരിക്കയിലും വല്യപ്പനോടോ വല്യമ്മയോടോ കൂടെ നിന്നു വളരുന്ന കുട്ടികളിലും കൂടുതൽ മാനുഷികമൂല്യങ്ങൾ തെളിഞ്ഞുകാണാം. പക്ഷേ അമേരിക്കയിലെ മക്കളോടൊത്തു കഴിയുന്ന വല്യപ്പനും വല്യമ്മയും, അവരും കൂട്ടിലടയ്ക്കപ്പെട്ട കിളികളാണെന്ന ബോധത്തിൽ ഒരു പരിധിയിൽനിന്നേ ചെറുമക്കളോട് ഇടപെടാൻ സാധിക്കുന്നുള്ളൂ. മക്കളുടെയും മരുമക്കളുടെയും ഇഷ്ടാനുഷ്ടങ്ങൾക്കും അവർ വെക്കുന്ന പരിധികൾക്കകത്തുമാത്രം നിന്നുകൊണ്ടു ജീവിക്കേണ്ട ചുറ്റുപാടാണ് ഇവിടെ എത്തിപ്പറ്റിയിരിക്കുന്ന പ്രവാസി ഗ്രാന്റ് പേരന്റ്സിന്റെ ഏറ്റവും വലിയ വേദന. ഉണ്ണാനും ഉടുക്കാനും പോരായോ, വീട്ടുകാര്യങ്ങളിലൊന്നും ഇടപെടേണ്ട കാര്യമില്ലായെന്ന നിലപാടാണ്, കഷ്ടപ്പെട്ടും വയറു മുറുക്കിയുടുത്തുകൊണ്ട് മക്കളെ പഠിപ്പിച്ചു വലുതാക്കി പണക്കാരായി പ്രശോഭിക്കാൻ പ്രാപ്തരാക്കിയ വൃദ്ധ മാതാപിതാക്കളിൽ പലരുടെയും ഇന്നത്തെ അവസ്ഥ. ഇങ്ങനെയാണ് മാതാപിതാക്കളോടു പെരുമാറേണ്ടതെന്നാണ് ചെറുമക്കളുടേയും ചിന്ത. ഒരു കുട്ടിയോട് ഒരിക്കൽ ഞാൻ ചോദിച്ചു, മലയാളം അറിയാമോ? മനസിലാകാതെ കുട്ടി എന്റെ മുഖത്തു നോക്കി, ഉടൻ ഞാൻ ചോദിച്ചു, 'Do you know Malayalam?' 'I do not know that language, my parents never speak to me in that language', എന്ന്. എനിക്ക് ആ മാതാപിതാക്കളോട് പുച്ഛവും ആ കുട്ടിയോട് പരിതാപവും തോന്നി. എല്ലാ ഭാഷക്കാരും സ്വന്തം കുട്ടികളോട് സ്വന്തം ഭാഷയിൽ സംസാരിക്കും. ചൈനാക്കാരൻ അവന്റെ ഭാഷയിൽ, നോർത്തിന്ത്യൻ അവന്റെ ഭാഷയിൽ, പക്ഷേ, നമ്മുടെ കുട്ടികൾക്കു മലയാളം അറിയാമെന്നു പറയുന്നത് ചില മലയാളി മാതാപിതാക്കൾക്കു ദുരഭിമാനമാണ്. സ്വന്തം വേരു മറന്നാൽ ഒരു ചെടിക്കും നിലനില്പില്ല. സ്വയം അറിയുകയാണ് ഏറ്റവും വലിയ ജ്ഞാനം. അവരവരുടെ മാതൃഭാഷ, സംസ്കാരം, ഭക്ഷണം, പൈതൃകം ഇവ മറക്കാതെ അഭിമാനത്തോടെ നമ്മുടെ കുഞ്ഞുങ്ങളിൽ കൈമാറുന്നതാണ് സദൃഢമായ കുടുംബബന്ധവും കെട്ടുറപ്പുള്ള സമൂഹവും സൃഷ്ടിക്കാൻ അത്യന്താപേക്ഷിതമായിട്ടുള്ളത്. ഭക്ഷണ സമയമാകുമ്പോൾ അമ്മ ചോദിക്കും, 'What do you want to eat?', അവർക്കിഷ്ടമുള്ള ഭക്ഷണം പറയും, ഉണ്ടാക്കിക്കൊടുക്കും. ഒരു വീട്ടിൽ രണ്ടും മൂന്നും തരത്തിലുള്ള പാചകം. മാതാപിതാക്കളുടെ സംസ്കാരം ചെറുപ്പം മുതലേ മക്കളിൽ പകരാൻ ശ്രമിക്കാത്തതിന്റെ പ്രത്യാഘാതങ്ങൾ നിരവധിയാണ്. 'ന്യൂ ജെൻ' തലമുറയുടെ പുതിയ ഹരമാണ് 'ഓർഗാനിക്' എന്നത്. സാധാരണ ഭക്ഷണത്തിന്റെ ഇരട്ടിയിലധികം ചെലവാണ് 'ഓർഗാനിക്' സാധനങ്ങൾക്ക്. എത്ര പണമുണ്ടെങ്കിലും ആദ്യ തലമുറ ചെലവാക്കാൻ മടിക്കുന്നു, അത് അവർക്കു ശീലമില്ല. ചുരുക്കി ചെലവാക്കിയുള്ള ശീലം ന്യൂ ജെന്നിന് പുച്ഛമാണ്. അവർക്ക് ആർക്കും കൊടുത്തു പരിചയമില്ല. മാതാപിതാക്കൾക്കും കൊടുക്കില്ല, കിട്ടുന്നത് അടിച്ചു പൊളിച്ചു തീർക്കണം. പാർട്ടികളിൽ മേളിക്കണം. മക്കളെ കോളജിൽ വിടാൻ ലോൺ എടുത്തതുപോലും മക്കൾക്കു ജോലിയായാലും മക്കൾക്കുവേണ്ടി അടയ്ക്കുന്ന ധാരാളം മലയാളി മാതാപിതാക്കൾ, 'എന്റെ കുഞ്ഞു സുഖമായി ജീവിക്കട്ടെയെന്നു കരുതി വയസു ചെന്നിട്ടും ഇപ്പോഴും മക്കൾക്കുവേണ്ടി ഞെരുങ്ങി ജീവിക്കുന്ന ആദ്യ തലമുറ അനേകമുണ്ട്.



ലേഖിക

കുഞ്ഞുങ്ങൾ ചെറുതായിരിക്കുമ്പോൾ മാതാപിതാക്കൾക്ക് എത്ര ബദ്ധപ്പാടുണ്ടെങ്കിലും വേണ്ടത്ര ചൊല്ലും ചോറും ദൈവഭയവും നൽകി വളർത്തുവാൻ സാധിച്ചാൽ പിൽക്കാലത്ത് അവരെപ്പറ്റി ഒരിക്കലും ദുഃഖിക്കേണ്ടതായി വരുകയില്ല. നമ്മുടെ കുഞ്ഞുങ്ങൾ ഇത്ര വേഗം വളർന്നു പോകും എന്നു നാം അറിയുന്നില്ല.

'കയ്യെത്തിപ്പിടിക്കുവാനാകാത്ത ദൂരത്തിലെൻ

കയ്ക്കോട്ടിൽക്കിടന്നോരു കിടാങ്ങളെത്തിയെന്നോ

ഇന്നലെക്കഴിഞ്ഞപോലോർമ്മകളുണരുന്നു

ഒന്നൊന്നായ് നിറക്കുന്നെൻ മാനസ ദർപ്പണത്തിൽ'

എന്നു കേഴുന്നത് ഹൃദയത്തിന്റെ രോദനം തന്നെയാണ്. നമ്മുടെ ബദ്ധപ്പാടുകൾക്കിടയിൽ പലപ്പോഴും കുഞ്ഞുങ്ങളുടെ കൂടെ ചെലവാക്കേണ്ട സമയമാണ് നാം അപഹരിക്കുന്നത്. മലയാളിയുടെ അമേരിക്കൻ പ്രവാസത്തിന്റെ ആദ്യഘട്ടങ്ങളിൽ ജീവിക്കുവാനും ജീവിതം കരുപ്പിടിപ്പിക്കുവാനുമുള്ള തത്രപ്പാടിൽ, നാട്ടിൽ സ്വന്തം കുടുംബങ്ങളെ കരകയറ്റുവാനും അവരെ സഹായിക്കുവാനുമുള്ള പരവേശത്തിൽ, ബന്ധങ്ങളുടെ ബന്ധനത്തിൽ ജീവിക്കുവാൻ മറന്നുപോയ കന്നി പ്രവാസിത്തലമുറയുടെ നെട്ടോട്ടം, നാട്ടിൽനിന്നും വരുന്ന ബന്ധുമിത്രാദികളെ താമസിപ്പിക്കുവാനും സൽക്കരിക്കുവാനുമുള്ള ബദ്ധപ്പാട്, ഇതിനിടയിൽ അവഗണിക്കപ്പെടുന്ന കുട്ടികൾ. ഈ കുത്തൊഴുക്കിൽ സ്നേഹത്തിന്റെ ശീതളിമ നൽകാൻ തരപ്പെടാതെ, ടെലിവിഷന്റെ മുമ്പിൽ തള്ളപ്പെടുന്ന, കാണുമ്പോഴെല്ലാം താക്കീതും ശകാരോം ലഭിക്കാൻ വിധിക്കപ്പെട്ട നമ്മുടെ കുഞ്ഞുങ്ങളെ നാം എന്തിനു കുറ്റപ്പെടുത്തണം? വീടുനിറയെ അംഗങ്ങളുള്ള ഭവനങ്ങളിൽനിന്നും അമേരിക്കയിൽ എത്തിപ്പെട്ട ആദ്യ തലമുറ എത്രയധികം ക്ലേശങ്ങൾ സഹിച്ചാണ് സ്വന്തം സഹോദരങ്ങളെയെല്ലാം അമേരിക്കയിൽ സ്പോൺസർ ചെയ്തെത്തിച്ച് ഒന്നും രണ്ടും മുറികൾ മാത്രമുള്ള അപ്പാർട്ടുമെന്റിന്റെ (ശേഷം 30-ാം പേജിൽ)

## കെഎച്ച്എൻഎ ഫോർ കേരള പ്രൊജക്ട് സേവാപ്രവർത്തനം ഉദ്ഘാടനം ചെയ്തു



കോട്ടയം: കെഎച്ച്എൻഎയുടെ കെഎച്ച്എൻഎ ഫോർ കേരള പ്രൊജക്ടിന്റെ ഒരു കോടി രൂപയുടെ സേവാപ്രവർത്തനം ഉദ്ഘാടനം ചെയ്യപ്പെട്ടു. മാർച്ച് 3-ന് ചാലക്കുടി സിദ്ധാർത്ഥ ഹോട്ടൽ ഓഡിറ്റോറിയത്തിൽ കൂടിയ പൊതുയോഗം പ്രസിഡണ്ട് ഡോ. നിഷ പിള്ളയാണ് ഉദ്ഘാടനം ചെയ്തത്. ട്രഷറർ രഘുവരൻ നായർ പദ്ധതിയെപ്പറ്റി വിശദീകരിച്ചു.

ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ഗോപിനാഥക്കുറുപ്പ് 2025 ജൂലൈയിൽ ന്യൂയോർക്കിൽ നടക്കുന്ന സിൽവർ ജൂബിലി കൺവൻഷനെക്കുറിച്ചും കെഎച്ച്എൻഎ കേരളത്തിൽ നല്കുന്ന പ്രൊഫഷണൽ സ്കോളർഷിപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചും വിശദീകരിച്ചു.

മുൻ കെഎച്ച്എൻഎ ഹൂസ്റ്റൺ കൺവൻഷൻ ചെയർമാൻ ഡോ. രഞ്ജിത് പിള്ള ഓഡിയൻസിന്റെ അഭ്യർത്ഥനപ്രകാരം വിജയകരമായി നടന്ന 'ജാനകി' പ്രൊജക്ടിനെപ്പറ്റി സംസാരിച്ചുകൊണ്ട് ന്യൂയോർക്ക് കൺവൻഷന് വിജയാശംസകൾ നേർന്നു. അന്നദാനം പ്രൊജക്ടിനെക്കുറിച്ച് രമണി പിള്ളയും സനാതനധർമ്മ പരിചയം പ്രൊജക്ടിനെക്കുറിച്ച് ഡോ. പത്മകുമാറും, മുൻ കെഎച്ച്എൻഎ സുവനീർ കമ്മിറ്റി ചെയർമാൻ രാധാകൃഷ്ണൻ നായർ സനാതന ധർമ്മവും, ആർഷദർശന പുരസ്കാര വിതരണത്തിൽ സമകാലീന സാഹിത്യകാരന്മാരുടെ പ്രവർത്തനവും വിശദീകരിച്ചു സംസാരിച്ചു. വിവിധ സേവാപ്രവർത്തകരും സാമൂഹിക പ്രവർത്തകരും പങ്കെടുത്തു സംസാരിച്ചു.

കെഎച്ച്എൻഎയുടെ കേരളത്തിൽ നടന്ന ആദ്യസമ്മേളനം വിജയകരമായി നടത്തുന്നതിന് സഹകരിച്ച ഏവർക്കും ഡോ. നിഷ പിള്ള നന്ദി പ്രകാശിപ്പിച്ചു.

KERALA EXPRESS പ്രവാസി താളുകൾ

# 34–ാമത് ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ മെയ് 25, 26 തീയതികളിൽ



**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: 1970-1980 കാലഘട്ടത്തിൽ വോളിബോൾ ലോകത്തെ ഇതിഹാസമായിരുന്ന അകാലത്തിൽ പൊലിഞ്ഞുപോയ ജിമ്മി ജോർജിന്റെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് 33 വർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ രൂപം കൊണ്ട 'ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റ്' പതിന്നാല് വർഷങ്ങൾക്കുശേഷം ന്യൂയോർക്കിന്റെ മണ്ണിൽ എത്തിച്ചേർന്നതിന്റെ ആവേശത്തിലാണ് ലോങ് ഐലൻഡിലെ കേരളാ സ്പൈക്കേഴ്സ് വോളിബോൾ ക്ലബ് അംഗങ്ങൾ. 34-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റിന് ആതിഥേയത്വം നല്കാൻ അവസരം ലഭിച്ച കേരളാ സ്പൈക്കേഴ്സ് വോളി ബോൾ ക്ലബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് ഭാരവാഹികളും കളിക്കാരും മെയ് 25, 26 (ശനി, ഞായർ) തീയതികളിൽ വോളിബോൾ മാമാങ്കം സംഘടിപ്പിക്കുവാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. മെമ്മോറിയൽ ഡേ ആഴ്ച കൂടിയായ മെയ് 25-നും 26-നും ഫ്ളഷിങ്ങിലുള്ള ക്വീൻസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ (Queens College, 65-30 Kissena Blvd, Flushing, NY) പ്രസ്തുത ടൂർണമെന്റ് വലിയ ആഘോഷമാക്കുവാനുള്ള ക്രമീകരണങ്ങളാണ് ചെയ്യുന്നത്.

1955 മാർച്ച് 8-ന് കണ്ണൂർ ജില്ലയിലെ പേരാവൂരിന് അടുത്തുള്ള തുണ്ടിയിൽ എന്ന ഗ്രാമത്തിൽ കുടക്കച്ചിറ കുടുംബത്തിൽ ജോർജ് ജോസഫ്-മേരി ജോർജ് ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ച ജിമ്മി ജോർജ് വോളിബോൾ ലോകത്തെ മുടിചൂടാ മന്നനായി തിളങ്ങി നിന്നപ്പോൾ തന്റെ 32-ാമത്തെ വയസ്സിൽ 1987 നവംബർ 30-ന് ഇറ്റലിയിൽ വെച്ച് കാറപകടത്തിൽ മരണപ്പെട്ടു. എഴുപതുകളുടെ തുടക്കത്തിൽ കാലിക്കറ്റ് സർവകലാശാലയിലെ വോളിബോൾ ടീമിൽ കളിക്കാരനായിരിക്കുമ്പോൾ ജിമ്മിയുടെ വോളിബോൾ കളിയിലെ പ്രാഗത്ഭ്യം മനസ്സിലാക്കിയ പാലാ സെന്റ് തോമസ് കോളജ് 1973-ൽ ജിമ്മിയെ അവിടെ പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുത്ത് അവരുടെ വോളിബോൾ ടീം ക്യാപ്റ്റൻ ആക്കി തങ്ങളുടെ ടീമിന്റെ യശ്ശസ്സുയർത്തി.

1973 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ സെന്റ് തോമസ് കോളജിന്റെ വോളിബോൾ ടീം അംഗം എന്ന നിലയിൽ കേരളാ യൂണിവേഴ്സിറ്റിയുടെ ടീം ക്യാപ്റ്റൻ ആയും ജിമ്മി വോളിബോൾ കളിയിൽ പ്രശസ്തിയുടെ കൊടുമുടിയിലേക്കെത്തി. കേരളാ യൂണിവേഴ്സിറ്റി വോളിബോൾ ടീമിനെ നയിച്ച ജിമ്മി പ്രസ്തുത മൂന്നു വർഷക്കാലവും ഇന്റർ യൂണിവേഴ്സിറ്റി മത്സരങ്ങളിലെ ചാമ്പ്യന്മാരായി കേരളാ യൂണിവേഴ്സിറ്റിയെ മാറ്റിയെടുത്തു. വോളിബോൾ കളിയിലെ പ്രാഗത്ഭ്യം കണക്കിലെടുത്ത് 21-ാമത്തെ വയസ്സിൽ ജിമ്മിയെ അർജുനാ അവാർഡ് നല്കി രാജ്യം ആദരിച്ചു. അർജുനാ അവാർഡ് ലഭിക്കുന്ന ഏറ്റവും പ്രായംകുറഞ്ഞ കളിക്കാരനായി ജിമ്മി ജോർജ്. വോളിബോൾ കളിയിലെ ജിമ്മിയുടെ അതിപ്രാഗത്ഭ്യവും വൈദഗ്ദ്ധ്യവും കണ്ടറിഞ്ഞ രാജ്യവും സംസ്ഥാനവും വിവിധ സംഘടനകളും ജിമ്മിക്ക് നിരവധി അവാർഡുകൾ നല്കി ആദരിച്ചു. 1982-1984 കാലഘട്ടത്തിലും 1985-1987 കാലഘട്ടത്തിലും ഇറ്റലിയുടെ ഔദ്യോഗിക കളിക്കാരനായി വോളിബോൾ കളിയിലെ ലോകത്തിലെ തന്നെ ഏറ്റവും 'ശക്തനായ അറ്റാക്കർ' എന്ന പ്രശസ്തി ജിമ്മി ജോർജിൽ എത്തിച്ചേർന്നു. അങ്ങനെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തി നിൽക്കുമ്പോഴാണ് 32-ാമത്തെ വയസ്സിൽ ഒരു കാറപകടത്തിൽ 1987 നവംബർ 30-ന് ഇറ്റലിയിൽ വെച്ച് കൊല്ലപ്പെട്ടത്.

ജിമ്മി ജോർജിന്റെ അകാലത്തിലുള്ള വേർപാടിന്റെ വിടവ് നികത്തുവാനായി അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തിക്കൊണ്ട് അമേരിക്കയിലെ വോളിബോൾ പ്രേമികൾ 1990-ൽ രൂപം കൊടുത്ത നാഷണൽ മത്സരമാണ് 'ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റ്'. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള 14 ടീമുകൾ അടങ്ങുന്ന നാഷണൽ വോളിബോൾ ലീഗാണ് ഇതിന്റെ സംഘാടകർ. ഓരോ വർഷവും ഓരോ സംസ്ഥാനങ്ങളിലായി സംഘടിപ്പിക്കുന്ന നാഷണൽ ടൂർണമെന്റ് 14 വർഷങ്ങൾക്കു ശേഷമാണ് ഈ വർഷം ന്യൂയോർക്കിലെത്തുന്നത്.

ലോങ് ഐലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളാ സ്പൈക്കേഴ്സ് വോളിബോൾ ക്ലബ് ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന ക്ലബാണ് ഈ വർഷത്തെ ടൂർണമെന്റിന്റെ ആതിഥേയർ. ശക്തരായ കളിക്കാരെ അണിനിരത്തിക്കൊണ്ട് 1987-ൽ രൂപീകൃതമായ കേരളാ സ്പൈക്കേഴ്സ് ക്ലബ് പല വർഷങ്ങളിലും ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ചാമ്പ്യന്മാരായിട്ടുണ്ട്. സ്പൈക്കേഴ്സ് ക്ലബിലെ മുൻകാല കളിക്കാരും നിലവിലുള്ള കളിക്കാരും ഒത്തുചേർന്ന് സംഘാടക കമ്മിറ്റി രൂപീകരിച്ച് ഈ വർഷത്തെ വോളിബോൾ ടൂർണമെന്റ് എക്കാലത്തെയും മികച്ചതാക്കാനുള്ള പരിശ്രമത്തിലാണ് സംഘാടകർ.

ക്ലബിലെ ആദ്യകാല കളിക്കാരനായ ഷാജു സാം ആണ് സംഘാടക സമിതി പ്രസിഡണ്ട്. സെക്രട്ടറി അലക്സ് ഉമ്മൻ, ട്രഷറർ ബേബിക്കുട്ടി തോമസ്, ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ മറ്റു കമ്മിറ്റി അംഗങ്ങളും മത്സരം അവിസ്മരണീയമാക്കുവാൻ അക്ഷീണപരിശ്രമം ആരംഭിച്ചുകഴിഞ്ഞു. മറ്റ് കമ്മിറ്റി അംഗങ്ങൾ: ടീം കോച്ച്-റോൺ ജേക്കബ്, അസിസ്റ്റന്റ് കോച്ച്-അലക്സാണ്ടർ തോമസ്, ട്രാൻസ്പോർട്ടേഷൻ-ജെയിംസ് അഗസ്റ്റിൻ, ബാങ്ക്വറ്റ്-ലിബിൻ ജോൺ, ഫണ്ട് റെയ്സിംഗ്-സിറിൽ മഞ്ചേരിൽ, സുവനീർ-ജോർജ് ഉമ്മൻ, സോഷ്യൽ മീഡിയ-ആൻഡ്രൂ മഞ്ചേരിൽ, റിഫ്രഷ്മെന്റ്സ്-അലക്സ് സിബി, മീഡിയ കം പിആർഒ മാത്യുക്കുട്ടി ഈശോ എന്നിവരടങ്ങുന്ന കമ്മിറ്റി ടൂർണമെന്റ് നടത്തിപ്പിന് ചുക്കാൻ പിടിക്കുന്നു.

ടൂർണമെന്റിൽ പതിന്നാലിലധികം ടീമുകൾ പങ്കെടുക്കുമെന്നാണ് നിലവിലെ സൂചന. ഇത്തരം ബൃഹത്തായ ഒരു ടൂർണമെന്റ് സംഘടിപ്പിക്കുന്നതിന് ഭാരിച്ച ചെലവാണ് പ്രതീക്ഷിക്കുന്നത്. നല്ലവരായ മലയാളികളുടെയും വോളിബോൾ-സ്പോർട്സ് പ്രേമികളുടെയും നിസ്വാർത്ഥമായ സഹകരണം ലഭിച്ചാൽ ഇതു ഭംഗിയായി നടത്തുവാൻ സാധിക്കും എന്നാണ് സംഘാടക സമിതി പ്രസിഡണ്ട് ഷാജു സാം പറയുന്നത്. അതിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ സംഘാടകർ അഭ്യർത്ഥിക്കുന്നു. ടൂർണമെന്റ് പരിപാടികൾ സ്പോൺസർ ചെയ്തും ഇതിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിൽ പരസ്യങ്ങൾ നല്കിയും എല്ലാവരും ഇതിന്റെ വിജയത്തിനായി സഹകരിക്കണം എന്ന് സംഘാടകർ എല്ലാ നല്ലവരായ പ്രവാസി മലയാളികളോടും അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവിരങ്ങൾക്ക് ബന്ധപ്പെടുക: ഷാജു സാം 646-427-4470, അലക്സ് ഉമ്മൻ 516-784-7700, ബേബിക്കുട്ടി തോമസ് 516-9741735, ബിഞ്ചു ജോൺ 646-584-6859, സിറിൽ മഞ്ചേരിൽ 917-637-3116.

# മാത്യു പി. മാത്യൂസ് അന്തരിച്ചു



ഡാളസ്: പെന്തെക്കോസ്ത് ദൈവസഭയിലെ ചെങ്ങന്നൂർ ഇടയാറന്മുള പുതുപ്പള്ളിൽ വീട്ടിൽ പാസ്റ്റർ പി.എം. മാത്യു-സൂസമ്മ ദമ്പതികളുടെ മകൻ മാത്യു പി. മാത്യൂസ് (സാബു-50) ഡാളസിൽ അന്തരിച്ചു. കോന്നി സ്വദേശി ബിന്ദുവാണ് സഹധർമ്മിണി. മക്കൾ: സാറാ, ഹന്നാ, ജോഷ്വ. ഇരുപതിൽപ്പരം വർഷങ്ങളായി കുടുംബസമേതം ഡാളസിൽ സ്ഥിരതാമസമാക്കിയിരുന്ന സാബു റെസ്റ്ററേഷൻ ചർച്ച് ഓഫ് നോർത്ത് സെൻട്രൽ ടെക്സാസ് അംഗവും സഭയുടെ ഫെലോഷിപ്പ് വിഭാഗം ഡീക്കനുമായി സേവനം ചെയ്തുവന്നിരുന്നു. ബാങ്ക് ഓഫ് അമേരിക്കയുടെ വിവര സാങ്കേതിക വിഭാഗത്തിൽ ഉന്നത പദവി വഹിച്ചിരുന്ന സാബു FC കരോൾട്ടൺ സ്പോർട്സ് ക്ലബ് അംഗം എന്ന നിലയിൽ വിവിധ കായിക മത്സരങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തിയായിരുന്നു. സംസ്കാരം പിന്നീട് കേരളത്തിൽ.

**വാർത്ത: പി.പി. ചെറിയാൻ**

# രോഗികൾ നേഴ്സുമാരെയും ആരോഗ്യ പ്രവർത്തകരെയും ആക്രമിക്കുന്നു

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: ജനായത്ത രാഷ്ട്രങ്ങളായ ഇൻഡ്യയിലും അമേരിക്കയിലും രോഗികൾ നേഴ്സുമാർക്കും ആരോഗ്യപ്രവർത്തകർക്കും എതിരെ നടത്തുന്ന ശാരീരികവും മാനസികവുമായ പീഢനം അനിയന്ത്രിതമായി വർദ്ധിക്കുന്നതായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിയന്ത്രണത്തിലുള്ള പെൻസിൽവേനിയ അസ്സോസിയേഷൻ ഓഫ് സ്റ്റാഫ് നേഴ്സ് വക്താവും ഇൻഡ്യയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ റിപ്പോർട്ടിലും പറയുന്നു.

30 വർഷമായി രോഗികളുടെയും ആരോഗ്യ പ്രവർത്തകരുടെയും പരാതികളും അഭിപ്രായങ്ങളും വിശകലനം ചെയ്ത് ശ്രവിക്കുകയും അധികാരികളെ അറിയിക്കുകയും ഉത്തമമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അമേരിക്കൻ സംഘടനയായ പ്രസ്സ്ഗാനിയുടെ പ്രസ്താവനയിൽ ദിനംപ്രതി ശരാശരി 57 നേഴ്സുമാരെ രോഗികൾ ആക്രമിക്കുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ ഒക്ടോബർ മാസം തുടക്കത്തിൽ ഫിലാഡൽഫിയായിലെ ആൽബർട്ട് ഐൻസ്റ്റീൻ ആശുപത്രിയിലെ പ്രസവ വാർഡിൽനിന്നും നവജാത ശിശുവിനെ മോഷ്ടിക്കുവാൻ ശ്രമിച്ച സ്ത്രീയെ തടയുവാൻ ശ്രമിച്ച നേഴ്സിനെ കുത്തി മുറിവേൽപ്പിച്ചു. നിയോനാറ്റൽ ഇന്റൻസീവ് കെയർ യൂണിറ്റ് (എൻ.ഐ.സി.യു.)ലെ നേഴ്സുമാർ ചേർന്ന് ബലപ്രയോഗത്തിലൂടെ ശിശുവിനെ രക്ഷിച്ചു. ഹോസ്പിറ്റലിനുള്ളിൽ ഏറ്റവും സുരക്ഷിതമായ എൻഐസിയുവിനുള്ളിൽ കയറി ക്രൂരമായി നേഴ്സിനെ ഉപദ്രവിക്കുകയും വധശ്രമം നടത്തുകയും ചെയ്തതിനെ തുടർന്ന് അമേരിക്കൻ നേഴ്സുമാർ ഭയത്തിലാണ്.

2022, 2023 കാലഘട്ടങ്ങളിൽ ഐൻസ്റ്റീൻ ഹോസ്പിറ്റലിലെ 18 ആരോഗ്യ പ്രവർത്തകർക്ക് രോഗികളിൽനിന്നും സന്ദർശകരിൽനിന്നും മർദ്ദനം ഏറ്റതായി ഫിലാഡൽഫിയാ പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽതന്നെ സുപ്രസിദ്ധമായ ജെഫേർസൺ ഹോസ്പിറ്റലിൽ 32-ഉം ടെംപിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ 31-ഉം പെൻ പ്രസ്ബിറ്റേറിയൻ ഹോസ്പിറ്റലിൽ 4-ഉം ജീവനക്കാർക്ക് ഗുരുതരമായ മർദ്ദനങ്ങൾ ഏറ്റതായും പോലീസ് റിപ്പോർട്ടിൽ പറയുന്നു.



ലേഖകൻ


നിരന്തരം രോഗികളിൽനിന്നും ഉണ്ടാകുന്ന അക്രമാസക്തമായ പെരുമാറ്റവും ബലപ്രയോഗവും മൂലം ഭയത്തിലും നിരാശയിലുമുള്ള നേഴ്സുമാർക്കു ആത്മവീര്യവും ജോലിയിൽ വിശ്വസ്തതയും ലഭിക്കുവാൻ വേണ്ടിയും സുരക്ഷിതത്വം കൂടുതലായി ഉറപ്പാക്കുവാൻ വേണ്ടിയും ആശുപത്രി അധികൃതർ ശ്രമിക്കണമെന്ന് അമേരിക്കൻ നേഴ്സസ് യൂണിയൻ ശക്തമായി ആവശ്യപ്പെട്ടതായി ഫിലാഡൽഫിയ ഇൻക്യൂറർ ന്യൂസ് പേപ്പർ റിപ്പോർട്ടിൽ പറയുന്നു.

ഇൻഡ്യയിലെ വയലൻസ് എഗേയ്ൻസ്റ്റ് ഹെൽത്ത് കെയർ വർക്കേഴ്സ് (വി.എ.എച്ച്.സി.ഡബ്ല്യു) എന്ന ആശുപത്രി ജീവനക്കാരുടെ സുരക്ഷിതത്വ നിരീക്ഷണ സംഘടനയുടെ അറിയിപ്പാനുസരണം 2020-ൽ 225-ഉം 2021-ൽ 110-ഉം ആക്രമണങ്ങൾ രോഗികളും സന്ദർശകരും ചേർന്നു നടത്തി. ഇൻഡ്യയിലെ ആരോഗ്യപ്രവർത്തകരിൽ 75 ശതമാനവും ഹോസ്പിറ്റൽ ജോലി കാലഘട്ടവേളയിൽ ഒരിക്കലെങ്കിലും പീഡനം ഏറ്റതായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ ഒക്ടോബർ 29-ന് ആയിരത്തിലധികം ഇൻഡ്യൻ ഡോക്ടേഴ്സും നേഴ്സസും ഡൽഹിയിലെ മൗലാന ആസാദ് മെഡിക്കൽ കോളേജിൽനിന്നും ഇൻഡ്യാ ഗേറ്റ് വരെ നടത്തിയ സുദീർഘമായ മാർച്ചിൽ രോഗികളിൽനിന്നും അവരുടെ ബന്ധുക്കളിൽനിന്നുമുള്ള ആക്രമണം പരിപൂർണ്ണമായി അവസാനിപ്പിക്കണമെന്നും സുരക്ഷിതത്വം ഉറപ്പാക്കണമെന്നുള്ള പരമ പ്രധാനമായ ഡിമാൻഡ് സർക്കാർ സമക്ഷം സമർപ്പിച്ചു.

ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്നവരുടെമേൽ ശക്തമായ ശിക്ഷാ നടപടികൾ നടത്തുവാനുള്ള ഭരണഘടനാ വ്യതിയാനം തീർച്ചയായും ഇൻഡ്യയിലും അമേരിക്കയിലും ആഗോളതലത്തിലും ഉണ്ടാകണം.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ
മഹദ്വചനം
പുസ്തകം ലഭിക്കുന്നതിനായി
ബന്ധപ്പെടുക
Paradise Audio Ministries
Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA
www.facebook.com/susan.babu.52493
www.paradiseaudioministries.com
USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com
YouTube channel: susan b. john
Paradise
Audio Ministries FL
INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120
YouTube
Watch
Many More

# സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ

എൽസി ബേബി

യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ പ്രാർത്ഥനയെക്കുറിച്ച് തന്റെ ശിഷ്യന്മാർക്ക് ഒരു ക്ലാസ് എടുത്തതായി തിരുവചനത്തിലുണ്ട്. എങ്ങനെ പ്രാർത്ഥിക്കരുത്; എങ്ങനെ പ്രാർത്ഥിക്കണം, നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിക്കുവിൻ എന്നായിരുന്നു പഠിപ്പിച്ച പാ



ലേഖിക

ഠം. നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞ പ്രാർത്ഥന മിക്കവാറും ക്രിസ്ത്യാനികൾ അറിഞ്ഞോ അറിയാതെയോ മനഃപാഠമാക്കി പ്രാർത്ഥിക്കാറുള്ള പ്രാർത്ഥനയാണല്ലോ. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന. അതിപ്രകാരം: "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ." പരിശുദ്ധനായ സ്വർഗ്ഗത്തിലെ ഞങ്ങളുടെ പിതാവ് എന്നാകുന്ന പ്രാർത്ഥനയുടെ ആരംഭം. ദൈവം മോശ മുഖാന്തരം ഇസ്രായേൽ മക്കൾക്ക് നല്കിയ പത്തു കല്പനകളിൽ മൂന്നാമത്തെ കല്പന നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്. തന്റെ നാമം വൃഥാ എടുക്കുന്നവനെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല എന്നതാകുന്നു. ഇന്ന് അനേകർ ഈ പരിശുദ്ധ നാമത്തെ വൃഥാ എടുക്കാറുണ്ട്. ദൈവം അവരെയൊക്കെ ശിക്ഷിക്കുന്നുണ്ടാകും. പക്ഷേ, അവർ അതൊന്നും അറിയുന്നില്ലായിരിക്കും. ദൈവത്തെ ഭയപ്പെടുന്നവരും ദൈവത്തെ മാനിക്കുന്നവരും വളരെ സൂക്ഷിച്ചു മാത്രമേ ദൈവത്തിന്റെ പരിശുദ്ധ നാമം തങ്ങളുടെ നാവിൽ എടുക്കുകയുള്ളൂ. അതേ നാമത്തിലാണല്ലോ നാം മേലുദ്ധരിച്ച പ്രാർത്ഥന പ്രാർത്ഥിക്കുന്നതെന്ന് ഓർക്കുന്നത് നന്നായരിക്കും.

അവിടുത്തെ ഹിതം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ എന്നു പ്രാർത്ഥിക്കുമ്പോൾ എന്താണ് ദൈവഹിതം എന്ന് ചിന്തിക്കാറുണ്ടോ? കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിലെ പ്രധാന വിഷയം ദൈവത്തെക്കുറിച്ചു മാത്രമാകുന്നു. അവിടുത്തെ നാമം, അവിടുത്തെ രാജ്യം, അവിടുത്തെ ഹിതം അവ ഓരോന്നായി പഠിക്കേണ്ട വിഷയമാകുന്നു. അവയിൽ എന്താകുന്നു ദൈവഹിതം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ എന്നു നാം പ്രാർത്ഥിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന ആശയം, അർത്ഥം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ രാജ്യം ഭൂമിയിൽ വരേണം എന്നത് നമ്മുടെ, അതായത് എല്ലാ ക്രിസ്തുവിശ്വാസികളുടെയും ആഗ്രഹവും പ്രാർത്ഥനയുമാകുന്നു. കാരണം, ഈ ഭൂമിയിലെ ഒരു രാജ്യഭരണവും തൃപ്തികരമല്ല. സ്വർഗ്ഗരാജ്യം ഭൂമിയിൽ വരും എന്ന ആശയോടെ കാത്തു പ്രാർത്ഥിക്കുന്നവരാകുന്നു യഥാർത്ഥ ദൈവമക്കൾ. അതു വരും എന്ന ഭാഗ്യകരമായ പ്രത്യാശ അവർക്കുണ്ട്. ഈ ഭൂമി ദൈവം സൃഷ്ടിച്ചതാകുന്നു. പക്ഷേ, ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവകല്പന ലംഘിച്ചതിന്റെ ഫലമായി പാപം ഈ ഭൂമിയെ ശാപഗ്രസ്ഥമാക്കി പിശാചിന്റെ ഭരണത്തിൻ കീഴിലാക്കിയിരിക്കുന്നു. അധികം താമസിയാതെ നാം കാണുന്ന ഈ ആകാശവും ഭൂമിയും വെന്തുരുകി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടും. അവിടെ നീതിമാന്മാരല്ലാതെ ഒരു പാപിക്കും ഒരു പൈശാചിക ശക്തിക്കും സ്ഥാനം കാണുകയില്ല. ദൈവം മാത്രം ഭരിക്കുന്ന രാജ്യം, അതു വരും താമസമില്ല.

ദൈവം ആഗ്രഹിക്കുന്നതും ദൈവഹിതവും സ്വർഗ്ഗത്തിൽ എല്ലാം പരിശുദ്ധി നിറഞ്ഞതും ദൈവം മഹത്വപ്പെടുന്നതുമായ അവസ്ഥകളാകുന്നു. കോടാനുകോടി സ്വർഗ്ഗദൂതന്മാർ സൈന്യങ്ങളുടെ ദൈവമായ യഹോവേ, നീ പരിശുദ്ധൻ, പരിശുദ്ധൻ എന്നു രാപ്പകൽ ആരാധിക്കുന്ന മഹോന്നതനായ ദൈവത്തിന്റെ മഹത്വം നിറഞ്ഞ അന്തരീക്ഷം. അവിടെ സൂര്യചന്ദ്രന്മാരോ നക്ഷത്രങ്ങളോ ഇല്ല. ദൈവം മാത്രം, വെളിച്ചമായുള്ള ദൈവിക സാന്നിദ്ധ്യം! നാം കാണുന്ന ഈ ഭൂമി പാപാന്ധകാരം നിറഞ്ഞതാകുന്നു. മുള്ളും പറക്കാരയും നിറഞ്ഞ ശാപഗ്രസ്ഥമായ ഭൂമി. അകൃത്യങ്ങളും അധർമ്മങ്ങളും ലംഘനങ്ങളും പാപങ്ങളും കൊണ്ട് മലിനമാക്കപ്പെട്ട ഭൂമി. അതുകൊണ്ട് ദൈവത്തിന്റെ ആഗ്രഹം എല്ലാവരും മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരാകണം എന്നതാണ്.

എല്ലാവരും തങ്ങളുടെ പാപവഴികളെ ഉപേക്ഷിച്ച് ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തിലൂടെ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകണം എന്നതാണ്. ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു. തന്റെ ഏകജാതനായ പുത്രനെ (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 82.76 |
| യൂറോ | 90.56 |
| സ്റ്റെർലിംഗ്പൗണ്ട് | 106.34 |
| സ്വിസ് ഫ്രാങ്ക് | 94.49 |
| സിംഗപ്പൂർ ഡോളർ | 62.25 |
| കനേഡിയൻ ഡോളർ | 61.45 |
| ഒമാൻ റിയാൽ | 215.04 |
| ബഹ്റൈൻ ദിനാർ | 219.61 |
| സൗദി റിയാൽ | 22.07 |
| യു.എ.ഇ. ദിർഹം | 22.54 |
| കുവൈത്ത് ദിനാർ | 269.54 |

# മുഹമ്മദ് സിനാന് സ്വീകരണം നല്കി



ആൽവിൻ ഷിക്കോർ

ചിക്കാഗോ: നൂറോളം ലോകരാജ്യങ്ങൾ സന്ദർശിച്ച ശേഷം ചിക്കാഗോയിൽ എത്തിച്ചേർന്ന മുഹമ്മദ് സിനാന് സ്വീകരണം നല്കി. മാർച്ച് 7-ന് വ്യാഴാഴ്ച വൈകിട്ട് 6.30-ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ ചേർന്ന യോഗത്തിൽ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി മൊമന്റോ നല്കുകയും ഹാരം അർപ്പിക്കുകയും ചെയ്തു. അസോസിയേഷൻ സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ബോർഡ് അംഗങ്ങളായ ജോഷി പൂവത്തിങ്കൽ, തോമസ്



വിൻസന്റ്, പ്രിൻസ് ഈപ്പൻ എന്നിവരും മുൻ പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടൻ, ബോർഡ് അംഗം അച്ചൻകുഞ്ഞ്, മെംബർമാരായ ഷൈബു കിഴക്കേക്കുറ്റ്, ജിനിൽ എന്നിവരും സന്നിഹിതരായിരുന്നു. സ്വീകരണത്തിന്റെ മുഖ്യസംഘാടകനായ ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിൽ സിനാനുമായി അംഗങ്ങൾ സംവാദം നടത്തി.



# ഫിലാഡൽഫിയ സെ. മേരീസിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ നടത്തി

ഫിലാഡൽഫിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് മീറ്റിങ്ങിന് ഫിലാഡൽഫിയയിലെ ഡെവറോ അവന്യൂവിലുള്ള സെ. മേരീസ് മലങ്കര ഓർത്തഡോക്സ് ഇടവക വേദിയായി. മാർച്ച് 3-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് വികാരി ഫാ. ഷിനോജ് തോമസ് നേതൃത്വം നല്കി. തുടർന്ന് ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷനു വേണ്ടി ഒരു മീറ്റിംഗ് നടന്നു.

ഉമ്മൻ കാപ്പിൽ

അലക്സ് മാത്യു (ഇടവക സെക്രട്ടറി) കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. സജിൻ സാമുവൽ, റോണ വർഗീസ്, ഐറിൻ ജോർജ്, സൂസൻ വർഗീസ് (ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ), ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം) എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.



എബിൻ ബാബു (ഇടവക ട്രഷറർ ആൻഡ് ഭദ്രാസന അസംബ്ലി അംഗം), തോമസ് ചാണ്ടി (മലങ്കര അസോസിയേഷൻ പ്രതിനിധി) എന്നിവരും വേദിയിൽ ചേർന്നു.

ഈ വർഷത്തെ ഫാമിലി/യൂത്ത് കോൺഫറൻസിന്റെ വേദി, തീയതികൾ, പ്രസംഗകർ, മറ്റ് ക്രമീകരണങ്ങൾ എന്നിവയെക്കുറിച്ച് ഉമ്മൻ കാപ്പിൽ സംസാരിച്ചു. ദൈവികവും അവിസ്മരണീയവുമായ അനുഭവത്തിനായി സമ്മേളനത്തിൽ പങ്കെടുക്കാൻ ഉമ്മൻ എല്ലാവരെയും പ്രോത്സാഹിപ്പിച്ചു. ഫാമിലി/യൂത്ത് കോൺഫറൻസ് യുവജനങ്ങൾക്ക് നേതൃത്വം നല്കാനും ഭദ്രാസനത്തിന്റെ സുഗമമായ നടത്തിപ്പിന് സംഭാവനകൾ നല്കാനും അവസരം ഒരുക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സൂസൻ വർഗീസ് രജിസ്ട്രേഷൻ നടപടികളും സമ്മേളനത്തിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ വിശദാംശങ്ങളും വിശദീകരിച്ചു. സുവനീറിനായുള്ള ലേഖനങ്ങൾ, വ്യക്തിഗത ആശംസകൾ, ബിസിനസ് പരസ്യങ്ങൾ എന്നിവ 2024 മാർച്ച് അവസാനത്തോടെ ഭാരവാഹികൾക്ക് അയയ്ക്കേണ്ടതാണ്.

ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച നറുക്കെടുപ്പിനെക്കുറിച്ചും ആകർഷകമായ സമ്മാനങ്ങളെക്കുറിച്ചും സജിൻ സാമുവൽ സംസാരിച്ചു. എല്ലാ ഇടവകകൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്ന എന്റർടൈൻമെന്റ് നൈറ്റിനെക്കുറിച്ച് റോണ വർഗീസ് എല്ലാവരെയും ഓർമ്മിപ്പിച്ചു. സ്പോൺസർഷിപ്പിലൂടെ കോൺഫറൻസിനെ പിന്തുണയ്ക്കാനുള്ള അവസരങ്ങൾ ഐറിൻ ജോർജ് വിശദീകരിച്ചു.

സംതൃപ്തമായ ആത്മീയാനുഭവത്തിനായി ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പോലുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്താൻ എല്ലാ കുടുംബങ്ങളെയും ഫാ. ഷിനോജ് തോമസ് ഓർമ്മിപ്പിച്ചു. ഇടവകയിൽ നിന്നുള്ള ആദ്യ രജിസ്ട്രേഷൻ ഫാ. ഷിനോജ് തോമസ് സമർപ്പിച്ചു. ഇടവകയെ പ്രതിനിധീകരിച്ച് അബിൻ ബാബു (ട്രഷറർ), അലക്സ് മാത്യു (സെക്രട്ടറി) എന്നിവർ സുവനീറിന് പിന്തുണ പ്രഖ്യാപിച്ച് ചെക്ക് കൈമാറി.


റോബിൻ തോമസ്, വർഗീസ് ചാക്കോ, തോമസ് ചാണ്ടി, എബി കെ. തോമസ്, ജോൺ യോഹന്നാൻ, ജോയ്സ് വർഗീസ്, പ്രവീൺ മാത്യു എന്നിവർ സുവനീറിൽ വ്യക്തിഗത ആശംസകളും ബിസിനസ് പരസ്യങ്ങളും നല്കി പിന്തുണ വാഗ്ദാനം ചെയ്തു. തോമസ് വർഗീസ്, ഐപ്പ് മത്തായി, ജോയ് യോഹന്നാൻ, എബി ജോസഫ്, മാത്യു യോഹന്നാൻ, സജിൻ ജോൺ, മാത്യു ഐപ്പ്, മെറീന മാത്യു എന്നിവർ റാഫിൾ ടിക്കറ്റ് വാങ്ങി പിന്തുണ വാഗ്ദാനം ചെയ്തു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

സ്പോൺസർഷിപ്പ്, രജിസ്ട്രേഷൻ, പരസ്യങ്ങൾ, ആശംസകൾ എന്നിവയിലൂടെ ഉദാരമായ പിന്തുണ വാഗ്ദാനം ചെയ്ത വികാരിക്കും ഇടവകാംഗങ്ങൾക്കും ഉമ്മൻ കാപ്പിൽ നിസ്സീമമായ കടപ്പാട് രേഖപ്പെടുത്തി. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

## അമിതാവ് ഘോഷിന് 1.35 കോടിയുടെ ഇറാസ്മസ് പ്രൈസ്

ആംസ്റ്റർഡാം: ഇന്ത്യൻ ഇംഗ്ലിഷ് എഴുത്തുകാരനായ അമിതാവ് ഘോഷിന് ഈ വർഷത്തെ ഇറാസ്മസ് പ്രൈസ്. നെതർലൻഡ് രാജാവ് രക്ഷാധികാരിയായുള്ള ഇറാസ്മിയാനം ഫൗണ്ടേഷൻ നൽകുന്നതാണ് 150,000 യൂറോ(ഏകദേശം 1.35 കോടി രൂപ)യുടെ ഈ പുരസ്കാരം. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ആഗോള പ്രതിസന്ധിയെപ്പറ്റി രചനകളിലൂടെ നൽകിയ സംഭാവനകളാണ് അമിതാവ് ഘോഷിനു പുരസ്കാരം നേടിക്കൊടുത്തത്. ഭൂതകാലത്തെക്കുറിച്ചുള്ള കഥകൾ പറഞ്ഞ് അനിശ്ചിതമായ ഭാവിയുടെ പ്രതിസന്ധികൾക്ക് അദ്ദേഹം ഉത്തരം തേടുന്നതായി പുരസ്കാര സമിതി ചൂണ്ടിക്കാട്ടി.



1956-ൽ കൊൽക്കത്തയിൽ ജനിച്ച അമിതാവ് ഘോഷ് ഓക്സ്ഫഡിൽ സാമൂഹ്യ നരവംശശാസ്ത്രപഠനം പൂർത്തിയാക്കിയശേഷമാണ് സാഹിത്യലോകത്തേക്കു തിരിഞ്ഞത്. ദ് ഗ്ലാസ് പാലസ്, സീ ഓഫ് പോപ്പീസ്, റിവർ ഓഫ് സ്മോക്ക്, ദ് ഷാഡോ ലൈൻസ്, ദ് ഹങ്ഗ്രി ടൈഡ്, ഫ്ളഡ് ഓഫ് ഫയർ (നോവലുകൾ), ദ് കൽക്കട്ട ക്രോമസോം (ശാസ്ത്ര നോവൽ) എന്നിവയ്ക്കു പുറമെ ഒട്ടേറെ യാത്രാവിവരണ ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. 2018-ൽ ജ്ഞാനപീഠ പുരസ്കാരം തേടിയെത്തി. മാനവികതയിലോ കലയിലോ മികച്ച സംഭാവനകൾ നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിവരുന്നതാണ് ഡച്ച് നവോത്ഥാന മാനവികവാദിയായ ഡെസിഡീറിയസ് ഇറാസ്മസിന്റെ പേരിലുള്ള ഈ പുരസ്കാരം.



## എം. എം. എൻ. ജെയുടെ ഇന്റർഫെയ്ത് ഇഫ്താർ സംഗമം മാർച്ച് 24 ഞായറാഴ്ച

അബ്ദുൽ അസീസ്

ന്യൂജേഴ്സി: ന്യൂജേഴ്സി മലയാളി മുസ്ലിം കൂട്ടായ്മയായ MMNJ-യുടെ രണ്ടാമത് ഇന്റർഫെയ്ത് ഇഫ്താർ സംഗമം മാർച്ച് 24-ന് ഞായറാഴ്ച, റോയൽ ആൽബർട്ട് പാലസിൽവെച്ച് നടക്കും. സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള 600-ൽ പരം മലയാളികൾ പരിപാടിയിൽ പങ്കെടുക്കും. ന്യൂജേഴ്സി ഗവൺമെന്റ് ഉദ്യോഗസ്ഥർ, അമേരിക്കയിലെ വിവിധ സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനാ നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ അതിഥികളായെത്തും.

മതസൗഹാർദം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം സംഘടിപ്പിച്ച ഇന്റർഫെയ്ത് ഇഫ്താർ, ന്യൂജേഴ്സിയിലെ മലയാളികൾക്ക് വേറിട്ട അനുഭവമായിരുന്നു. അമേരിക്കയിൽ ഏറ്റവും കൂടുതൽ മലയാളികൾ പങ്കെടുത്ത ഇഫ്താറിന് മികച്ച പ്രതികരണമാണ് വിവിധ കോണുകളിൽനിന്ന് ലഭിച്ചത്. വൈവിധ്യമായ പരിപാടികൾക്ക് പുറമെ യുവതലമുറയുടെ സജീവ സാന്നിധ്യം ഇപ്രാവശ്യത്തെ ഇഫ്താറിന്റെ പ്രത്യേകതയായിരിക്കുമെന്നു സംഘാടകർ അറിയിച്ചു.

സംഘാടക സമിതി ചെയർമാനായി സമദ് പൊന്നേരിയെയും മുഖ്യ രക്ഷാധികാരിയായി എരഞ്ഞിക്കൽ ഹനീഫയെയും തെരഞ്ഞെടുത്തു. ഫിറോസ് കോട്ടപ്പറമ്പിൽ, അസ്‌ലം ഹമീദ്, സാജിദ് കരീം എന്നിവരെ എക്സിക്യൂട്ടീവ് കൺവീനർമാരായും തെരഞ്ഞെടുത്തു.

കൂടുതൽ വിവരങ്ങൾക്ക്: (908) 800-2441

ഇ-മെയിൽ: Contact@mmnj.org, വെബ്: https://mmnj.org

## സിദ്ധാർഥന്റെ മരണം; അന്വേഷണം സിബിഐക്ക്

തിരുവനന്തപുരം: വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർഥനെ ദുരൂഹ സാഹചര്യത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം സിബിഐ അന്വേഷിക്കും. സിദ്ധാർഥന്റെ മരണം സംസ്ഥാനത്ത് വലിയ കോളിളക്കം സൃഷ്ടിച്ചതിനു പിന്നാലെ പിതാവ് ടി. ജയപ്രകാശിനെ മുഖ്യമന്ത്രി ചർച്ചയ്ക്കായി ക്ഷണിക്കുകയായിരുന്നു. ചർച്ചയ്ക്കു പിന്നാലെയാണ് കേസ് അന്വേഷണം സിബിഐക്ക് വിടാൻ തീരുമാനിച്ചതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചത്.

സിബിഐ അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിനു നല്കാനുള്ള വിജ്ഞാപനം സംസ്ഥാനം പുറത്തിറക്കണം. സിബിഐ അന്വേഷിച്ചാൽ സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട ദുരൂഹത പുറത്തു കൊണ്ടുവരാൻ കഴിയുമെന്നാണ് കുടുംബം കരുതുന്നത്. ചർച്ച കഴിഞ്ഞു പുറത്തിറങ്ങിയ ജയപ്രകാശ് സിബിഐ അന്വേഷണം തങ്ങൾ ആവശ്യപ്പെട്ടതായും നടത്താമെന്ന് മുഖ്യമന്ത്രി ഉറപ്പു നല്കിയതായും അറിയിച്ചു.

കഴിഞ്ഞ ഫെബ്രുവരി പത്തിനാണ് സിദ്ധാർത്ഥനെ വെറ്ററിനറി കോളജിലെ ശുചിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്. മൂന്നു ദിവസം ഭക്ഷണവും വെള്ളവും നല്കാതെ എസ്എഫ്ഐക്കാർ ക്രൂരമായി മർദിക്കുകയും പീഡിപ്പിക്കുകയും ചെയ്തതായി ആരോപണം ഉയർന്നതോടെ സംസ്ഥാനത്ത് വലിയ രാഷ്ട്രീയ വിവാദമായി കത്തിപ്പടർന്നു. കലാലയങ്ങളിലെ എസ്എഫ്ഐയുടെ അക്രമരാഷ്ട്രീയം കേരളത്തിലെങ്ങും സജീവമായ ചർച്ചയായി. പ്രതിപക്ഷ സമരങ്ങളും സജീവമായി. സിബിഐ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും മുഖ്യമന്ത്രിക്ക് കത്ത് നല്കിയിരുന്നു.

## റേഷൻകടകളിൽ മുഖ്യമന്ത്രിയുടെ ചിത്രമുള്ള പോസ്റ്റർ നിർബന്ധമാക്കുന്നു

തൃശൂർ: റേഷൻകടകളിൽ പ്രധാനമന്ത്രിയുടെ പോസ്റ്റർ ഒട്ടിക്കണമെന്ന നിർദേശം തള്ളിയ കേരളസർക്കാർ മുഖ്യമന്ത്രിയുടെ ചിത്രമുള്ള പോസ്റ്റർ നിർബന്ധമാക്കുന്നു. ഭക്ഷ്യമന്ത്രിയുടെകൂടി ചിത്രമുള്ള ഈ പോസ്റ്റർ പതിച്ചില്ലെങ്കിൽ നടപടിയെടുക്കുമെന്ന ഭീഷണിയുമുണ്ട്. 'അഭിമാനമാണ് നമ്മുടെ പൊതുവിതരണ രംഗം' എന്ന തലക്കെട്ടിലുള്ള പോസ്റ്ററിലാണ് മുഖ്യമന്ത്രിയുടെയും ഭക്ഷ്യമന്ത്രിയുടെയും ചിത്രങ്ങളുള്ളത്.

പ്രതിമാസ ഭക്ഷ്യധാന്യവിഹിതം ഉറപ്പുനൽകുന്നുവെന്ന വാഗ്ദാനവും ഇതിലുണ്ട്. പോസ്റ്ററിൽപ്പറയുന്ന ആദ്യ രണ്ടു പദ്ധതികളും പൂർണമായും കേന്ദ്ര സർക്കാരിന്റെയാണെന്ന വൈരുധ്യവുമുണ്ട്. ഈ സമയത്താണ് കേരള സർക്കാരിന്റെ പുതിയ പോസ്റ്റർ റേഷൻകടകൾക്ക് നൽകിയിരിക്കുന്നത്. കടകളിൽ ഈ പോസ്റ്റർ പതിച്ചിട്ടുണ്ടോ എന്നത് അധികൃതർ നേരിട്ടെത്തി പരിശോധിക്കുമെന്നാണ് അറിയുന്നത്.

## രവികുമാർ എടത്വ അന്തരിച്ചു



ഡാളസ്: ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ ഡാളസ് പ്രൊഡക്ഷൻ ഹെഡ് രവികുമാർ എടത്വ (67) അന്തരിച്ചു. ഭാര്യ സൈനബ. മക്കൾ: സിയാന, അപ്പൂസ്. മരുമകൻ: പ്രേം അയ്യർ.

ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ തുടക്കം മുതൽ എല്ലാ പ്രൊഡക്ഷനുകളിലും നേതൃത്വം വഹിച്ചിരുന്ന രവികുമാർ ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ വൈസ് പ്രസിഡണ്ടും അമേരിക്കയിലെ അറിയപ്പെടുന്ന ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും ടെലിവിഷൻ നിർമാതാവുമായിരുന്നു. രവികുമാറിന്റെ വിയോഗത്തിൽ ഫ്ളവേഴ്സ് ടിവി യുഎസ്എ സിഇഒ ബിജു സഖറിയായും മറ്റു സഹപ്രവർത്തകരും കുടുംബാംഗങ്ങളെ അനുശോചനമറിയിച്ചു.

## എസ്ബിഐക്കു തിരിച്ചടി

(ഒന്നാം പേജിൽ നിന്നും)

കാരണം രാഷ്ട്രീയ പാർട്ടികൾക്കു സംഭാവന സ്വരൂപിക്കാൻ നരേന്ദ്ര മോദി സർക്കാർ കൊണ്ടുവന്ന തെരഞ്ഞെടുപ്പു കടപ്പത്ര (ഇലക്ടറൽ ബോണ്ട്) പദ്ധതി വഴി 2022-23 സാമ്പത്തിക വർഷം മാത്രം ബിജെപി പാർട്ടി ഫണ്ടായി സ്വീകരിച്ചത് 1300 കോടി രൂപയോളമെന്ന് റിപ്പോർട്ട്. ഇതേ രീതിയിൽ കോൺഗ്രസിന് ലഭിച്ചതിനേക്കാൾ ഏഴു മടങ്ങിലധികം തുകയാണ് ബിജെപി നേടിയത്.

ഈ വർഷം ഫെബ്രുവരി 15-നാണ് ഇലക്ടറൽ ബോണ്ട് റദ്ദാക്കിക്കൊണ്ടുള്ള വിധി സുപ്രീംകോടതി പുറപ്പെടുവിച്ചത്. പദ്ധതി ഭരണഘടനാവിരുദ്ധമെന്നും പേരു വെളിപ്പെടുത്താതെയുള്ള സംഭാവനാരീതി, ആരാണ് പാർട്ടികൾക്കു പണം നൽകുന്നതെന്നറിയാൻ പൗരർക്കുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ചൂണ്ടിക്കാട്ടിയായിരുന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധി. രാഷ്ട്രീയ സംഭാവനകൾ വഴി കള്ളപ്പണം വെളുപ്പിക്കുന്നതു തടയാനും സംഭാവനകൾ ബാങ്ക് വഴിയാക്കി സുതാര്യത കൊണ്ടുവരാനും ഉദ്ദേശിച്ചുള്ളതാണ് കടപ്പത്ര പദ്ധതിയെന്ന കേന്ദ്ര സർക്കാരിന്റെ വാദം തള്ളിയാണ് ബെഞ്ച് ഏകസ്വരത്തിൽ വിധി പറഞ്ഞത്.

കേസിൽ സുപ്രീംകോടതി ഇടക്കാല ഉത്തരവു നൽകിയ 2019 ഏപ്രിൽ 12-നു ശേഷം പാർട്ടികൾക്കു കടപ്പത്രം വഴി കിട്ടിയ സംഭാവനാവിവരങ്ങൾ മാർച്ച് ആറിനു മുൻപായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) തെരഞ്ഞെടുപ്പു കമ്മിഷനു കൈമാറണമെന്നും കോടതി നിർദേശംവെച്ചു.

കടപ്പത്രങ്ങൾ വാങ്ങിയ തീയതി, ഇതു മാറിയെടുത്തതു വഴി പാർട്ടികൾക്ക് ലഭിച്ച സംഭാവന സംബന്ധിച്ച വിവരങ്ങൾ, എത്ര രൂപ ലഭിച്ചു തുടങ്ങിയ കാര്യങ്ങൾ ഇതിലുണ്ടാകണം. എസ്ബിഐ നൽകുന്ന വിവരങ്ങൾ മാർച്ച് 13-നു മുൻപായി തെരഞ്ഞെടുപ്പു കമ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും അറിയിച്ചു.

എന്നാൽ കോടതി നിർദേശിച്ച ദിവസത്തിന് ഒരു ദിവസം മുൻപ് (മാർച്ച് 4), വിവരങ്ങൾ കൈമാറാൻ ജൂൺ 30 വരെ സാവകാശം വേണമെന്ന് ആവശ്യപ്പെട്ട് എസ്ബിഐ കോടതിയെ സമീപിച്ചു.

ഇതു റദ്ദാക്കിയാണ് മാർച്ച് 12-ന് തന്നെ വിവരങ്ങൾ കൈമാറണമെന്ന കർശന നിർദേശമാണ് കോടതി ഇപ്പോൾ നൽകിയിരിക്കുന്നത്.

## സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് കോൺഗ്രസ്

(ഒന്നാം പേജിൽ നിന്നും)

വിജയസാധ്യതയും പാർട്ടിയോടുള്ള കൂറും പരിഗണിച്ചാണു സ്ഥാനാർത്ഥികളെ തീരുമാനിച്ചതെന്ന് മാർച്ച് 8-ന് രാത്രി എഐസിസി ആസ്ഥാനത്തു നടത്തിയ പത്രസമ്മേളനത്തിൽ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. ആലപ്പുഴയിലെ സ്വന്തം സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കാനുള്ള ഭാഗ്യവും വേണുഗോപാലിനുണ്ടായി. നിലവിലെ ഫാസിസ്റ്റ് സർക്കാരിനെ തോൽപ്പിക്കുകയെന്നതാണു മുഖ്യമെന്ന് വേണുഗോപാൽ പറഞ്ഞു. മുംബൈയിൽ നടക്കുന്ന മഹാറാലിയിലേക്ക് ഇന്ത്യ സഖ്യത്തിലെ എല്ലാ പ്രധാനനേതാക്കളെയും ക്ഷണിച്ചിട്ടുണ്ട്. കോൺഗ്രസ് പ്രകടനപത്രികയിലെ പ്രധാനവാഗ്ദാനങ്ങൾ വേണുഗോപാൽ വിശദീകരിച്ചു. പട്ടികജാതി പട്ടികവർഗ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കും സ്ഥാനാർത്ഥിപട്ടികയിൽ പ്രാധാന്യം കൊടുത്തിട്ടുണ്ട്.

## ഓസ്കർ അവാർഡുകൾ പ്രഖ്യാപിച്ചു

(ഒന്നാം പേജിൽ നിന്നും)

മികച്ച സംവിധായകനായി. മികച്ച ചിത്രം, മികച്ച സഹനടൻ, ഒറിജിനൽ സ്കോർ, എഡിറ്റിംഗ്, കാമറ അവാർഡുകൾ ഓപ്പൻഹൈമർ കരസ്ഥമാക്കി. പുവർ തിംഗ്സ് നാലു പുരസ്കാരങ്ങൾ നേടിയെടുത്തു.

പുവർ തിംഗ്സിലെ പ്രകടനത്തിലൂടെ എമ്മ സ്റ്റോൺ മികച്ച നടിക്കുള്ള പുരസ്കാര സ്വന്തമാക്കി. 23 വിഭാഗങ്ങളിലായിട്ടാണ് അവാർഡുകൾ.

ഇക്കുറിയും ജിമ്മി കെമ്മലാണ് അവതാരകന്റെ റോളിൽ എത്തിയത്.

പ്രധാന അവാർഡുകൾ: ചിത്രം-ഓപ്പൻഹൈമർ, നടൻ-കിലിയൻ മർഫി (ഓപ്പൻ ഹൈമർ), നടി-എമ്മസ്റ്റോൺ (പുവർ തിംഗ്സ്), സംവിധായകൻ-ക്രിസ്റ്റഫർ നോളൻ (ഓപ്പൻഹൈമർ), സഹനടി-ഡാവിൻ ജോയ് റാൻഡോൾഫ് (ദ ഹോൾഡോവേഴ്സ്), ആനിമേറ്റഡ് ഷോർട്ട് ഫിലിം-വാർ ഈസ് ഓവർ, ആനിമേറ്റഡ് ഫിലിം-ദ ബോയ് ആൻഡ് ഹീറോയിൻ, ഒറിജിനൽ സ്ക്രീൻപ്ലേ-അനാട്ടമി ഓഫ് എ ഫാൾ (ജസ്റ്റിൻ ട്രയറ്റ്, ആർതർ ഹരാരി), അഡാപ്റ്റഡ് സ്ക്രീൻപ്ലേ-അമേരിക്കൻ ഫിക്ഷൻ (കോർഡ് ജെഫേഴ്സൺ), ഡോക്യുമെന്ററി ഫീച്ചർ ഫിലിം-20 ഡേയ്സ് ഇൻ മാര്യുപോൾ (റഷ്യയുടെ യുക്രെയ്ൻ അധിനിവേശവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി), വസ്ത്രാലങ്കാരം പ്രൊഡക്ഷൻ ഡിസൈൻ-പുവർ തിംഗ്സ്, സഹനടൻ-റോബർട്ട് ഡൗണി ജൂനിയർ (ഓപ്പൻഹൈമർ), ഒറിജിനൽ സ്കോർ-ലുഡ് വിഗ് ഗോറാൻസൺ (ഓപ്പൻഹൈമർ), ഗാനം-വാട്ട് വാസ് ഐ മെയ്ഡ് ഫോർ? ബാർബി (ബില്ലി എലിഷ്, ഫിനിയാസ് ഒ'കോണൽ), വിദേശ ചിത്രം-ദ സോൺ ഓഫ് ഇൻട്രസ്റ്റ്, എഡിറ്റിംഗ്-ജെന്നിഫർ ലൈം (ഓപ്പൻഹൈമർ), ഛായാഗ്രഹണം-ഹൊയ്തെ വാൻ ഹൊയ്തെമ (ഓപ്പൻഹൈമർ).

## വന്യജീവി ആക്രമണം

(ഒന്നാം പേജിൽ നിന്നും)

സമീപമാസങ്ങളിൽ മൂന്നു സംസ്ഥാനങ്ങളിലും നിരവധിയിടങ്ങളിലാണ് വന്യമൃഗങ്ങളുടെ ആക്രമണമുണ്ടായത്. കേരളത്തിൽ വലിയൊരു സാമൂഹികപ്രശ്നമായി ഇതു മാറുകയും ചെയ്തു. ഈ സാഹചര്യത്തിലാണു പ്രത്യേക നടപടിക്രമത്തിനു തീരുമാനിച്ചതെന്ന് കർണാടക മന്ത്രി ഈശ്വർ ഖണ്ഡ്രെ പറഞ്ഞു. വന്യമൃഗങ്ങൾക്ക് ഒരു വനത്തിൽനിന്നു മറ്റൊന്നിലേക്കും ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേക്കും ബുദ്ധിമുട്ടില്ലാതെ കടക്കാൻ കഴിയും. മനുഷ്യജീവനുകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ ഏകോപനം അനിവാര്യമാണ്. വന്യജീവികളുടെ ആക്രമണം തടയുന്നതിനും വനംകൊള്ളയും കാട്ടുതീയും ഉൾപ്പെടെ തടയുന്നതിനും ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തും. ചർച്ചകളിൽ ഇക്കാര്യം വിശദമായി പരിശോധിക്കും. ഉപദേശകസമിതി രൂപീകരിക്കുന്നതിനും തീരുമാനിച്ചതായി മന്ത്രി വ്യക്തമാക്കി.

## അരുൺ ഗോയൽ രാജിവെച്ചു

(ഒന്നാം പേജിൽ നിന്നും)

ഗോയലിന്റെ രാജിയുടെ കാരണം വ്യക്തമല്ല. അതിനിടെ തെരഞ്ഞെടുപ്പു കമ്മീഷണർ അരുൺ ഗോയലിന്റെ രാജി, മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാറുമായുള്ള അഭിപ്രായ ഭിന്നതയെത്തുടർന്നെന്നു സൂചന. സർക്കാരിലെ ഉന്നതർ നടത്തിയ ഒത്തുതീർപ്പു ശ്രമങ്ങൾ പരാജയപ്പെട്ടതോടെയാണു രാജി കൈമാറിയത്. എന്നാൽ വ്യക്തിപരമായ കാരണങ്ങളാലാണു രാജിയെന്നും മറിച്ചുള്ള വിവരങ്ങളിൽ കഴമ്പില്ലെന്നുമാണ് അദ്ദേഹത്തോട് അടുത്ത കേന്ദ്രങ്ങൾ നൽകുന്ന വിശദീകരണം. പ്രധാനമന്ത്രി നരേന്ദ്ര മോദി 12-നു പൊഖ്റാനിൽ സൈനിക ശക്തിപ്രകടനം കാണാൻ പോകും. അന്നേദിവസം കമ്മീഷൻ കാശ്മീർ സന്ദർശിക്കാനും ആലോചിച്ചിരുന്നു. അതിനടുത്ത ദിവസംതന്നെ തെരഞ്ഞെടുപ്പു സമയക്രമം പ്രഖ്യാപിക്കുമെന്നായിരുന്നു സൂചന. അതിനിടെയാണ് ഗോയലിന്റെ രാജി. 1985 ബാച്ച് പഞ്ചാബ് കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്ന ഗോയൽ 2022 നവംബർ 21-നാണ് തെരഞ്ഞെടുപ്പു കമ്മിഷണറായി ചുമതലയേറ്റത്.

തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ രണ്ട് ഒഴിവുകളും നികത്താനുള്ള നടപടിയിലേക്കു കേന്ദ്രസർക്കാർ കടന്നു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാളിന്റെ നേതൃത്വത്തിലുള്ള സേർച് കമ്മിറ്റി അഞ്ച് പേരുകൾ വീതമുള്ള രണ്ടു പട്ടികകൾ നിയമന സമിതിക്ക് ഉടൻ കൈമാറും. തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, ഒരു കേന്ദ്രമന്ത്രി, ലോക്സഭയിലെ കോൺഗ്രസ് കക്ഷിനേതാവ് അധിർ രഞ്ജൻ ചൗധരി എന്നിവർ ഉൾപ്പെട്ട നിയമന സമിതിയുടെ യോഗം 15-നു വിളിച്ചുചേർക്കും. ഈ സമിതിയുടെ ശിപാർശപ്രകാരമാകും രാഷ്ട്രപതി നിയമനം നടത്തുക.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you." Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

KERALA EXPRESS

# നിര്യാതരായി

## ജോസഫ് ജോസഫ്

**കൊച്ചുതോവാള:** മൂന്നാനപ്പള്ളിൽ ജോസഫ് ജോസഫ് (അപ്പച്ചൻ-95) അന്തരിച്ചു. ഭാര്യ എലിക്കുളം ശൗര്യാംകുഴി പരേതയായ ഏലിക്കുട്ടി. മക്കൾ: ജോയി, പാപ്പച്ചൻ, തങ്കച്ചൻ, മോളി, മേരിക്കുട്ടി, എത്സി, ബോസ്, ബിന്നി (യുഎസ്). മരുമക്കൾ: വാഴൂർ കാഞ്ഞിരത്തറയിൽ ശോശാമ്മ, കല്ലൂപ്പാറ മൂലമണ്ണിൽ ഓമന, കൊച്ചുതോവാള കുടവനപ്പാട്ട് ഡെയ്സമ്മ, മാവേലിക്കര കൂട്ടുമാമ്മൂട്ടിൽ രാജൻ, ഉപ്പുതറ പാറയ്ക്കൽ ബാബു, പാമ്പാടി കൊടിമണ്ണിൽ ഷാജി, വാകത്താനം നരിമറ്റത്തിൽ മിനി, നിലമ്പൂർ ചെരിവുകാലായിൽ മേഴ്സി.

## അമ്മിണി ചാക്കോ



**ഡാളസ്:** ചെങ്ങന്നൂർ കല്ലിശേരി മേലയിൽ എം.സി ചാക്കോയുടെ (കുഞ്ഞുമോൻ) ഭാര്യയും ഇരവിപേരൂർ സെ. ജോൺസ് എച്ച്എസ് റിട്ട. അധ്യാപികയുമായ അമ്മിണി ചാക്കോ (78) ഡാളസിൽ അന്തരിച്ചു. മക്കൾ: പരേതയായ മിനി ചാക്കോ, പരേതനായ മനോജ് ചാക്കോ, വിനോദ് ചാക്കോ (യുഎസ്), മഞ്ചേഷ് ചാക്കോ (യുഎസ്). ഇരവിപേരൂർ കോയിപ്പുറത്ത്പറമ്പിൽ കെ.ഒ. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകളായ പരേത ഇരവിപേരൂർ പഞ്ചായത്ത് മെംബറായും സേവനമനുഷ്ഠിച്ചിരുന്നു.

**കുറവിലങ്ങാട്:** പകലോമറ്റത്തിലായ ആലപ്പാട്ട് കോട്ടയിൽ ക്ലാരമ്മ ജോർജ് (96) അന്തരിച്ചു.

## ശോശാമ്മ മാമ്മൻ


**അത്തിക്കയം:** കൈമുട്ടപറമ്പിൽ പുത്തൻപുരയിൽ ശോശാമ്മ മാമ്മൻ (മണി-72) സാൻ അന്റോണിയോയിൽ അന്തരിച്ചു.നീർപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ് സതീഷ് മാമ്മൻ. മക്കൾ: പ്രവീൺ മാമ്മൻ, പ്രകാശ് മാമ്മൻ. മരുമകൾ: നിജ മാമ്മൻ.

**ചങ്ങനാശേരി:** എസ്.ഡി. സെ. ജോസഫ്സ് പ്രോവിൻസ് അംഗം സിസ്റ്റർ ലിയോ കളപ്പുരയ്ക്കൽ (മേരി തോമസ്-92) അന്തരിച്ചു.

**കാനം:** പാടത്തുമാപ്പിള കുടുംബാംഗമായ ഇരവികുളങ്ങര പരേതനായ ഇ.എസ് സ്കറിയയുടെ മകൻ സജി സ്കറിയ (59) അന്തരിച്ചു.

**കറ്റാനം:** അനുഗ്രഹയിൽ ജോർജ് ഡേവിഡ് (ജോയി-89) അന്തരിച്ചു.

## ഡേവി സിലാസ്



**പെൻസിൽവേനിയ:** തൃശൂർ ചെറുമഠത്തിൽ സിലാസിന്റെ മകനും ചേറൂർ സിഎസ്ഐ കോൺഗ്രിഗേഷൻ അംഗവും കോൺഗ്രസ് നേതാവും ദീർഘകാലം തൃശൂർ കോർപ്പറേഷൻ കൗൺസിൽ അംഗം, മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പ്രമുഖ സഹകാരി, വിൽവട്ടം സഹകരണ ബാങ്ക് പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ഡേവി സിലാസ് (70) തൃശൂരിൽ അന്തരിച്ചു. ഭാര്യ സീത ഡേവി. മക്കൾ: നിമ്മി ഡേവി, സിമ്മി ഡേവി (ഓസ്ട്രേലിയ), സാജൻ സിലാസ് (പെൻസിൽവേനിയ). മരുമക്കൾ: പരേതനായ സ്റ്റാലിൻ ജോൺ, രോഹിത് റാവത്ത് (ഓസ്ട്രേലിയ), ആഷ്ലി ബോസ് (പെൻസിൽവേനിയ).

**അതിരമ്പുഴ:** ശ്രീകണ്ഠമംഗലം വടക്കേതുരുത്തേൽ വീട്ടിൽ മറിയം യോഹന്നാൻ (അമ്മിണി-85) അന്തരിച്ചു.

**പാമ്പാടി:** റിട്ട. അസി.എജ്യൂക്കേഷൻ ഓഫീസർ വെളിയംകുന്നത്ത് വി.ഇ. ഏബ്രഹാം (93) അന്തരിച്ചു.

## മേരി തോമസ്

**മാതമംഗലം:** പറവൂർ കാരക്കുണ്ടിലെ കുഴുപ്പിൽ മേരി (97) അന്തരിച്ചു. കടുത്തുരുത്തി പുഴിക്കോൽ കാനാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ്. മക്കൾ: ഫാ. മാത്യു കുഴുപ്പിൽ (കണ്ണൂർ), ഏബ്രഹാം ജോസ്, ജെയിംസ്, ഫാ. ദേവസ്യ (ലെയോള തിരുവനന്തപുരം), ലിസി, ലാലി, പരേതയായ ലൗലി, മരുമക്കൾ: ഏലിയാമ്മ, പൗലോസ് കളപറമ്പത്ത് (യുഎസ്), മോളി, ജോണി ഇടക്കരോട്, ഫ്രാൻസിസ് പുഞ്ചക്കുന്നേൽ.

## മേരി തോമസ്

**കുന്നന്താനം:** ചെങ്ങരൂർ ചിറ മുണ്ടപ്ലാക്കമണ്ണിൽ മേരി തോമസ് (മോനി-69) അന്തരിച്ചു. ചെങ്ങരൂർ വടക്കേമുണ്ടപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.വി. തോമസ്. മക്കൾ: ടോംസി, മോൻസി (ഇരുവരും യുഎസ്), ജിന്റ്സി (പിഡബ്ല്യുഡി). മരുമക്കൾ: മാരാമൺ മേമന ബേബിച്ചൻ, സൂസൻ (യുഎസ്), പുത്തൻകാവ് കുന്നുംപുറത്ത് മെറിൻ.

**വില്ലൂന്നി:** മുര്യൻങ്കരി കുടുംബാംഗമായ കൊച്ചത്തിൽപറമ്പിൽ ഔസേപ്പ് സേവ്യർ (ശൗരിച്ചൻ-97) അന്തരിച്ചു.

## ത്രേസ്യാമ്മ ഫിലിപ്പ്

**അമ്പാറനിരപ്പേൽ:** വെളുത്തേടത്തുകാട്ടിൽ ത്രേസ്യാമ്മ ഫിലിപ്പ് (തങ്കമ്മ-90) അന്തരിച്ചു. പൂവത്തോട് എലിപ്പുലിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഫിലിപ്പ്. മക്കൾ: സെബാസ്റ്റ്യൻ ഫിലിപ്പ് (യുഎസ്), ജോസുകുട്ടി ഫിലിപ്പ്, എൽസമ്മ സണ്ണി, ബെന്നി ഫിലിപ്പ് (അബുദാബി), ബിജി സിബിച്ചൻ, ഷാന്റി ജോച്ചൻ, പരേതനായ ബെറ്റി സോജി. മരുമക്കൾ: ലിസമ്മ സെബാസ്റ്റ്യൻ ചേറാടി (യുഎസ്), മേഴ്സി ജോസ് മണത്തറ കോട്ടയം, സണ്ണി തോമസ് ചൊവ്വേലിക്കുടി മൂലമറ്റം, ലിറ്റി ബെന്നി കാഞ്ഞിരത്തുറക്കുന്നേൽ (അബുദാബി), സിബിച്ചൻ കടവിൽ ചങ്ങനാശേരി, ജോച്ചൻ വേങ്ങപ്പള്ളിൽ, സോജി ജോസഫ് ഇഞ്ചിപ്പറമ്പിൽ (ലണ്ടൻ).

## അന്നമ്മ ജോസഫ്

**അരീക്കര:** വടക്കേ പാണ്ടിക്കാട്ട് അന്നമ്മ ജോസഫ് (96) അന്തരിച്ചു. പുതുവേലി ആടുപാറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: മേരിക്കുട്ടി ഏബ്രഹാം, ടെസി, പരേതയായ വത്സമ്മ, ഷാജി (ഇരുവരും യുഎസ്). മരുമക്കൾ: സണ്ണി തൊട്ടിയിൽ (ഉഴവൂർ), മേഴ്സി പൂവത്തുങ്കൽ (പടിഞ്ഞാറ്റിൻകര), ടോമി ഓക്കാട്ട് (അരീക്കര), തോമസ് സ്റ്റീഫൻ മുടിക്കുന്നേൽ, സെലീന മൂഴിയിൽ (ഇരുവരും യുഎസ്).

## ചിന്നമ്മ തോമസ്



**ചെങ്ങന്നൂർ:** പുത്തൻകാവ് തട്ടയിൽ ചിന്നമ്മ തോമസ് (80) ന്യൂജേഴ്സിയിൽ അന്തരിച്ചു. പന്തളം തെറ്റിവിള കിഴക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് തോമസ് വർഗീസ്. മക്കൾ: ബിന്ദു, ബിനു.

**കടുത്തുരുത്തി:** കെ.എസ്. പുരം ചക്കാലപ്പടിക്കൽ ഏലിയാമ്മ വർഗീസ് (80) അന്തരിച്ചു.

## പി.എം. മത്തായി

**നിരണം:** ഭിലായ് സ്റ്റീൽ പ്ലാന്റ് റിട്ട. ഉദ്യോഗസ്ഥൻ പ്ലാമൂട്ടിൽ പി.എം. മത്തായി (88) അന്തരിച്ചു. ഭാര്യ പരേതയായ ജോളി മത്തായി. മക്കൾ: ബിജോ (ഭിലായ് സ്റ്റീൽപ്ലാന്റ്), ബിന്ദു (യുഎസ്). മരുമക്കൾ: സുനിത, അനിൽ.

**വാഴമുട്ടം ഈസ്റ്റ്:** മണിയാറൻകുടി ഗവ. എച്ച്.എസ് റിട്ട. പ്രധാനാദ്ധ്യാപകൻ ചരിവുകാലായിൽ സി.ഡി. മാത്യു (87) അന്തരിച്ചു.

## പ്രഫ. പി. ബാലകൃഷ്ണൻ നായർ

**തിരുവനന്തപുരം:** ഭാഷാപണ്ഡിതനും ഇംഗ്ലീഷ് അധ്യാപകനുമായിരുന്ന പ്രഫ. പി. ബാലകൃഷ്ണൻ നായർ (94) അന്തരിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, എറണാകുളം മഹാരാജാസ് എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. ഭാര്യ ശാന്തകുമാരി (എറണാകുളം മഹാരാജാസ് റിട്ട. പ്രഫ.) മകൾ: ഡോ. എസ്. ഗീത. മരുമകൻ: ഡോ. കിരൺ (ഇരുവരും യുഎസ്).

## മറിയക്കുട്ടി ജോസഫ്



**കുര്യനാട്:** കല്ലിങ്കൽ കുടിയിൽ മറിയക്കുട്ടി (88) പിറ്റ്സ്ബർഗിൽ അന്തരിച്ചു. കുര്യനാട് മുതുകുളത്തേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മകൾ: ജോസ്ലിൻ ബാബു. മരുമകൻ: ബാബു പുളിക്കക്കണ്ടത്തിൽ മടക്കത്താനം (ഇരുവരും യുഎസ്).

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി കൈപ്പുഴ പൊയ്കയിൽ സി.സി. ഫിലിപ്പ് (കുഞ്ഞുമോൻ-81) അന്തരിച്ചു.

## വർഗീസ് ജോൺ

**ചെങ്ങന്നൂർ:** മൈകോ കൺസ്ട്രക്ഷൻ ചെയർമാൻ മണ്ണിൽ പുത്തൻബംഗ്ലാവിൽ വർഗീസ് ജോൺ (ബാബു-83) അന്തരിച്ചു. ഭാര്യ പുളിക്കീഴ് വെരികിലേത്ത് സുശീല ജോൺ. മക്കൾ: ഷാജി വി. ജോൺ (മൈകോ കൺസ്ട്രക്ഷൻ ചെങ്ങന്നൂർ), ജിജി വി. ജോൺ (യുഎസ്), ഹെലൻ അലക്സ്, ജോർജി വി. ജോൺ (ബെംഗ്ളൂരു). മരുമക്കൾ: റീന ജോൺ കൊട്ടാരത്തിൽ, ബിനി ജോർജ് ബി ജോൺസ് വില്ല (ഇരുവരും ചെങ്ങന്നൂർ), സെലിൻ കുലത്താക്കൽ (ഓതറ), അലക്സി മാത്യു തെങ്ങുംതറയിൽ (വെട്ടിയാർ).

**അയിരൂർ:** മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന റമ്പാൻ കോർ എപ്പിസ്കോപ്പ അയിരൂർ കുറ്റിക്കണ്ടത്തിൽ ലാസറസ് റമ്പാൻ (91) അന്തരിച്ചു.

**കടയനിക്കാട്:** മണിമല സാനിയോ ഇലക്ട്രോണിക്സ് ഉടമ നരിതൂക്കിൽ (ആനിത്തോട്ടം) മാത്യു ജോസഫ് (മാത്തച്ചൻ-65) അന്തരിച്ചു.

**മാവേലിക്കര:** മറ്റം തെക്ക് വാലിൽ വീട്ടിൽ ജെ. രാജമ്മ (91) അന്തരിച്ചു.

**കാഞ്ഞാർ:** ഓലിക്കൽ ഏലിക്കുട്ടി ജോസഫ് (93) അന്തരിച്ചു.

## ചന്ദ്രികാ വാരിയർ

**തൃശൂർ:** കവിയും ബഹുഭാഷാ പണ്ഡിതനും പത്രപ്രവർത്തകനുമായിരുന്ന എൻ.വി. കൃഷ്ണവാരിയരുടെ മകളും കോഴിക്കോട് മെഡിക്കൽ കോളജ് മുൻ വൈസ് പ്രിൻസിപ്പലും ബയോകെമിസ്ട്രി വകുപ്പ് മുൻ മേധാവിയുമായിരുന്ന ഡോ. ചന്ദ്രികാ വാരിയർ (72) അരിസോണയിൽ അന്തരിച്ചു. ഭർത്താവ് പരേതനായ എൻ.വി. ഉണ്ണികൃഷ്ണവാരിയർ. മകൾ: മന്യ വാരിയർ.

**കോഴിക്കോട്:** പ്രമുഖ പ്ലാന്ററും സെ. മേരീസ് എസ്റ്റേറ്റ് ഉടമയുമായ കുണ്ടുതോട് കരളിക്കാട്ടിൽ ചെറിയാൻ ജോസഫ് (90) അന്തരിച്ചു.

**വൈക്കം:** പഞ്ചായത്ത് റിട്ട. സീനിയർ സൂപ്രണ്ട് ഉദയനാപുരം ഇരുമ്പുഴിക്കര സ്മിതാഭവനിൽ കുട്ടപ്പൻ (77) അന്തരിച്ചു.

## മാത്യു വർഗീസ്

**പ്ലാച്ചേരി:** പുളിക്കൽ മാത്യു വർഗീസ് (84) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ പരേതയായ മറിയാമ്മ കൂവപ്പള്ളി കല്ലറയ്ക്കൽ കുടുംബാംഗം. മക്കൾ: മേഴ്സി, എത്സമ്മ, സാബു, സോഫി, ബോസ്, സാജു, ആൻസി, ജിൻസി. മരുമക്കൾ: വർഗീസ്, ജോസ്, മിനി, ഷാജി, ലിൻസി, മിനി, സാജു, സുനിൽ, ബിജു.

## അലക്സാണ്ടർ

**പനയമ്പാല:** വെട്ടിക്കുന്നേലായ അണ്ണായിക്കണ്ണത്തിൽ കണ്ണംകുളത്ത് കെ.ജെ. അലക്സാണ്ടർ (അനിയൻ-82) അന്തരിച്ചു. ഭാര്യ കുറുമ്പനാടം മറ്റത്തിൽ ലീലാമ്മ. മക്കൾ: ബിജു (ദുബായ്), ബിനു (യുഎസ്), ബിന്ദുക്കുട്ടി. മരുമക്കൾ: സിജി കൊട്ടാരത്തിൽ (വലിയകുളം), സുമി കടവിൽ (ആലപ്പുഴ), ജോർജുകുട്ടി കാറുകുളത്തിൽ (കുറുപ്പന്തറ).

## ചാക്കോ വർഗീസ്

**തിരുവനന്തപുരം:** കാര്യവട്ടം മുറിഞ്ഞകൽ തോളൂരുഴത്തിൽ ചാക്കോ വർഗീസ് (തങ്കച്ചൻ-77) അന്തരിച്ചു. ഭാര്യ റോസമ്മ ചാക്കോ. മക്കൾ: ലിൻസി അലക്സ് (ഷാർജ), ലിയോ ബഞ്ചമിൻ ചാക്കോ (ഖത്തർ), ലിനി ഷിബു മത്തായി, ലിജോ ഡേവിഡ് ചാക്കോ (ഇരുവരും യുഎസ്). മരുമക്കൾ: ഡോ. അലക്സ് ഏബ്രഹാം (ഷാർജ), സ്മിത ലിയോ (ഖത്തർ), ഷിബു മത്തായി, ശില്പ അന്ന വർഗീസ് (ഇരുവരും യുഎസ്).

**ഏറ്റുമാനൂർ:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. നേഴ്സിങ് അസി. വള്ളിക്കാട് തുണ്ടത്തിൽ പി.ഐ. സാറാമ്മ (76) അന്തരിച്ചു.

**തലവൂർ:** പാണ്ടിത്തിട്ട കടകംപള്ളി (ചകിട്ടകാലായിൽ) പൊന്നമ്മ ജോർജ് (92) അന്തരിച്ചു.

**കട്ടച്ചിറ:** പൊറ്റേടം ഹെലൻ ജോസഫ് (ഏലന്ന-106) അന്തരിച്ചു.

## പി. ഗോപാലകൃഷ്ണൻ നായർ

**കോട്ടയം:** ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് റിട്ട. ഓഫീസർ ഹരിപുജ ആർപ്പൂക്കരയിൽ പി. ഗോപാലകൃഷ്ണൻ നായർ (91) അന്തരിച്ചു. ഭാര്യ എം.ജെ സാവിത്രി. മക്കൾ: ഡോ. ബിന്ദു ഗോപാലകൃഷ്ണൻ (അസി. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്), ബ്രിജേഷ് ഗോപാലകൃഷ്ണൻ (യുഎസ്). മരുമക്കൾ: ഡോ. വേണുഗോപാൽ (റിട്ട. ഡപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്), ജയശ്രീ ബ്രിജേഷ് (യുഎസ്).

## പി.എ. മാത്യു



**റാന്നി:** വിമുക്തഭടൻ മന്ദമരുതി വെള്ളൂറാത്ത് പി.എ. മാത്യു (അനിയൻ-75) അന്തരിച്ചു. റാന്നി പഴവങ്ങാടി പഞ്ചായത്ത് മുൻ അംഗം, ചേത്തയ്ക്കൽ സർവീസ് സഹ. ബാങ്ക് ഭരണസമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ പത്തനംതിട്ട മാക്കാംകുന്ന് വിളവിനാൽ റോസമ്മ മാത്യു. മക്കൾ: ബിന്ദു ആഞ്ചലൊ (യുകെ), ബിജു മാത്യു (യുഎസ്), ബിനു മാത്യു (കാനഡ). മരുമക്കൾ: ആറാട്ടുപുഴ എഴുമാലിൽ കാരക്കാട്ട് ആഞ്ചലോ മാത്യൂസ്, പാറമ്പുഴ ഇരുകവലയിൽ പ്രദീഷ മാത്യു, മല്ലപ്പള്ളി ചാത്തേറ്റിൽ ഷൈനി ചാക്കോ.

**ചങ്ങനാശേരി:** പണ്ടകശാലകടവ് താഴത്തുപറമ്പിൽ ടി.വി. തോമസ് (കുഞ്ഞച്ചൻ-81) അന്തരിച്ചു.

**ആനിക്കാട് ഈസ്റ്റ്:** ബിഎസ്എഫ് റിട്ട. ഉദ്യോഗസ്ഥൻ പുലിയുറുമ്പിൽ കിഴക്കേൽ ബേബി ഫിലിപ്പ് (67) അന്തരിച്ചു.

## പി.ഐ. ഏബ്രഹാം

**റാന്നി:** പാറാനിക്കൽ പി.ഐ. ഏബ്രഹാം (ബേബി-85) യുഎസിൽ അന്തരിച്ചു. ഭാര്യ കുമരകം വിശാഖംതറ ജോവാമ്മ. മക്കൾ: സജിനി, സാജൻ, സഫീന, സോഹൻ. മരുമക്കൾ: ഷിലി ചെട്ടിയാത്ത്, റാമൊന, ചുട്ടു.

**ചക്കാമ്പുഴ:** പാലാ തിരുഹൃദയ പ്രോവിൻസിലെ ചക്കാമ്പുഴ മഠാംഗമായ സിസ്റ്റർ തെരേസ് ജോർജ് അപ്പശേരിൽ (75) അന്തരിച്ചു.

**മ്രാല:** കുരുട്ടുപറമ്പിൽ മേരി ജോർജ് (മറിയക്കുട്ടി-86) അന്തരിച്ചു.

**പരുമല:** വടക്കേപറമ്പിൽ ഹില്ലാരിയ ആന്റണി (തങ്കമ്മ-85) അന്തരിച്ചു.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

Visit Our Website: www.keralaexpress.com for Classified Advt.

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**


## CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**


**4142178109**

### *Favors Received*



*Inserted by: Firm Believer, Virginia*

### *Favors Received*



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഭാസ്കരമേനോന്റെ മുന്നിൽവെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. ഭാസ്കരമേനോൻ വന്നു സന്ദീപിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതോടെ സന്ദീപ് പുറംകോട്ടുമാറുന്നു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അനിബാബുവിനും മാതാപിതാക്കൾക്കുമെതിരെ പരാതി കൊടുക്കാൻ ഹേമചന്ദ്രനും തീരുമാനിക്കുന്നു...**

## 87

കുളിച്ചുവന്ന് ഷർട്ടെടുത്തിട്ട് ചേലച്ചുവടിനു പോകാൻ മുറ്റത്തേക്ക് ഇറങ്ങിയപ്പോഴാണ് ശേഖരൻകുട്ടി കണ്ടത് – നാലഞ്ചു പോലീസുകാർ, വളഞ്ഞു പുളഞ്ഞ നടവഴിയിൽക്കൂടി ഇറക്കമിറങ്ങി വരുന്നു. തന്റെ വീടിനു നേർക്കു മാത്രമായുള്ള വഴിയായതിനാൽ ശേഖരൻകുട്ടി ഉറപ്പിച്ചു – പോലീസ് വരുന്നത് മറ്റെവിടേക്കുമല്ല.

അനിബാബു എവിടെങ്കിലും പോയി 'പണി' ഉണ്ടാക്കിയെന്നാണ് ശേഖരൻകുട്ടി ആദ്യം കരുതിയത്. കഞ്ചാവ്, കള്ളത്തടി, ചന്ദനം, വാറ്റ്ചാരായം അങ്ങനെ നിയമവിരുദ്ധമായ എന്തുമാകാം. വെട്ട്, കുത്ത്, കൊലപാതകം, കവർച്ച, ഭവനഭേദനം, മോഷണം ഇത്യാദി കേസുകളിലൊന്നും അനിബാബു തലയിടാറില്ല. പ്രകൃതി വിഭവങ്ങളോടാണു കമ്പം. കൂട്ടത്തിൽ വനിതാ പോലീസിനെയും കൂടി കണ്ടപ്പോൾ ശേഖരൻകുട്ടി അൽപം പതറി. അത് രമണിയെ ഉദ്ദേശിച്ചാണെന്ന് അയാൾ ഊഹിച്ചു. രമണിയുടെ പനിക്കു മരുന്നു വാങ്ങാൻ വേണ്ടിയാണ് ശേഖരൻകുട്ടി ചേലച്ചുവടിനു പോകാൻ ഇറങ്ങിയതുതന്നെ.

ശേഖരൻകുട്ടി മുറ്റത്ത് നിന്നേടത്തുതന്നെ നിന്നു. പോലീസുകാർ നാലുപേർ മുറ്റത്തേക്ക് ഇറങ്ങിവന്നു. ഒരാൾ വഴിയിറമ്പിൽ നിന്നു ഫോൺ വിളിക്കുന്നുണ്ടായിരുന്നു.

"താനാണോ ശേഖരൻകുട്ടി?"

ആദ്യംവന്ന പോലീസുകാരൻ ചോദിച്ചു.

"അതെ സാറെ." ശേഖരൻകുട്ടി മുണ്ടിന്റെ കുത്തഴിച്ചിട്ട് വിനയാന്വിതനായി.

"തനിക്ക് ഭാര്യേം മക്കളുമില്ലേ?"

"ഒണ്ട് സാറെ." പോക്കറ്റിൽനിന്ന് ഒരു കടലാസെടുത്ത് പോലീസുകാരൻ വായിച്ചു.

"ശേഖരൻകുട്ടി, ഭാര്യ രമണി, മകൻ ചന്ദ്രബാബു, ഇളയമകൻ അനിബാബു. ഇത്രയും പേരുടെ പേരിൽ ഒരു പരാതി കിട്ടിയിട്ടുണ്ട്."

"എന്തു പരാതിയാ സാറെ?"

"തന്റെ മകൻ ചന്ദ്രബാബു കല്യാണം കഴിച്ച മാളവിക എന്ന സ്ത്രീ ഇപ്പോ നിങ്ങളോടൊപ്പം ഈ വീട്ടിൽ താമസം ഉണ്ടോ?"

"ഇല്ല."

"എന്തുകൊണ്ടില്ല. എവിടെപ്പോയി, ആ സ്ത്രീക്ക് എന്തു സംഭവിച്ചു– ഈ ചോദ്യങ്ങൾക്കെല്ലാം താനും തന്റെ കുടുംബവും ഉത്തരം പറയണം."

"അതിനെന്താ, പറയാം സാർ."

"ഇവിടല്ല, നിങ്ങൾ മുരിക്കാശേരി സ്റ്റേഷനിൽ വന്ന് സി.ഐയോടു പറയണം."

"ഇതാരാ സാറെ പരാതിക്കാര്?"

"ആ സ്ത്രീയുടെ അച്ഛനും സഹോദരനും അമ്മാവനും ചേർന്നാണ് പരാതി തന്നിരിക്കുന്നെ."

"രമണിക്ക് പനിയാ. ഞാൻ ചേലച്ചുവടു പോയി മരുന്നുവാങ്ങാമെന്നുവെച്ച് ഇറങ്ങുവാരുന്നു. ഞങ്ങള് നാളെ വന്നാ മതിയോ സാറെ സ്റ്റേഷനിലോട്ട്. ചന്ദ്രബാബൂം അനിബാബൂം ഇപ്പോ ഇവിടില്ല."

"അവരെവിടെപ്പോയി?"

"ചന്ദ്രബാബു ഏലപ്പാറ കുമളി റൂട്ടിലോടുന്ന ലൈൻബസിന്റെ കണ്ടക്ടറായിരുന്നു. ജോലിക്കു പോയതാ... വന്നിട്ടില്ല. കുറേക്കാലമായി. അനിബാബു അവന്റെ ചേട്ടനെ കാണാനില്ലെന്നു പറഞ്ഞ് പരാതി കൊടുക്കാൻ പീരുമേട് പോലീസ് സ്റ്റേഷനിലോട്ട് പോയി."

"മാളവിക എന്നു പറയുന്ന സ്ത്രീയുടെ ഭർത്താവ് ചന്ദ്രബാബുവിന്റെ കാര്യമാണോ പറയുന്നെ?"

"അതെ സാറെ." പോലീസുകാരനു സംശയമായി. പരിഹാസമാണോ? കൗശലമാണോ? തട്ടിപ്പാണോ?

"അതൊരുമാതിരി ഉഡായിപ്പാണല്ലോടോ. മാളവിക എന്ന സ്ത്രീയെ കാണാനില്ലെന്നു പറഞ്ഞ് കിട്ടിയ പരാതി അന്വേഷിക്കാൻ വരുമ്പോ, അവൾടെ കെട്ടിയവനെ കാണാനില്ലെന്നു പറഞ്ഞ് വേറെ പരാതിയോ? അതെന്നു മുതലാ കാണാതായത്."

"സാറെ, ഇരുപത്തിരണ്ടു കൊല്ലം കഴിഞ്ഞു." കഥയൊന്നുമറിയാതെ പോലീസുകാർ പരസ്പരം നോക്കി. രമണികൂടി മുറ്റത്തേക്ക് ഇറങ്ങിവന്നു.

"സാറെ... ഇതെന്റെ ഭാര്യയാ. രമണി."

"നിങ്ങളെ രണ്ടുപേരേം നിങ്ങടെ മക്കളേം കസ്റ്റഡീൽ എടുത്തോണ്ട് ചെല്ലാനാ സി.ഐയുടെ ഉത്തരവ്."

"ഞങ്ങൾ രണ്ടുപേരും വരാം." ശേഖരൻകുട്ടി പറഞ്ഞു.

"ഇരുപത്തിരണ്ടു വർഷം മുൻപ് ചേട്ടനെ കാണാതായ പരാതിയുമായി അനുജൻ പോയിട്ട് എത്ര വർഷമായി?" പോലീസുകാരൻ ഒരെത്തുംപിടിയും കിട്ടാതെ ചോദിച്ചു.

"അവനിന്നലെയാ സാറെ പീരുമേട്ടിനു പോയത്."

"നിങ്ങളെന്താ പോലീസിനെ കളിയാക്കുകയാണോ? ഇരുപത്തിരണ്ടു വർഷം മുൻപ് കാണാതായവന്റെ പേരും പറഞ്ഞ് ഇന്നലെ പരാതീംകൊണ്ടു പോയെന്നോ? വെളച്ചിലൊന്നും പോലീസിന്റടുത്ത് വേണ്ട."

"സാറ് വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ സത്യമാ സാറെ പറഞ്ഞത്."

"തന്റെ മകന്റെ ഭാര്യയ്ക്ക് എന്തു സംഭവിച്ചു? ഇരുപത്തിരണ്ടു കൊല്ലം മുൻപ് അവൾടെ ഭർത്താവിനെ കാണാതായെങ്കി അവളന്വേഷിച്ചില്ലേ?"

"സാറെ, ഇപ്പോ ഈ പരാതി തന്നിരിക്കുന്ന ആളുകൾതന്നെ ഇവിടെ വന്ന് അവളെ കൂട്ടിക്കൊണ്ടു പോയതാ. അതും ഏതാണ്ട് ഇരുപത്തിരണ്ടു കൊല്ലത്തോളമായി. അതിനുശേഷം ഞങ്ങക്ക് അവളെപ്പറ്റി യാതൊരറിവും ഇല്ല."

"ഇതൊരു നടയ്ക്കു പോകുന്ന കേസല്ല. നിങ്ങള് സി.ഐയോടു പറഞ്ഞാമതി."

പോലീസ് ഉദ്യോഗസ്ഥർ കൂടുതൽ ചോദിക്കാൻ നിൽക്കാതെ വീട്ടിനുള്ളിൽ വേറെ ആളുണ്ടോ എന്നു കയറി നോക്കാൻ സഹപ്രവർത്തകർക്കു നിർദേശം നൽകി.

അയാൾ തിരികെ വന്ന് ആരുമില്ലെന്ന് അറിയിച്ചു. പോലീസ് സ്റ്റേഷനിലേക്ക് തങ്ങളെ കൊണ്ടുപോകുമെന്ന് ഉറപ്പായതോടെ ശേഖരൻകുട്ടി വീട് അടച്ചു പൂട്ടി. അനന്തരം രമണിയെ താങ്ങി നടത്തി പോലീസുകാരോടൊപ്പം പോയി. ചപ്പാത്തിനു സമീപം പോലീസ് ജീപ്പ് കാത്തുകിടപ്പുണ്ടായിരുന്നു. രമണിയെയും ശേഖരൻകുട്ടിയെയും ജീപ്പിൽ കയറ്റുന്നതു കാണാൻ അയൽക്കാരിൽ ചിലർ റോഡുവക്കിൽ എത്തി നിൽക്കുന്നുണ്ടായിരുന്നു. പോലീസ് ജീപ്പ് മുരിക്കാശേരി സ്റ്റേഷൻ ലക്ഷ്യമാക്കി കയറ്റം കയറി പോയി. സ്റ്റേഷനിൽ എത്തിയ ഉടനെ പോലീസ് ശേഖരൻകുട്ടിയെയും രമണിയെയും സി.ഐ. സാബു വർഗീസിന്റെ മുന്നിൽ എത്തിച്ചു.

"ഇവർ രണ്ടുപേർ മാത്രേ വീട്ടിലുണ്ടായിരുന്നുള്ളു സാർ." സീനിയർ സിവിൽ പോലീസ് ഓഫീസർ വേണുകുമാർ സി.ഐയോടു വെളിപ്പെടുത്തി. തന്റെ ടേബിളിൽ ഇരുന്ന പരാതിയുടെ പ്രസക്ത ഭാഗങ്ങൾ വായിച്ചു കേൾപ്പിച്ചശേഷം പരാതിക്കടലാസ് ഉയർത്തിക്കാട്ടി സി.ഐ. ശേഖരൻകുട്ടിയോടു ചോദിച്ചു:

"മാളവികയെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ? ആ സ്ത്രീ എവിടെയാണെന്നോ, എന്തു സംഭവച്ചെന്നോ, ജീവിച്ചിരിപ്പുണ്ടെന്നോ മരിച്ചെന്നോ– എന്തെങ്കിലും..."

"അറിയാമ്പാടില്ല സാർ. സാറിന് ഈ പരാതി തന്നവര് എന്റെ വീട്ടിവന്ന് മാളുവിനെ കൂട്ടിക്കൊണ്ടു പോയതാ. പത്തിരുപതു കൊല്ലം മുൻപ്. അങ്ങനെ അവരു വന്നു കൊണ്ടുപോയെന്നും തിരിച്ചുകൊണ്ടുവന്നില്ലെന്നും കാണിച്ച് ആ കാലത്ത് ഞാനിവിടെ പരാതി തന്നിട്ടൊണ്ടാരുന്നു. അതേപ്പറ്റി അന്വേഷണമൊന്നും ഒണ്ടായില്ല."

ശേഖരൻകുട്ടി പറഞ്ഞു.

"അന്വേഷണം എന്തുകൊണ്ടാ ഒണ്ടാകാത്തതെന്ന് താൻ അന്വേഷിച്ചില്ലേ?"

"അന്നിവിടെയിരുന്ന സാറിനോട് ഞാൻ ചോദിച്ചാരുന്നു. അപ്പോ പറഞ്ഞത്, അന്യരാരുമല്ലല്ലോ കൊണ്ടുപോയത്, ആ പെണ്ണിന്റച്ഛനും ആങ്ങളയും അമ്മാവനും കൂടിയല്ലേ. അവരു വേണ്ടപോലെ നോക്കിക്കോളും– എന്നാ."

"അതോടെ താനങ്ങു തൃപ്തിപ്പെട്ടോ?"

"വേറെ എന്തു ചെയ്യാൻ പറ്റും സാറെ?"

"താൻ കൂടക്കൂടെ വന്ന് അന്വേഷിക്കണാരുന്നു. അങ്ങനല്ലേ എല്ലാരും ചെയ്യുന്നത്."

"എന്റെ മകനെ കാണാതായ കേസിനു പീരുമേട് പോലീസിലും പെരുവന്താനം പോലീസിലും പരാതിപ്പെട്ടിട്ട് ഇന്നേവരെ പോലീസന്വേഷിച്ചിട്ടില്ല. അതൊന്നും സഹിക്കാൻ പറ്റത്തില്ല സാറെ."

"പോലീസ് അന്വേഷിച്ചില്ലെന്ന് തനിക്കെങ്ങനെ അറിയാം?"

"അന്വേഷണത്തിന്റെ ഒരു വിവരോം എന്നെ അറിയിച്ചിട്ടില്ല. ഒടുവിൽ ആ കേസ് തേഞ്ഞുമാഞ്ഞു പോയി. ഇപ്പോ ഈ പരാതി

തന്നിരിക്കുന്നവരു തന്നെയാ എന്റെ മോനെ കാണാതായതിന്റെ പൊറകിലും ഒള്ളത്. അവർക്കു പൈസേം സ്വാധീനോം ഒള്ളതുകൊണ്ട് ഒന്നും വെളിച്ചത്ത് വരാതെ എല്ലാം മൂടിവെക്കാൻ പറ്റി.”

“മാളവിക എന്ന സ്ത്രീയെ അടുത്തകാലത്ത് കാണാനില്ലെന്ന മട്ടിലാണല്ലോ പരാതി.”

“സാറെ, പള്ളിക്കുടീലന്വേഷിച്ചാലറിയാം. കഴിഞ്ഞ ഇരുപത്തൊന്നു കൊല്ലമായിട്ട് അവൾ ഞങ്ങൾടെ കൂടെയില്ല.”

“അനിബാബു എവിടെപ്പോയി. കഞ്ചാവ്കേസിൽ ജയിലിൽ പോയിട്ട് എറങ്ങിയവൻ.” അനിബാബു പീരുമേട്ടിലും പെരുവന്താനത്തും പരാതികൊടുക്കാൻ പോയ കാര്യം സി.ഐ.യോടു പറഞ്ഞു.

“സാറെ, അവൻ രണ്ടെടത്തും പരാതികൊടുത്തശേഷമാ ഈ പരാതി വന്നിരിക്കുന്നെ. അവര് ഞങ്ങളെ ദ്രോഹിക്കാൻവേണ്ടി ചെയ്യുന്നതാ. കഴിഞ്ഞ തവണേം ഇങ്ങനെതന്നെ ഒരു സംഭവം നടന്നു. അന്നു ഞങ്ങളെ കാണാൻ വന്നവരെ പോലീസ് പിടിച്ചോണ്ടു പോയി. സത്യാവസ്ഥ അറിഞ്ഞപ്പോ വിട്ടു.” സി.ഐ. സാബു വർഗീസ് വേണുകുമാറിനോട് ആ സംഭവത്തെപ്പറ്റി തിരക്കി. വേണുകുമാർ, ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ഹേമചന്ദ്രൻ നൽകിയ പരാതിയെപ്പറ്റി പറഞ്ഞു.

“ആ കേസ് കൈകാര്യം ചെയ്തത് എൽദോസ് സാർ ആണ് സാറെ. അദ്ദേഹത്തിനറിയാം അതിന്റെ ഡീറ്റെയ്ൽസ്.”



വേണുകുമാർ പറഞ്ഞു.

“എൽദോസിനോടു വരാൻ പറ...” സി.ഐ. നിർദേശിച്ചു.

അഞ്ചു മിനിറ്റിനുള്ളിൽ എൽദോസ് എത്തി. ശേഖരൻകുട്ടിയെയും രമണിയെയും മാറ്റി നിർത്തിയിട്ട് സി.ഐ. എൽദോസിനോടു വിവരങ്ങൾ തിരക്കി.

“ഇത് കോംപ്ലിക്കേറ്റഡ് കേസാ സാറെ.” എൽദോസ് പറഞ്ഞു. “പ്രശ്നം എന്താന്നുവെച്ചാ, ഒരു വശത്ത് പണോം ശക്തീം അധികാരോം തന്ത്രങ്ങളും എല്ലാം വെച്ചോണ്ടുള്ള യാതൊരു മനസ്സാക്ഷീം ഇല്ലാത്ത കള്ളക്കളി. മറുവശത്ത് കുറച്ച് സത്യങ്ങളും തെളിവുകളും.”

“ഇവരു പറയുന്ന മാളവികാന്നു പേരുള്ള സ്ത്രീ ഇപ്പോ എവിടെയാ?”

“സാറെ, കംപ്ലെയ്ന്റ് തന്നവര് ഒരു രാത്രി വന്ന് കൂട്ടിക്കൊണ്ടു പോയതാ. ഇവിടെ ശേഖരൻകുട്ടീന്നു പറയണ ആള് അതിന്റെ കംപ്ലെയ്ന്റ് തന്നിട്ടൊണ്ടാരുന്നു. അന്നിരുന്നവര് അത്ര പരിഗണിച്ചില്ല.”

“അയാൾടെ മകനെ കാണാതായെന്നൊക്കെ പറയുന്നൊണ്ടല്ലോ. ഇരുപത്തിരണ്ടു വർഷം മുൻപ്.”

“സാറെ, ശതകോടീശ്വരന്റെ വീട്ടിലെ പെങ്കൊച്ചിനെ ബസ്കണ്ടക്ടറ് അടിച്ചോണ്ടു പോയി രജിസ്റ്റർ മാരേജ് കഴിച്ചു. കോടതീം പോലീസും ഒക്കെ ഇടപെട്ടതാ. മറ്റവർക്ക് ദുരഭിമാനം. ഇരുപത്തിരണ്ടു വർഷമായിട്ടും ഒരുത്തനെപ്പറ്റി ഒരു വിവരോം ഇല്ലെങ്കി സാറിന് ഊഹിക്കാമല്ലോ – അവര് തീർത്തു കളഞ്ഞതാ. എന്നിട്ട് വന്ന് അവരടെ പെണ്ണിനെ വിളിച്ചോണ്ട് പോയി. ഇതാണ് സത്യം.”

“പക്ഷേ, അസോസിയേഷനീന്ന് പ്രഷർ വന്നിട്ടൊണ്ട്, പരാതിക്കാർക്ക് ഫേവറബിളായിട്ട് കൈകാര്യം ചെയ്യണമെന്ന്. മറ്റെയാളിന്റെ മകനെ ഫിനിഷ് ചെയ്തതിനും അവരുടെ പെണ്ണിനെ വാനിഷ് ചെയ്തതിനും തെളിവില്ലല്ലോ. ഇവരാ കുടുങ്ങാൻ പോകുന്നെ.”

“അല്ല സാറെ ഞാനീ കേസൊന്നു പഠിച്ചാരുന്നു. പെണ്ണിന്റെ വീട്ടുകാര് ഒരു കോമാളിത്തരം കാണിച്ചുവെച്ചിട്ടൊണ്ട്. ആ പെണ്ണ് ഗർഭിണിയായിരുന്നു. അവരവളെ പോണ്ടിച്ചേരീ കൊണ്ടുപോയി പ്രസവിപ്പിച്ച് കൊച്ചിനെ എടുത്തു കളഞ്ഞു.”

“അന്നത്തെ കാലമല്ലേ. തെളിവൊന്നുമില്ലല്ലോ.”

“തെളിവൊണ്ട് സാറെ. ആ കളഞ്ഞ കൊച്ച് ജീവിച്ചിരിക്കുന്നു. അതിന് ഇരുപത്തൊന്നു വയസ്സ് കഴിഞ്ഞു. തന്തയേം തള്ളയേം അന്വേഷിച്ച് നടക്കുകയാ അത്.” സി.ഐ. സാബു വർഗീസ് വിശ്വാസം വരാത്തപോലെ എൽദോസിന്റെ കണ്ണിലേക്കു നോക്കി.

“ഇവിടെ വന്നിട്ടുണ്ടാരുന്നു – ആ പെൺകുട്ടിയും അതിനെ അഡോപ്റ്റ് ചെയ്തയാളും അവളെ കല്യാണം കഴിക്കാൻ പോകുന്ന ആളുംകൂടി. അന്നും അവർക്കെതിരെ ഒരു കള്ളപ്പരാതി കിട്ടി.'' എൽദോസ് ആ സംഭവം സാബു വർഗീസിനോടു വിസ്തരിച്ചു പറഞ്ഞു. എന്നിട്ടൊരു സൂചനയും നൽകി.

“അയാളിതൊക്കെ പത്രത്തിലെഴുതും. ശരിക്കും പോലീസും കോടതിയുമൊക്കെ ഇടപെടേണ്ടിവരും. നമ്മളെന്തിനാ നമ്മുടെ പേരു ചീത്തയാക്കുന്നെ. പൊതുജനങ്ങളുടെ അഭിപ്രായം അവർക്കെതിരായിട്ട് തിരിയും.”

“അപ്പോ അവര് മാളവികയെ ഇവിടുന്നു കൂട്ടിക്കൊണ്ടു പോയെന്നുള്ളത് സത്യമാണല്ലേ.”

“അല്ലെങ്കിലെങ്ങനെ പോണ്ടിച്ചേരിയിൽ മാളവികയുടെ പ്രസവം നടക്കും. അവളുടെ അമ്മാവൻ പോണ്ടിച്ചേരി കസ്റ്റംസിലുണ്ടാരുന്നു അക്കാലത്ത്. അയാൾ ഫാമിലിയായിട്ട് അവിടെയാണ് താമസം.”

“ഓകെ. ഇപ്പോ എല്ലാം ക്ലിയറായി.”

“സാറിതെല്ലാം കണക്കിലെടുത്തോണ്ട് വേണ്ടപോലെ കൈകാര്യം ചെയ്താ മതി.”

“ശരി. താൻ പൊയ്ക്കോ.” എൽദോസ് എഴുന്നേറ്റ് ഓഫിസ്മുറിയിൽനിന്നു പോയി.

സി.ഐ. അവിടെയിരുന്ന് അൽപനേരം ആലോചിച്ചിട്ട് വേണുകുമാറിനെ വിളിച്ചു. എന്നിട്ടു പറഞ്ഞു:

“ശേഖരൻകുട്ടിയേം ഭാര്യേം ഹാളിന്റെ മൂലയ്ക്കെങ്ങാനും കൊണ്ടിരുത്ത്.”

“ആ സ്ത്രീക്കു പനിയാ സാറെ.”

“രണ്ടു പാരസെറ്റമോള് വാങ്ങി കൊടുക്കടോ.”

“സാർ...” വേണുകുമാർ പോയി.

അൽപം കഴിഞ്ഞപ്പോൾ സാബു വർഗീസിന്റെ ഫോണിലേക്ക് കോൾ വന്നു.

“ഹലോ... സി.ഐ. സാബു വർഗീസ് ഹിയർ.”

“അവരെ കിട്ടിയോന്നറിയാൻ വിളിച്ചതാ. തിരുവനന്തപുരത്തൂന്നാ...”

“ആ കിട്ടി സാർ.”

“എന്നിട്ട്?”

“ലോക്കപ്പ് ചെയ്തു.”

“രണ്ടുദിവസം കെടക്കട്ടെ. എത്ര വല്യ പ്രഷർ വന്നാലും വിട്ടയയ്ക്കണ്ട.”

“സാർ...”

“ഓകെ.” കോൾ കട്ടായി.

സി.ഐ. തലയ്ക്കു പിന്നിൽ കൈകൾ പിണച്ച് ചാരിക്കിടന്നു.

*** *** ***

ഹേമചന്ദ്രൻ കാറോടിച്ച് കല്ലാറ്റുപടിക്കലെത്തിയപ്പോൾ അവിടെ ബാലകൃഷ്ണമേനോനൊപ്പം ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും ഉണ്ടായിരുന്നു. ചെന്നപാടെ ഹേമചന്ദ്രൻ പറഞ്ഞു.

“പെരിയാർവാലീന്ന് അവരെ പൊക്കി.”

“എന്നിട്ട്?” ഹരീന്ദ്രൻ ചോദിച്ചു.

“ലോക്കപ്പ് ചെയ്തു.”

“ഇത്ര പെട്ടെന്ന്?”

“അതിനൊക്കെ നമ്മടെ കയ്യിൽ ആളൊണ്ട് ഹരീ. ഇനി അവനെക്കൂടി പൊക്കണം.”

“ആരെ?”

“അനിബാബു. ഈസിയാ. അവന്റെ ക്രൈംലിസ്റ്റ് നീണ്ടുപരന്നു കിടക്കുവല്ലേ.”

“അവനെവിടെയൊണ്ട്?”

ബാലകൃഷ്ണമേനോൻ തിരക്കി.

“ഇന്നലെ മുണ്ടക്കയത്തൊണ്ടാരുന്നു. ലോഡ്ജിൽ മുറിയെടുത്തിട്ട് ബൈക്ക് അവിടെ വെച്ച് ഓട്ടോയിൽ കയറിപ്പോയിട്ടാണ് അവൻ പെരുവന്താനം സ്റ്റേഷനിൽ കംപ്ലെയ്ന്റ് കൊടുത്തത്. നമ്മുടെ ആൾ അവനെ കൃത്യമായിട്ട് ഫോളോ ചെയ്യുന്നൊണ്ട്.”

“ഇപ്പോ അവനെവിടെയാ?” ഹരീന്ദ്രൻ ചോദിച്ചു.

“ലോഡ്ജീന്നു പോന്നു. മണിമല ഭാഗത്തൊക്കെ കറങ്ങുന്നുണ്ട്. അവന്റെ പഴയ വീടിരുന്ന സ്ഥലത്ത് പോയി. അവന്റെ പഴയ ചില പരിചയക്കാരെയൊക്കെ കണ്ടു. പൊൻകുന്നത്ത് ഒരു ലോഡ്ജിൽ മുറിയെടുത്തിട്ടൊണ്ട്.”

“മണിമല വന്നപ്പോ പോലീസിനെക്കൊണ്ട് കസ്റ്റഡീൽ എടുപ്പിക്കാമായിരുന്നില്ലേ?” ജഗന്നാഥക്കുറുപ്പ് ആരാഞ്ഞു.

“മണിമല പോലീസിന് ഒരങ്കലാപ്പുണ്ട്. എസ്.പി. ഓഫീസീന്ന് രണ്ടു തവണ വാണിങ് കിട്ടിയതുകൊണ്ടാ... ഞാൻ പൊൻകുന്നം പോലീസുമായിട്ട് സംസാരിച്ചു വെച്ചിട്ടുണ്ട്. അവൻ മണിമല വന്നതു നന്നായി. അവനെ കുടുക്കാൻ പറ്റിയ ഒരു കേസ് ഞാൻ ഫോം ചെയ്യുന്നുണ്ട്. ഒന്നുകിൽ ലോഡ്ജിൽ ചെന്നു കസ്റ്റഡീലെടുക്കും. ഇന്നു രാത്രി അവൻ എങ്ങോട്ടെങ്കിലും യാത്ര തിരിക്കുന്നുണ്ടെങ്കി യാത്രയ്ക്കിടയിൽ വളഞ്ഞു പിടിക്കും.”

“ഒരു സമാധാനവുമില്ല ഹേമചന്ദ്രാ, ഒറങ്ങീട്ട് ദിവസങ്ങളായി. അതുകൊണ്ടാ ഇങ്ങോട്ടു വന്നെ.”

ജഗന്നാഥക്കുറുപ്പ് ആവലാതിപ്പെട്ടു.

“നിങ്ങൾ ധൈര്യമായിട്ട് വീട്ടിൽ പോ. അവന്റെ കാര്യം ഞാനേറ്റു.” ഹേമചന്ദ്രൻ സാന്ത്വനപ്പെടുത്തി. “നല്ലൊന്നാന്തരം കളിയാ ഞാൻ കളിക്കുന്നെ. നമ്മളെ ആരും ഒന്നും ചെയ്യാനില്ല. അതാദ്യം വിശ്വസിക്ക്.”

ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനും അത് വിശ്വാസത്തിലെടുത്ത് അൽപ സമാധാനത്തോടെ മങ്ങോട്ടുശ്ശേരിക്ക് തിരിച്ചു പോയി. സന്ധ്യ കഴിഞ്ഞപ്പോൾ ഹേമചന്ദ്രൻ പൊൻകുന്നത്തേക്കു പോയി. ബസ് സ്റ്റാൻഡിനു സമീപം കാറൊതുക്കിയിട്ട് പൊൻകുന്നം പോലീസിന്റെ സന്ദേശം കാത്തു കിടന്നു. പത്തുമണി കഴിഞ്ഞപ്പോൾ സ്റ്റേഷൻഹൗസ് ഓഫിസറുടെ വിളിവന്നു.

“അവൻ ലോഡ്ജീന്ന് ഇറങ്ങി. മുറി ചെക്കൗട്ട് ചെയ്തു. പാലാ ഭാഗത്തേക്കാണ് അവന്റെ നീക്കം.”

“ശരി ഫോളോ ചെയ്യൂ. ഞാൻ ടൗണിലുണ്ട്. പുറകെ എത്തിക്കോളാം.” “ലോഡ്ജിൽ നിന്നു ബൈക്കെടുത്ത് പ്രശാന്ത് നഗർ വഴിയാ പോയിരിക്കുന്നത്.”

“ഓകെ. പൈകയ്ക്ക് ഇപ്പുറത്തുവെച്ച് പിടിക്കണം.” ഹേമചന്ദ്രൻ നിർദേശിച്ചു.

കൂരാലി ജംക്ഷനിൽവെച്ച് പോലീസ് ജീപ്പ് അനിബാബുവിന്റെ ബൈക്കിനെ ഓവർടേക്ക് ചെയ്തു.

ബൈക്കിനു കുറുകെ ജീപ്പ് നിർത്തി പോലീസുകാർ ചടുപിടുന്നനെ ഇറങ്ങി. ബൈക്കിന്റെ വലതുഭാഗത്ത് ഹേമചന്ദ്രന്റെ കാറും വന്നു നിന്നു.

(തുടരും)

# പത്മജയെ ബി.ജെ.പിയിലെത്തിച്ചത് മുൻ ഡി.ജി.പി. ബെഹ്റ: കെ. മുരളീധരൻ

തിരുവനന്തപുരം: പത്മജയെ ബി.ജെ.പി. പാളയത്തിലെത്തിക്കാൻ ഇടപെട്ടത് മുൻ ഡിജിപി ലോക്നാഥ് ബെഹ്റയെന്ന് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. ബെഹ്റയ്ക്ക് തങ്ങളുടെ കുടുംബവുമായി അടുത്ത ബന്ധമാണ്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ആയിരുന്നു ബെഹ്റ.

അന്നുമുതൽ തന്റെ കുടുംബാംഗങ്ങളോട് ബെഹ്റയ്ക്ക് നല്ല സൗഹൃദവും ബന്ധവുമുണ്ട്. ഈ ബന്ധമാണ് പത്മജയെ ബിജെപിയിലെത്തിക്കാൻ ബെഹ്റ ഉപയോഗിച്ചതെന്നും മുരളീധരൻ ആരോപിച്ചു. ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിലാണ് മുരളീധരൻ ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. ബിജെപിയുടെ സിറ്റിംഗ് സീറ്റ് നേമത്ത് നഷ്ടപ്പെട്ടതിൽ അവർക്ക് തന്നോട് പകയുണ്ട്. ഇക്കാരണങ്ങളാലാണ് പത്മജയെ ബിജെപി പാളയത്തിലെത്തിക്കാൻ കാരണമെന്നും മുരളീധരൻ പറഞ്ഞു. പത്മജ പ്രചാരണത്തിനിറങ്ങിയാൽ കോൺഗ്രസിന് ജോലി എളുപ്പമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

കെ. മുരളീധരന്റെ ആരോപണത്തെ പിന്തുണച്ച് കെ.സി. വേണുഗോപാലും രംഗത്തെത്തി. പത്മജയ്ക്കായി ചരടുവലിച്ചത് ബെഹ്റയാണെന്നതിന് തെളിവുകളുണ്ടെന്ന് കെ.സി. വേണുഗോപാൽ പറഞ്ഞു. അതേസമയം ആര് ഇടനില നിന്നാലും കെ. കരുണാകരന്റെ മകൾ ബിജെപിയിൽ പോകാൻ പാടുണ്ടോയെന്ന് സിപിഎം നേതാവ് എം.വി. ജയരാജൻ ചോദിച്ചു.

വ്യക്തിയുടെ ഇടപെടലുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. ആരെങ്കിലും പറഞ്ഞെന്ന പേരിൽ പത്മജ ബിജെപിയിൽ പോകാൻ പാടുണ്ടോ? ബെഹ്റയെക്കാൾ വലിയൊരാൾ പറഞ്ഞാൽ മുരളി ബിജെപിയിൽ പോകുമോയെന്നും ജയരാജൻ ചോദിച്ചു. പത്മജ ബിജെപിയിൽ പോകാൻ കാരണക്കാരൻ ആയത് കേരളത്തിൽ സർക്കാർ സ്ഥാപനത്തിന്റെ പദവിയിലിരിക്കുന്ന മുൻ ഐപിഎസ് ഉദ്യോഗസ്ഥൻ ആണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നേരത്തെ ആരോപണമുന്നയിച്ചിരുന്നു.

സിപിഎമ്മും ബിജെപിയും തമ്മിലുള്ള അന്തർധാരയുടെ ഭാഗമായാണ് പത്മജയെ ബിജെപിയിലേക്ക് എത്തിച്ചതെന്നും പിണറായി വിജയനാണ് അതിനുവേണ്ടി പ്രവർത്തിച്ചതെന്നും വി.ഡി. സതീശൻ ആരോപണമുന്നയിച്ചിരുന്നു.

അതേസമയം വടകര വിട്ട് തൃശൂരിലേക്ക് മത്സരിക്കാനെത്തുന്ന കെ. മുരളീധരന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമായി. തൃശൂരിലെത്തുന്ന മുരളീധരന് ഡിസിസി സ്വീകരണം ഒരുക്കിയിട്ടുണ്ട്.

ഇതിനുശേഷം റോഡ് ഷോ നടത്തിക്കൊണ്ടാകും മണ്ഡലത്തിലെ പ്രചരണത്തിന് കെ. മുരളീധരൻ തുടക്കം കുറിക്കുക.

## ഹിന്ദു യുവതിക്ക് ക്രിസ്ത്യൻ പേര്; വിവാഹച്ചടങ്ങിന് വിസമ്മതിച്ച് ക്ഷേത്രം

ചെന്നൈ: വധുവിന് ക്രിസ്ത്യൻ പേരാണെന്ന കാരണം ചൂണ്ടിക്കാട്ടി ഹിന്ദു യുവതിയുടെ വിവാഹം നടത്താൻ ക്ഷേത്രം അധികൃതരും പൂജാരിമാരും വിസമ്മതിച്ചു. ഇതിൽ പ്രതിഷേധിച്ച് വധൂവരന്മാർ ക്ഷേത്രത്തിനു പുറത്തുവെച്ച് താലിചാർത്തി. തൂത്തുക്കുടി ജില്ലയിലെ പണയൂർ സ്വദേശി കെ. കണ്ണനും തരുവൈക്കുളം സ്വദേശി എം. ആന്റണി ദിവ്യക്കുമാണ് ശങ്കരരാമേശ്വരർ ക്ഷേത്രത്തിൽ ദുരനുഭവം നേരിടേണ്ടിവന്നത്.

ആന്റണി ദിവ്യ ഹിന്ദുവാണെന്ന് ബന്ധുക്കൾ അവകാശപ്പെട്ടെങ്കിലും സ്കൂളിൽ നിന്നു നല്കിയ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ അവർ ക്രിസ്ത്യാനിയാണെന്നാണ രേഖപ്പെടുത്തിയതെന്ന് ക്ഷേത്രം അധികൃതർ പറഞ്ഞു. ക്ഷേത്രത്തിനകത്തു വെച്ച് വിവാഹം നടത്തരുതെന്ന് നേരത്തെ നിർദേശം നല്കിയിരുന്നുവെന്നും ഇതു വകവെക്കാതെ പൂജാരിമാരോട് വിവാഹച്ചടങ്ങുകൾ നടത്തിക്കൊടുക്കാൻ ആവശ്യപ്പെടുകയായിരുന്നെന്നും ഭാരവാഹികൾ പറഞ്ഞു.

എന്നാൽ, ആന്റണി ദിവ്യയുടെ രക്ഷിതാക്കൾ ഇതു നിഷേധിച്ചു. ദിവ്യ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിൽ പഠിച്ചുവെന്നേയുള്ളുവെന്ന് ബന്ധുവായ രാജേന്ദ്രൻ പറഞ്ഞു. ദിവ്യയുടെ മാതാപിതാക്കളുടെ പേര് മുരുകൻ എന്നും രേവതിയെന്നുമാണ്.

രേഖകളിലൊക്കെ അവൾ ഹിന്ദുവാണ്. സംഭവത്തിൽ തങ്ങൾ കോടതിയെ സമീപിക്കുമെന്നും രാജേന്ദ്രൻ പറഞ്ഞു.

## തലമുറകളുടെ സംഘർഷം

(19-ാം പേജിൽനിന്നും)

പരിമിതിയിൽ അവരെ ഇവിടെ എത്തിച്ച സഹോദരങ്ങളുടെ തുച്ഛ വരുമാനത്തിൽ, മറ്റു സഹോദരങ്ങളെയും മറ്റും കരകയറ്റിയത്. അവർ കുറച്ചു കഴിഞ്ഞ് സ്വന്തം കാലിൽ നിൽക്കാറാകുമ്പോൾ മറക്കുകയും കഷ്ടപ്പെട്ടു കുടുംബത്തിനുവേണ്ടി ത്യാഗം സഹിച്ചവരെ മറക്കുകയും ചെയ്യുന്നതു സർവ്വസാധാരണമാണ്. 1970-കളിൽ ഇവിടെ എത്തിപ്പറ്റിയവർ അനുഭവിച്ച ത്യാഗവും കഷ്ടപ്പാടും ഇന്നു വരുന്നവരിൽ നിന്നും വിഭിന്നമാണ്.

'ഉച്ചത്തിലേറ്റിയോരേണിപ്പടികളെ

പുച്ഛമായ് നോക്കുന്നോരാണിന്നധികവും'

'മമ്മിക്കു ഡ്യൂട്ടിയൊഴിഞ്ഞില്ല നേരം,

ഡാഡിക്കു ജോലിയും നാട്ടുകാര്യോം

മക്കൾക്കു കൂട്ടിനു ടി.വി. മാത്രം

ഭക്ഷണം ഹാംബർഗർ, ഹോട്ട് ഡോഗു, പീറ്റ്സാ,

ഡാഡിയേം മമ്മിയേം ഒന്നിച്ചു കാണാൻ

സ്നേഹത്തിൻ മാധുരും തെല്ലൊന്നു കിട്ടാൻ

വേഴാമ്പൽ പോലെ കേഴുന്നു മക്കൾ.

അച്ഛനുമമ്മയും മക്കളുമൊത്ത്

പ്രാർത്ഥിക്കാൻ നേരമിന്നെത്രപേർക്കുണ്ട്?

അച്ഛനേമമ്മയേം വല്ലപ്പോഴും കണ്ടാൽ

താക്കീതും ശകാരോം മാത്രമേമിച്ചം'

എന്നു നിരാശപ്പെടാൻ ഇടവരാതെ ശ്രദ്ധിച്ചാൽ ദുഃഖിക്കേണ്ടി വരികയില്ല. മക്കളൊരുമിച്ച് ഒരു നേരമെങ്കിലും ഒരുമിച്ചു ഭക്ഷണം കഴിക്കയും പ്രാർത്ഥിക്കയും സംസാരിക്കയും ചെയ്താൽ നഷ്ടസ്മൃതികൾ നമ്മെ പിൽക്കാലത്ത് അലട്ടുകയില്ല. മക്കളുടെ മുമ്പിൽവെച്ച് മാതാപിതാക്കൾ പരസ്പരം സ്നേഹത്തോടെ പെരുമാറുകയും പരസ്പരം ബഹുമാനിക്കയും സത്യസന്ധത പുലർത്തുകയും ചെയ്യുന്നത് കുടുംബഭദ്രത വളർത്തുന്ന പ്രധാന ഘടകമാണ്. മുഹമ്മദ് നബി പറഞ്ഞു 'മനുഷ്യൻ തന്റെ കോപത്തെ തടഞ്ഞുവെച്ചാൽ ദൈവം തന്റെ ശിക്ഷകളെ തടയുന്നതാണ്.'

'അച്ഛനമ്മമാർ തീർക്കും ഗാർഹസ്ത്യപ്പറുദീസ

അച്ഛസ്ഫടിക ജലധാരയായ് നിലകൊൾകിൽ

ഇച്ഛപോലോടിവന്നാ ശീതളച്ഛായ പുൽകാൻ

വാഞ്ഛരിക്കും മക്കൾക്കതു നിസ്വാർത്ഥ സ്നേഹതീർത്ഥം'

പുതിയ തലമുറക്കുവേണ്ടി ഭാവി കരുപ്പിടിപ്പിക്കുവാൻ എപ്പോഴും നമുക്കു കഴിഞ്ഞെന്നു വരില്ല. എന്നാൽ ഭാവിയിലേക്കുള്ള യുവതലമുറയെ നമുക്കു കരുപ്പിടിപ്പിക്കുവാൻ ഒരു പരിധി വരെ കഴിയും.

## ഭൂമിയിലും ആകേണമേ

(22-ാം പേജിൽനിന്നും)

ലോകത്തിലെ സകലരുടെയും പാപം അവന്റെമേൽ ചുമത്തി കാൽവരിയിൽ അർപ്പിച്ചത് അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനായിരുന്നു.

ഒരു മനുഷനും നരകത്തിലേക്കു പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ മുമ്പാകെ എല്ലാവരും പാപികളാകുന്നു. അവരെ പാപത്തിൽ നിന്ന് രക്ഷിപ്പാനുള്ള ഏകമാർഗ്ഗം കർത്താവായ യേശുവിൽ വിശ്വസിച്ച് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ തങ്ങളുടെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ദൈവത്തിലേക്ക് തിരിച്ചുവരുക എന്നതു മാത്രമാകുന്നു. ദൈവകൃപയാലേ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനം പ്രാപിച്ചവർ ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിക്കുന്നു. ക്രിസ്തുവിശ്വാസികൾ ലോകമാകമാനം ഘോഷിക്കുന്ന സുവിശേഷം, അതു കേട്ടിട്ടും വിശ്വസിക്കാതെ തങ്ങളുടെ പാപത്തിൽ ജീവിക്കുന്നവർക്ക് നരകന്യായവിധിയല്ലാതെ മറ്റൊന്നുമില്ല. ദൈവപുത്രൻ മനുഷ്യനായി അവതരിച്ച് ഈ ലോകത്തിൽ ജീവിച്ച്, ലോകത്തെ രക്ഷിപ്പാനായി ക്രൂശുമരണം സ്വയം ഏറ്റെടുത്ത് മരിച്ച് അടക്കപ്പെട്ടു. മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് പോയപ്പോൾ തന്നിൽ വിശ്വസിക്കുന്നരെ തന്നോടുകൂടെ ചേർക്കാൻ വീണ്ടും വരും എന്നു വാഗ്ദാനം ചെയ്തിട്ടാണ് പോയിരിക്കുന്നത്. അതു വിശ്വസിച്ചു കാത്തിരിക്കുന്ന ദൈവമക്കളുടെ ആഗ്രഹവും പ്രാർത്ഥനയും കർത്താവേ നിന്റെ രാജ്യം വേഗം വരേണമേ എന്നാകുന്നു. കർത്താവ് വന്ന് തന്റെ മക്കളെ തന്നോട് ചേർത്തുകഴിഞ്ഞാൽ പിന്നെ ദൈവത്തിന്റെ ക്രോധകലശം ഈ ഭൂമിയിൽ ചൊരിയും. ഈ ഭൂമി ദുഷ്ടന്മാരോടുകൂടെ വെന്തെരിയപ്പെടും. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടും. അവിടെ നീതിമാന്മാർ മാത്രം ദൈവത്തോടുകൂടെ വാഴും. അതിനകം എല്ലാവരും മാനസാന്തരപ്പെടണം എന്നു തന്നെയാണ് ദൈവഹിതം.

## ഗവർണർ പുറത്താക്കി

(6-ാം പേജിൽനിന്നും)

പാനൽ ചാൻസലർക്കു നൽകണമെന്നാണു ചട്ടം. മൂന്നുപേരുകൾ ഇല്ലാത്തതിനാലാണ് സാങ്കേതിക സർവകലാശാലാ വി.സി. സ്ഥാനത്തുനിന്നു ഡോ. എം.എസ്. രാജശ്രീയെ സുപ്രീം കോടതി പുറത്താക്കിയത്. ഈ വിധിയിൽ സർക്കാരുമായി ബന്ധപ്പെട്ടവർ സമിതിയിൽ ഉണ്ടാകരുതെന്നും കോടതി വ്യക്തമാക്കിയിരുന്നു. കാലിക്കറ്റ് വി.സി. തെരഞ്ഞെടുപ്പ് സമിതിയിൽ ചീഫ് സെക്രട്ടറിയും ഉൾപ്പെട്ടിരുന്നു.

ഡിജിറ്റൽ, ഓപ്പൺ വി.സിമാരെ സർവകലാശാലയിൽ ആദ്യ വി.സിമാർ എന്ന നിലയിൽ സർക്കാർ നേരിട്ടു നിയമിച്ചതുകൊണ്ട് അവർക്കു നിയമപരമായ സംരക്ഷണം ഉണ്ടെന്നാണു വാദം. ഇക്കാര്യത്തിൽ യു.ജി.സിയുടെ മറുപടി ലഭിച്ചശേഷമാകും തീരുമാനം.

യു.ജി.സി. പ്രതിനിധിയെ ഒഴിവാക്കി നടത്തിയ വെറ്ററിനറി വി.സി. നിയമനം ചട്ടവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും ഗവർണർ അദ്ദേഹത്തിനു നോട്ടീസ് നൽകിയിരുന്നില്ല. അദ്ദേഹത്തെയാണ് വിദ്യാർത്ഥിയുടെ അസ്വാഭാവിക മരണത്തെത്തുടർന്ന് സസ്പെൻഡ് ചെയ്തത്. നോട്ടീസ് ലഭിച്ച കേരള, എം.ജി., കുസാറ്റ്, മലയാളം സർവകലാശാലാ വി.സിമാർ വിരമിച്ചു. കണ്ണൂർ, ഫിഷറീസ് വി.സിമാർ കോടതി വിധിയിലൂടെ പുറത്തായി. കാർഷിക വി.സി. കാലാവധി പൂർത്തിയാക്കി.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA MasterCard DISCOVER



# FOKANA's 21st National Convention 2024

## July 18 to 20

**Venue: Montgomery County Conference Center, 5701 Marinelli Rd, North Bethesda, MD 20852**

We invite you to be a part of this historic event by taking advantage of our early bird registration fees:

**- Family (2 adults and kids): $999**
**- 2 Adults: $699**
**- Individual: $599**

Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:

**- Family (2 adults and kids): $1499**
**- 2 Adults: $1099**
**- Individual: $899**

**ONE FOKANA Forever**



DR. BABU STEPHEN
**President**



DR. KALA SHAHI, MD.PHD
**General Secretary**



MR. BIJU JOHN
**Treasurer**



JOHNSON THANKACHAN
**Convention Chair**

**Kala Shahi**
Secretary
**2023598427**

**Biju John**
Treasurer
**(516) 445-1873**

**Johnson Thankachan**
Convention Chair
**8049311265**

# ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിന്റെ

# പുനർ കൂദാശാകർമ്മം

## മാർച്ച് 16 ശനിയാഴ്ച 10.15 am-ന്

പ്രിയ ദൈവജനമേ,

ക്നാനായ റീജിയണിലെ ആദ്യ ദൈവാലയമായ
ചിക്കാഗോ മെയ്‌വുഡ് സേക്രഡ് ഹാർട്ട്
ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയം
ചിക്കാഗോ ബെൻസൻ വില്ലിലേയ്ക്ക്
ഈ വരുന്ന മാർച്ച് 16 – ന് ശനിയാഴ്ച ഔദ്യോഗികമായി
മാറ്റി സ്ഥാപിക്കപ്പെടുകയാണ്.
തിരുഹൃദയ ഇടവക കുടുംബത്തിന്റെ ഏറെ
അനുഗൃഹീതമായ പുനർ കൂദാശാകർമ്മത്തിൽ
ഇടവകജനത്തോടൊപ്പം ദൈവത്തിന്
നന്ദി അർപ്പിക്കുവാൻ എല്ലാവരെയും
ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. തോമസ് മുളവനാൽ**
(വികാരി)

**ഫാ. ബിൻസ് ചേത്തലിൽ**
(അസി. വികാരി)




### പ്രോഗ്രാം

10.10 am – വിശിഷ്ടാതിഥികൾക്ക് സ്വീകരണം
10.15 am – പ്രദക്ഷിണം
10.30 am – പുനർ കൂദാശാകർമ്മം
12.30 pm – പൊതുസമ്മേളനം
1.00 pm – സ്നേഹവിരുന്ന്



ആർച്ച് ബിഷപ്
മാർ മാത്യു മൂലക്കാട്ട്




ബിഷപ്
മാർ ജോയി ആലപ്പാട്ട്



ബിഷപ് മാർ ജേക്കബ്
അങ്ങാടിയത്ത്



ബിഷപ്
റൊണാൾഡ് ഹിക്സ്



ഫാ. തോമസ് മുളവനാൽ
(വികാരി)



ഫാ. ബിൻസ് ചേത്തലിൽ
(അസി. വികാരി)

### കൈക്കാരന്മാർ



തോമസ്
നെടുവാമ്പുഴ



ജെൻസൺ
ഐക്കരപറമ്പിൽ



കിഷോർ
കണ്ണാല




സാബു
മുത്തോലം



മത്ത്യാസ്
പുല്ലാപള്ളി



സണ്ണി മുത്തോലം
(അക്കൗണ്ടന്റ്)



ലിൻസ് താന്നിച്ചുവട്ടിൽ
(പി. ആർ. ഒ)

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**